Govt. Arts & Science College

# RESEARCH JOURNAL

Vol 7 • Issue 1 • January 2016

## കേരളപഠനങ്ങൾ

Essays on Kerala

Editor: Dr. Sajeev. P.V
Dept. of Malayalam

Govt. Arts & Science College
Kozhikode-18

**Govt. Arts & Science College**
**RESEARCH JOURNAL**
(Bi-annual)
**Vol. 7, Issue 1, January 2016**
ISSN: 2277-4246
Peer Reviewed

**Advisory Board**

Dr. K.N. Panikkar
Dr. M.R. Raghavavarier
Dr. T.B. Venugopalapanicker
Prof. T.P. Kunhikannan
Dr. A.T. Mohanraj
Dr. C.R. Rajagopalan

**Editorial Board**

M.K. Ramesh Babu
I.K. Imbichikoya
E. Sreejith
Dr. V. Jilesh
Dr. Nidhin Paul
Dr. P.K. Renjana
Dr. P. Sheena
K.U. Manojkumar
M.K. Usman

**Managing Editor**

Prof. M. Sreenivasan

**Editor**

Dr. P.V. Sajeev

**Subscription Rates**

Single Copy ₹ 200.
Annual Subscription: ₹ 350
For Students: Single Copy ₹ 150.
Annual Subscription: ₹ 250

This publication is funded by a generous grant from The Parent and Teachers Association-2015-16, GASC, Kozhikode

@ All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles.
Book Layout & Cover design: De_design, Kozhikode. Printed at Friends Offset
Published by Prof. M. Sreenivasan, Principal, Govt. Arts & Science College, Kozhikode

# Contents

## പ്രബന്ധങ്ങൾ

13 രാഷ്ട്രീയക്കൂറ് പതിനെട്ടാം നൂറ്റാണ്ടവസാനം:
കടത്തനാട്ടിൽ നിന്നുള്ള നിരീക്ഷണങ്ങൾ
• Abhilash Malayil

47 Conceptualising 'Health' in Kerala:
An Excurse on Academic Discourse
• Sunitha B. Nair

79 From Traditional Authority and Colonial Domination to
New Social Dynamics: Has the Cosmic and
Social Space of *Teyyam* changed through time?
• Dinesan Vadakkiniyil

106 സ്ത്രീ, ശരീരം, പ്രതിനിധാനം:
നായികാനിർമ്മിതിയുടെ പകർന്നാട്ടങ്ങൾ
• R. Rajasree

146 Community and Communalism:
Understanding '*Marad*'
• Ramdas P.

169 Counter Voices to the Early British State:
Unni Mootta Mooppan and Chemban Pokker,
the Primitive Rebels from South Malabar
• Mujeebu Rehman. M.P

190 വെജ്/ നോൺവെജ്:
ആധുനികതയുടെ ഭക്ഷ്യപാകവിധികൾ
• Sajeev. P.V

202 Ezekiel Raby: Head of the Jewish Merchants
at Cochin and His Trade with the English Factory
at Tellicherry
• Arun Thomas M.

# Contents

219 മലയാളഭാഷയും
മലയാളഭാഷാസമൂഹവും
- ഭൗതികവാദപരമായ വിമർശനം
• P. Sreekumar

233 മോണിറ്റോറിയൽ സമ്പ്രദായം
അഥവാ മദ്രാസ് സിസ്റ്റം: ഒരു ചരിത്രാന്വേഷണം
• Sreejith. E

**പുസ്തക നിരൂപണം**

243 അടിമത്തത്തിന്റെ ചരിത്രം
അഥവാ ചരിത്രകാരന്മാരുടെ അടിമത്തം
• Shinas. A.M.

258 കേരളാധുനികതയെ
വായിക്കുമ്പോൾ
• Sreejith. K

# Foreword

With pleasure we present the 7th issue of Government Arts and Science College Research Journal. This issue is titled *Kerala Padanangal: Essays on Kerala*. It contains papers on various topics reflecting the contemporary research trends from the disciplines of history, culture, literature and economy. I hope that the academic community and general readers would respond postivily to this initiative.

Govt. Arts and Science College
30.1.2016

**Prof. M. Sreenivasan**
Principal

സാംസ്കാരികവിമർശകനും എഴുത്തുകാരനും
ദീർഘകാലം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ്
കോളേജിൽ അധ്യാപകനുമായിരുന്ന എ. സോമന്റെ
(1955–2001) ഓർമയ്ക്ക്...

# ആമുഖം

**കോ**ളനി അനന്തരവും കീഴാളവുമായ പഠനങ്ങളുടെ രംഗപ്രവേശത്തോടെ 1980-കളിൽ സാമൂഹികപഠനമണ്ഡലങ്ങളിൽ സംഭവിക്കുന്ന മാറ്റത്തോടെയാണ് 90-കളുടെ തുടക്കത്തിൽ കേരളത്തിന്റെ ധൈഷണികരംഗത്തും മാറ്റങ്ങൾ സംഭവിക്കുന്നത്. വ്യവസ്ഥാപിതമായ ചരിത്രസാമൂഹികവിശകലനങ്ങളിൽനിന്ന് മാറി കല,സാഹിത്യം, സിനിമ,ചരിത്രം,രാഷ്ട്രീയം എന്ന് വേർതിരിച്ച് മനസ്സിലാക്കപ്പെട്ടതും വിശകലനം ചെയ്യപ്പെട്ടതുമായ വിഷയമേഖലകൾ ഒരു പുതിയ ജ്ഞാനവിഷയമായി ഈ പഠനങ്ങളിൽ പുനകേന്ദ്രീകരിക്കപ്പെടുന്നു.സാമൂഹികപരിഷ്കരണം,നവോത്ഥാനം,ദേശീയത,സ്ത്രീവാദം, ദളിത്രാഷ്ട്രീയം തുടങ്ങി കേരളത്തിലെ ആധുനികതയെ മുൻനിർത്തി സൂക്ഷ്മമായ നിരവധി ആലോചനകൾ അക്കാദമികവും അനക്കാദമികവുമായ രംഗത്ത് അതോടെ സജീവമായി. കേരളത്തിൽ 80-കളോടെ സജീവമായ നവമാർക്സിസ്റ്റു സാമൂഹ്യവിചാരത്തിലും പിന്നീട് കെ.ടി.റാംമോഹൻ എഡിറ്റുചെയ്തു പുറത്തിറക്കിയ *കേരളപഠനങ്ങൾ* പോലുള്ള പരമ്പരയിലും അന്വേഷണങ്ങളുടെ അത്തരം നിരവധിയായ തുറസ്സുകൾ സൃഷ്ടിക്കപ്പെട്ടു. ഫിലിപ്പ് സറില്ലി മുതൽ ഫിലിപ്പോ ഒസല്ലോ വരെയുള്ള കേരളത്തിലും പുറത്തുമുള്ള ഗവേഷകരുടെ മുഖ്യതാല്പര്യമായി മാറിയ കേരളത്തിലെ സംസ്ക്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾ മുതൽ എം. എസ്. എസ്.പാണ്ഡ്യനും

എം മുരളീധരനും ഉൾപ്പെടെയുള്ള അക്കാദമിക് ജൈവബുദ്ധി ജീവികളടെ അന്വേഷണങ്ങളും തൊണ്ണൂറുകളിൽ കേരളത്തിന്റെ ധൈഷണികരംഗത്തെ ഉന്മേഷകരമാക്കി.

എന്നാൽ ബൗദ്ധികരംഗത്ത് നവലിബറൽനയങ്ങൾ വിള്ളൽ വീഴ്ത്തിയതോടെ അത്തരം പഠനങ്ങൾക്ക് പിൽക്കാലത്ത് തുടർച്ചയോ അവ പുലർത്തിയ രാഷ്ട്രീയമായ ജാഗ്രതയോ അതേ അളവിൽ സൂക്ഷിക്കാനായില്ല.അത്യന്തം വിധ്വംസകരമായിരുന്ന അത്തരം പഠനങ്ങൾ വായിച്ചതിന്റെ ഒരു നൊസ്റ്റാൾജിക് അംശം ഈ സംരംഭത്തിനു പിന്നിലുണ്ട്. അത് അതേപടി പുനസൃഷ്ടിക്കാവുന്ന ഒരു കാലമോ സാഹചര്യമോ ഇനി കടന്നുവരികയോ, അതിന്റെ ആവശ്യം തന്നെയോ ഇല്ല. ചിതറപ്പെട്ട നിലയിലെങ്കിലും, വിസ്തൃതമാണ് ഇന്ന് കേരളത്തെ ഫോക്കസ് ചെയ്ത് നടക്കുന്ന പഠനങ്ങൾ. പ്രിന്റ് കാലത്തിന്റെ പരിമിതികൾ ഇന്ന് അവയുടെ ലഭ്യതയെ തടയുന്നുമില്ല. സംസ്കാരപഠനങ്ങൾ എന്ന് വ്യവഹരിക്കപ്പെടുന്ന ഗണത്തിൽ വരുന്ന അധികാരവിരുദ്ധവും വിധ്വംസകവുമായ അത്തരം പഠനങ്ങൾ  ഉൾവഹിക്കുന്ന രാഷ്ട്രീയം ആ അളവിൽ മലയാളി അക്കാദമിക് സമൂഹം അഭിമുഖീകരിച്ചിട്ടില്ല.

ഗവേഷണവും പഠനവും ദൈനംദിന ജീവിതത്തിൽനിന്നും അതിന്റെ നാനാതരം പ്രയോഗങ്ങളിൽനിന്നും ഇന്ന് വേറിട്ട് നിൽക്കുന്നു. അക്കാദമികമായ ഗവേഷണവും അറിവും ജനകീയമായി തീരുന്ന ഒരു ഘട്ടത്തിലെ അതിന് പ്രവർത്തിക്കാനാവു. അക്കാദമികമായ  ശ്രദ്ധയും താല്പര്യങ്ങളും ഉള്ളപ്പോൾ തന്നെ അവയൊന്നും ഈ സമാഹാരത്തിലെ പ്രബന്ധങ്ങളുടെ രാഷ്ട്രീയം ചോർത്തിക്കളയുന്നില്ല.ആത്യന്തികമായി അധികാരവിരുദ്ധമായ അറിവുകളുടെ പക്ഷത്താണ് ഇതിലെ പ്രബന്ധങ്ങൾ നിലയുറപ്പിക്കുന്നത്.

മലയാളവും ഇംഗ്ളീഷും ഇടകലർന്നുവരുന്ന ഒരു ബൈലിംഗ്വൽ എഡിഷൻ എന്നത് മലയാളഭാഷയേയും അതിന്റെ വൈജ്ഞാനികവികാസത്തെയും സംബന്ധിച്ച ഒരു നിലപാടിന്റെ കൂടി പ്രശ്നം ഉയർത്തുന്നുണ്ട്. മലയാളത്തിൽ എഴുതുന്ന പഠനങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയെക്കുറിച്ച് സാമൂഹികശാ

സ്ത്രമേഖലകളിൽ  പ്രവർത്തിക്കുന്ന ചിലർക്കെങ്കിലും സന്ദിഗ്ധതയുണ്ട്.പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ കേരളത്തിൽ  ആധുനികബുദ്ധിജീവിവിഭാഗം രൂപപ്പെടുന്നതുമുതൽക്കുള്ള സന്ദിഗ്ധതയാണ് അത്. മലയാളത്തിൽ എഴുതുമ്പോൾ തന്നെ അധീശഭാഷയായ സംസ്കൃതത്തിലും ഇംഗ്ളീഷിലും അവർ ആധികാരികത തേടുന്നുണ്ട്. കേരളം ഭാഷയെ മുൻനിർത്തി ആധുനികമായ ഒരു ദേശീയതയെ വിഭാവനം ചെയ്യുന്ന ഘട്ടത്തിൽ അവർ മലയാളത്തിൽ അടിസ്ഥാനഗ്രന്ഥങ്ങൾ പോലും എഴുതുന്നു. ഭാഷയെക്കുറിച്ച് ഇന്ന് നടക്കുന്ന സംവാദങ്ങൾ കോളനിഅനുഭവത്തിന്റെയും അതു സൃഷ്ടിക്കുന്ന സ്വത്വസംഘർഷത്തിന്റെയും പദാവലിയിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഇംഗ്ളീഷിനെ അപേക്ഷിച്ച് ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് ഇന്ത്യൻഭാഷകളിൽ പഠനങ്ങൾ തേടിയാൽ ഇന്ത്യയിൽ ബംഗാളിഭാഷയിലും മറ്റും ഉണ്ടായതിന്റെ എത്രയോ അളവ് തുച്ഛമാണ് മലയാളത്തിൽ അതിന്റെ നില. കേരളീയരായ ബുദ്ധിജീവികളും,ഗവേഷകരും വൈജ്ഞാനിക ആവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കുമ്പോൾ മാത്രമേ ഭാഷ എന്ന നിലയിൽ അത് സമകാലികമാവുകയുള്ളു. ഇംഗ്ളീഷും മലയാളവും പരസ്പരം പൂരകമാവുന്ന ഒരു വിനിമയം വൈജ്ഞാനികമണ്ഡലത്തിൽ ഇന്ന് അനിവാര്യമാണ്.

കേരളത്തെ ഫോക്കസ് ചെയ്ത് ചരിത്രം,കല,സംസ്കാരം ഭാഷ, സാഹിത്യം സമ്പദ്ശാസ്ത്രം തുടങ്ങി പല ഡിസിപ്ളിനുകളിലായി നടക്കുന്ന പഠനങ്ങളുടെ ഒരു പരിച്ഛേദം അവതരിപ്പിക്കാനുള്ള ശ്രമമാണ് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് റിസർച്ച് ജേണലിന്റെ ഈ ലക്കം. *കേരളപഠനങ്ങൾ* എന്ന ശീർഷകത്തിൽ ഒരു പ്രത്യേകപതിപ്പായാണ് ഈ ലക്കം സംവിധാനം ചെയ്തിരിക്കുന്നത്. പത്ത് ലേഖനങ്ങളും രണ്ട് പുസ്തകനിരൂപണങ്ങളും ഉൾപ്പെടുന്ന ഈ പ്രബന്ധസമാഹാരം നമ്മുടെ ഗവേഷണ വൈജ്ഞാനിക മണ്ഡലങ്ങളിൽ വർത്തിക്കുന്നവരുടെ സാധ്യതകൾക്കൊപ്പം പരിമിതികളും മനസ്സിലാക്കാൻ സഹായിക്കും.

പതിനെട്ടാം നൂറ്റാണ്ടിലെ കേരളത്തെകുറിച്ചോ, ഇരുപതാം

നൂറ്റാണ്ടിലെ കേരളത്തിലെ ആരോഗ്യരംഗത്തെകുറിച്ചോ കേരളത്തിലെ കലയേയോ, ഭാഷയേയോ കുറിച്ചോ ഒക്കെ ചർച്ച ചെയ്യുമ്പോൾപോലും സാമൂഹികപഠനമണ്ഡലത്തിലെ ഏറ്റവും നവീനമായ അന്വേഷണങ്ങളും പരികല്പനകളും ഇതിലെ പല പഠനങ്ങളും പശ്ചാത്തലത്തിൽ നിർത്തുന്നുണ്ട്. പരസ്പരം കള്ളിതിരിഞ്ഞുനിന്നിരുന്ന വിജ്ഞാനവിഭാഗങ്ങൾ അവയുടെ അതിരുകൾ ഭേദിക്കുന്ന അന്തർവൈജ്ഞാനികത ഇത്തരം പഠനങ്ങളുടെ ഒരു പൊതുസവിശേഷതയായി നിൽക്കുന്നുണ്ട്. അന്തർവൈജ്ഞാനികം (interdisciplinary) എന്നാൽ വിഷയങ്ങളുടെ കൂടിക്കലരൽ അല്ല എന്നും അത് പുതിയ ഒരു ജ്ഞാനവിഷയം തന്നെയെന്നും ഇതിലെ ചില പ്രബന്ധങ്ങളെങ്കിലും പറയുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ മലബാറിനെ പ്രമേയമാക്കുന്ന മൂന്ന് ലേഖനങ്ങൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഭിലാഷ് മലയിൽ എഴുതിയ ആദ്യപ്രബന്ധം പൈമാശിരേഖകൾ ഉദ്ധരിച്ചുകൊണ്ട് പതിനെട്ടാം നൂറ്റാണ്ടിനെകുറിച്ചു വ്യവസ്ഥാപിതചരിത്രം കെട്ടിപ്പൊക്കിയ പ്രബലമായ ചരിത്രധാരണകളെ പൊളിച്ചെഴുതുന്ന ഒന്നാണ്. പൊതുവിൽ 'റിവിഷനിസ്റ്റ്' എന്ന് വിളിക്കപ്പെടുന്ന ചരിത്രരചനാ കാഴ്ചപ്പാടുപയോഗിച്ച് കമ്പനി ഭരണത്തിൻ കീഴിലേക്കുള്ള രാഷ്ട്രീയപരിണാമത്തെ വ്യത്യസ്തമായി വിശദീകരിക്കാനുള്ള ഒരു ശ്രമമാണ് ലേഖകൻ നടത്തിയിട്ടുള്ളത്. ഗവേഷണവിദ്യാർഥിയായ അരുൺ തോമസിന്റെ പഠനം 18-ാം നൂറ്റാണ്ടിലെ മലബാറിൽ സജീവമായി ഇടപെട്ടിരുന്ന ഇസക്കിയേൽ റബ്ബി എന്ന ജൂത വ്യാപാരിയെ പരിചയപ്പെടുത്തുന്നു. ഉണ്ണിമൂപ്പൻ, ചെമ്പൻ പോക്കർ തുടങ്ങിയ ആദ്യകാലറബലുകൾ കമ്പനി സ്റ്റേറ്റിനെതിരെ നടത്തിയ കലാപത്തിന്റെ സ്വഭാവം ചർച്ചചെയ്യുകയാണ് എം.പി മുജീബുറഹ്മാൻ എഴുതിയ പഠനം. ആദ്യകാല കോളനിവിരുദ്ധസമരങ്ങളെ ദേശീയതയുടെ ഭൂമികയിൽ മനസ്സിലാക്കുന്നതിൽ പരിമിതികളുണ്ട്. എന്നാൽ അത്തരം സമരങ്ങൾക്ക് കൃത്യമായ വർഗ്ഗഘടനയുണ്ടായിരുന്നു. യൂറോപ്പിലും മറ്റും പതിനെട്ടാം നൂറ്റാണ്ടിൽ വളർന്നുവന്ന കർഷകസമരങ്ങളോടാണ് അതിന് അടുപ്പമെന്ന് അദ്ദേഹം വാദിക്കുന്നു. കുറച്ചുകാലം മുമ്പുവരെ നമ്മുടെ മാധ്യ

മങ്ങളിൽ നിറഞ്ഞുനിന്നിരുന്ന 'മാറാട്കലാപം'മുൻനിർത്തിയുള്ള പഠനമാണ് 'സമുദായവും സാമുദായികതയും മാറാടിനെ മനസ്സിലാക്കുക'എന്ന പ്രബന്ധത്തിലൂടെ ഡോ.രാംദാസ് പി. നിർവ്വഹിക്കുന്നത്.സാങ്കേതികവിദ്യയുടെ വ്യാപനവുമായി ബന്ധപ്പെട്ട് തീരദേശമേഖലകളിൽ രൂപമെടുത്ത പുതിയതരം മുതലാളിത്തസാമൂഹ്യബന്ധം വളരെ പ്രി-മോഡേൺ ആയ കമ്മ്യൂണിറ്റിസ്വത്വങ്ങളെ പുനരുല്പാദിപ്പിക്കുകയും അവയെ പരസ്പരം പോരടിക്കുന്ന സംഗരോദ്യുക്ത സാമൂഹ്യമാത്രകളാക്കി മാറ്റുന്നുവെന്നും അദ്ദേഹം തന്റെ പഠനത്തിൽ വ്യക്തമാക്കുന്നു.

ദിനേശൻ വടക്കിനിയിലിന്റെ പ്രബന്ധം തെയ്യത്തെക്കുറിച്ചാണ്. ഒരു അനുഷ്ഠാനകല എന്ന നിലയിൽ അക്കാദമിക സമൂഹം തിരിച്ചറിയുന്ന ഈ 'പ്രകടനം' എങ്ങനെ വ്യത്യസ്ത സ്ഥലകാലങ്ങളിൽ തനത് എന്ന് ആരോപിക്കപ്പെട്ടിരുന്ന അതിന്റെ രൂപത്തെ നിരന്തരം അപനിർമിക്കുന്നു എന്ന് ദിനേശൻ അന്വേഷിക്കുന്നു. ഇത്തരം സാധ്യതകൾ കാലികമായി നിലനില്ക്കുന്ന മേൽഘടനകളുമായി സജീവമായി പ്രതിപ്രവർത്തിക്കുകയും അതുവഴി തെയ്യത്തിന്റെ അനവധി ലോകങ്ങൾ സാധ്യമാക്കുകയും ചെയ്യുന്നു. വടക്കൻമലബാറിലെ പരമ്പരാഗത ഫോക്‌ലോർ പഠനങ്ങളെ ഈ ലേഖനം വിമർശനവിധേയമാക്കുന്നുണ്ട്.

മലയാളഭാഷയെ സംബന്ധിച്ച് ഇന്ന് നടക്കുന്ന സംവാദങ്ങളുടെ പശ്ചാത്തലത്തിൽ പ്രസക്തമായ ഒന്നാണ് പി.ശ്രീകുമാറിന്റെ 'മലയാളഭാഷാസമൂഹവും ഇംഗ്ളീഷ്ഭാഷയും' എന്ന ലേഖനം. മലയാളഭാഷാസമൂഹത്തിന്റെ വളർച്ചയുമായി ചേർത്ത് മലയാളഭാഷയിലെ മാറ്റത്തെ പരിശോധിക്കുകയാണ് അദ്ദേഹം.കേരളത്തിലെ ഏകാധ്യാപകവിദ്യാലയങ്ങളായ കുടിപ്പള്ളികൂടങ്ങൾ യൂറോപ്പിലെ വിദ്യാഭ്യാസരംഗത്ത് പകർത്തപ്പെട്ടതിന്റെ ചരിത്രം പരിശോധിക്കുകയാണ് ശ്രീജിത്ത് ഇ.യുടെ 'മോണിറ്റോറിയൽ സമ്പ്രദായം അഥവാ മദ്രാസ്‌സിസ്റ്റം ഒരു ചരിത്രാന്വേഷണം' എന്ന ലേഖനം. മലയാളത്തിലെ മുഖ്യധാരാസാഹിത്യം പുരുഷാധിപത്യപരമായിരുന്നു എന്നും അത് എക്കാലവും

സ്ത്രീ സ്വത്വനിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന ചേരുവകൾ ഒന്നുതന്നെയായിരുന്നു എന്നും 'സ്ത്രീ ശരീരം പ്രതിനിധാനം നായികാനിർമ്മിതിയുടെ പകർന്നാട്ടങ്ങൾ' എന്ന ദീർഘമായ പഠനത്തിലൂടെ രാജശ്രീ ആർ. വിശദമാക്കുന്നു. സസ്യഭക്ഷണ ത്തിന് ഉയർന്ന സാമുഹികപദവി ലഭിച്ചതിന്റെ രാഷ്ട്രീയം കേരളത്തിലെ ആധുനികതാവ്യവഹാരവുമായി ചേർത്ത് ആലോചിക്കുകയാണ് 'വെജ്/നോൺവെജ് ആധുനികതയുടെ ഭക്ഷ്യപാകവിധികൾ' എന്ന ലേഖനം.

മുതലാളിത്ത /ആധുനിക വികസനത്തിൽ ഉൾച്ചേർന്ന ആരോഗ്യസങ്കല്പങ്ങളുടെ സാംസ്കാരികവും സാമൂഹികവു മായുമുള്ള പുനരുല്പാദനത്തിൽ ഭരണകൂടം സിവിൽസമൂഹ വുമായി ബന്ധപ്പെട്ട് എങ്ങനെ ഒരു പ്രത്യേകതരം ഗവൺമെന്റാ ലിറ്റിയെ സംജാതമാക്കുന്നു എന്ന് തന്റെ പഠനത്തിൽ സുനിത ബി. നായർ അന്വേഷിക്കുന്നു. ഒരുപക്ഷേ, ദൂഷിതമായി (vicious) നിലനില്ക്കുന്ന ഈ വ്യാവഹാരികതയ്ക്കകത്താണ് മലയാളി യുടെ ആരോഗ്യം; കോളനി, കോളനിയനന്തരകാലങ്ങളിൽ നി ലനില്ക്കുന്നത്.

റിസർച്ച്ജേണലിന്റെ ഏഴാമത്തെ ലക്കമാണ് പ്രത്യേകപതി പ്പായി ഇപ്പോൾ പുറത്തിറങ്ങുന്നത്. ഒരു ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പരിമിതികൾക്കകത്ത് വച്ച് ഇതു പോലെ ഒരു അക്കാദമികസംരംഭത്തെ വിഭാവന ചെയ്യുക എന്നത് ശ്രമകരമായ സംഗതിയാണ്. ഒരു കൂട്ടം സ്നേഹസൗ ഹൃദങ്ങൾ പലരൂപങ്ങളിൽ ഇതിന്റെ പിന്നിലുണ്ട്. കോളേജ് പ്രിൻസിപ്പാൾ, ധനസഹായം നൽകിയ പി.ടി.എ., സഹപ്രവർ ത്തകർ,ലേഖനങ്ങൾ തന്ന ആർട്സ്കോളേജിലെയും വിവിധ സർവ്വകലാശാലകളിലെയും ഗവേഷകർ,എല്ലാവർക്കും സ്നേഹം അറിയിക്കട്ടെ.

കോഴിക്കോട് എഡിറ്റർ
30.1.2016 **സജീവ്. പി.വി.**

# രാഷ്ട്രീയക്കൂറ് പതിനെട്ടാം നൂറ്റാണ്ടവസാനം: കടത്തനാട്ടിൽ നിന്നുള്ള നിരീക്ഷണങ്ങൾ

■ Abhilash Malayil

*'ഭീതങ്ങളായുള്ള മാതംഗയൂഥങ്ങൾ*
*സിംഹങ്ങൾ നിന്നേടം ചെന്നണഞ്ഞു*
*സാമാന്യനായൊരു വൈരിവരുന്നേരം*
*വാമൻമാർ തങ്ങളിൽ ചേർന്നുണ്ടായം'*

*'ഖാണ്ഡവദാഹം'*
*കൃഷ്ണപ്പാട്ട്, വരി 95-96*

## 1. മലബാർ ചരിത്രത്തിലെ പതിനെട്ടാം നൂറ്റാണ്ടവസാനങ്ങൾ

തെന്നിന്ത്യയുടെ പടിഞ്ഞാറൻതീരത്ത് 1792ലെ ശ്രീരംഗപട്ടണം സന്ധികൾക്ക് ശേഷം നടന്ന രാഷ്ട്രീയമാറ്റങ്ങൾ നിലവിലുള്ള ചരിത്രരചനാ സങ്കേതങ്ങളിൽ 'അതിനിർണ്ണായകം' എന്ന രീതിയിൽ ആണ് പരിഗണിക്കപ്പെട്ടുപോരുന്നത്. 'കോളനിആധിപത്യപരം' എന്നു വിവക്ഷിക്കപ്പെട്ട് വരുന്നതരം രാഷ്ട്രീയാനുഭവങ്ങളുടെ പരമ്പരയിലേക്ക് തർക്കമന്യേ ഗണിക്കപ്പെടുവാൻ ഉതകുന്നവയാണ് ഈ സമയത്ത് നടന്ന സംഭവങ്ങൾ എന്ന് അതേപ്പറ്റി പഠിച്ചവർ പൊതുവിൽ കരുതുന്നു.

ഇന്ത്യാചരിത്രരചനയിൽ പ്രബലമായിരുന്ന വിവിധയിനം കാഴ്ചപ്പാടുകൾ എല്ലാംതന്നെ-ദേശീയവാദപരം, കോളനി-അനന്തരം എന്നിങ്ങനെയുള്ള വ്യത്യാസങ്ങളെ അപ്രസക്തമാക്കും

വിധം-18-ാം നൂറ്റാണ്ടവസാനത്തെ ആ കാലത്തിന് ശേഷമുണ്ടായ പ്രധാനരാഷ്ട്രീയ ഘടനയുടെ വെളിച്ചത്തിൽ (അഥവാ, ഇരുട്ടിൽ) നിന്നുകൊണ്ടാണ് വിലയിരുത്തിയത്. ഇത്തരത്തിലുരുത്തിരിഞ്ഞ് വന്ന ചരിത്രചിത്രണങ്ങളിൽ ഇക്കാലം ആധുനിക ഇന്ത്യാചരിത്രത്തിലെ ആശാഭംഗപൂരിതമായ പതനകാലമായി വിധിക്കപ്പെട്ടിരിക്കുന്നു.

ഈയടുത്തകാലത്തായി 18-ാം നൂറ്റാണ്ടിനെപ്പറ്റിയുള്ള മേൽ നിലപാടുകളിൽ മാറ്റം കൊണ്ടുവരുന്നതരം ബോധപൂർവ്വമായ ശ്രമങ്ങൾ ഇന്ത്യയുടെ വിവിധപ്രദേശങ്ങളെ ആധാരമാക്കിയെടുത്ത്കൊണ്ട് നടന്ന പഠനങ്ങളിൽ കാണാം. എങ്കിലും, പതിനെട്ടാം നൂറ്റാണ്ടിലെ മലബാർ ജീവനചരിത്രം സർദാർ കെ.എം പണിക്കരും, എ. ശ്രീധരമേനോൻ അവർകളുമൊക്കെ ‘‘കെട്ടിയ പഴയ കുറ്റിയിൽ തന്നെ കിടന്ന് തിരിയുകയാണ്’’.

16 -18 നൂറ്റാണ്ടുകളിലെ തിരുവിതാംകൂർ ചരിത്രത്തെപ്പറ്റി

---

*2012 ൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന ‘കിംഗ്ഷിപ്പ് ഇൻ ഇന്ത്യൻ ഹിസ്റ്ററി’ എന്ന കോൺഫറൻസിൽ ഈ പ്രബന്ധത്തിലെ നിലപാടുകൾ ആദ്യമായി അവതരിപ്പിക്കാനവസരം ലഭിക്കുകയുണ്ടായി. അന്നത്തെ ചർച്ചകളിൽ ഡോ. കേശവൻ വെളുത്താട്ട് ഉന്നയിച്ച നിർദ്ദേശങ്ങളിൽ പലതും പിന്നീടുള്ള അന്വേഷണങ്ങളിൽ ഏറെ സഹായകമായിട്ടുണ്ട്. എഴുത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഐ.ഐ.ടി മാണ്ടിയിലെ ഡോ. മനു.വി.ദേവദേവൻ ആശയം കൊണ്ടും അർത്ഥം കൊണ്ടും തുണനിന്നിരുന്നു. പ്രാഗ്- ആധുനികതയെക്കുറിച്ചുള്ള എല്ലാ നിലപാടുകളും ദേവദേവനുമായി ഒരു പതിറ്റാണ്ടോളമായുള്ള സഹവാസത്തിൽ നിന്നുറവകൊണ്ടവയാണ്. പേരാമ്പ്ര കോളേജിലെ സുഹൃത്തുക്കൾ; രാംദാസ് പുതുശ്ശേരി, ഷിത്തോർ പി.ആർ, സി.ജെ. ജോർജ്, പി.വി. സജീവ് എന്നിവർ ഈ പ്രബന്ധത്തിലുന്നയിക്കുന്ന വാദഗതികളിൽ പലേതിന്റെയും ആദ്യ കേൾവിക്കാരായിരുന്നു. ക്ഷമാപൂർവ്വമുള്ള സഹനത്തിനും വിമർശനങ്ങൽക്കും നന്ദി, എല്ലാവർക്കും. കോഴിക്കോട് ആർക്കെയ്‌വ്സിലെ റിട്ട. ആർക്കെവിസ്റ്റ് മജീദ്സാർ, ‘‘പൈമാശിരേഖകൾ’’ പരിചയപ്പെടുത്തിയ പ്രിയപ്പെട്ട വർഗ്ഗീസേട്ടൻ എന്നിവരോടുള്ള സൗഹൃദം കൂടാതെ ഈ പ്രബന്ധരചന കഴിയുമായിരുന്നില്ല. എന്നിരിക്കിലും, ഇതിലെ പണിക്കുറവുകളിലോരോന്നും എന്റേത് മാത്രമാണ്. പിന്നെ,എഴുതണമെന്നെപ്പോഴും എന്നോട് നിർബന്ധിക്കുന്ന ആൻസിയുടെ സ്നേഹശാഠ്യത്തിന്റേതുമാണ്.

വളരെ വിലപ്പെട്ട നിലപാടുകൾ മുമ്പോട്ട് വെയ്ക്കുന്ന കെ.എൻ. ഗണേഷിന്റെ പഠനങ്ങളിൽ പോലും മലബാർ ആന്തരികമായി ആർജ്ജവം നഷ്ടപ്പെട്ട, ഉത്പാദനശക്തികളോ ബന്ധങ്ങളോ വേണ്ടവണ്ണം വികാസം പ്രാപിക്കാത്ത സാമൂഹ്യഖണ്ഡമായി സൂചിപ്പിക്കപ്പെടുന്നുണ്ട്[1]. ചരിത്രരചനയിലെ യാഥാസ്ഥതിക നിലപാടുകൾ ആവർത്തിച്ച് കാണുന്ന എം. ജി. എസ്. നാരായ ണൻ, കെ.കെ.എൻ കുറുപ്പ് എന്നിവർക്ക് 18-ാം നൂറ്റാണ്ട് മല ബാർ "വിധിവിഹിതം" എന്നപോലെ അവരുടെ തലമുറയ്ക്ക് അനുഭവപ്പെട്ട യൂറോപ്യൻ ആധിപത്യക്കീഴിൽ ഞെരിഞ്ഞമ രാൻ എന്തുകൊണ്ടും തയ്യാറായി കഴിഞ്ഞ ഏഷ്യയിലെ മുത ലാളിത്തപൂർവ്വ പ്രാദേശീകതകളിൽ ഒന്നുമാത്രമാണ്.

പ്രധാനമായും ഇവരെ പിൻപറ്റി 18-ാം നൂറ്റാണ്ടവസാന ത്തെ രാഷ്ട്രീയ പ്രക്രിയയെ സംബന്ധിച്ച് -വിശേഷിച്ചും പഴ ശ്ശിയെന്നറിയപ്പെട്ട കോട്ടയം പടിഞ്ഞാറെകോവിലകം രാജാവ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യകമ്പനിയുമായി ഏതാണ്ട് ഒരു ദശാബ്ദ ക്കാലം നടത്തിയ 'കലക്ക'ത്തെ മുൻനിറുത്തി- പഠിച്ച മാർഗ്രറ്റ് ഫ്രൻസിനെപ്പോലുള്ളവർ[2] 'മലബാറിലെ രാജാധികാര സങ്കൽ പങ്ങൾ സത്താപരമായും ഘടനാപരമായും അനാധുനികമാ കയാൽ പ്രബുദ്ധകാലാനന്തര യൂറോപ്യൻ പരമാധിക പ്രത്യയ ശാസ്ത്രത്തിന് അവയെ എളുപ്പം കീഴ്പ്പെടുത്തി' ഭരിച്ച് കള യാൻ കഴിഞ്ഞതായി ഉറപ്പിക്കുന്നു. 'പഴശ്ശി-സമര' കാര്യത്തിൽ കാരണമായി ഉൾച്ചേർന്നിരിക്കുന്നെന്ന് ഫ്രൻസ് ഉന്നയിക്കു ന്നത് ഈസ്റ്റ് ഇന്ത്യാ കമ്പനിയും പഴശ്ശിരാജാവുമായുള്ള 'പര മാധികാരങ്ങളുടെ സംഘട്ടനം' (clash of sovereignties) ആണ്. ഇത് ഒരു സങ്കൽപമെന്ന നിലയിൽ , കുപ്രസിദ്ധമായ 'സംസ് ക്കാരങ്ങളുടെ സംഘർഷ'ത്തെ (clash of Civilisation) നടെത ന്നെ ധ്വനിപ്പിക്കുന്നുണ്ട്. മാത്രമല്ല , 1805 ൽ കൊല്ലപ്പെടുന്നതി നു മുമ്പുള്ള മൂന്ന് ദശകങ്ങളിൽ കുറഞ്ഞത് മൂന്നുപക്ഷത്തോ ക്കെങ്കിലും തന്റെ 'ഓരോരോ ദശപോലെ' കൂറുമാറി 'ചവിട്ടി പയറ്റിയ' കോട്ടയം കേരളവർമ്മയുടെ ചെയ്തികൾ നിരത്തി വെച്ചാൽ ഈ 'നാട്ടുരാജാവി'ന്റെ രാഷ്ട്രീയ ചേഷ്ടകൾക്ക് നിദാനമായിരിക്കുന്നത് ഫ്രൻസ് വിധിച്ചതുപോലുള്ള

'പരമാധികാര'മായിരുന്നു എന്നതിന് യാതൊരു നിശ്ചയവും കാണുന്നില്ല. മറിച്ച്, ഒരുവാദമൊഴിവാക്കാൻ അതങ്ങനെതന്നെയായിരുന്നെന്ന് വകവെച്ച് കൊടുത്താൽ, പഴശ്ശിരാജാവ് പ്രതിനിധാനം ചെയ്ത 'പരമാധികാരം' സത്താപരമായി ഏകമോ രാഷ്ട്രീയമായി അനന്യമോ ആണെന്നുവരും. ഈ അനന്യത; (ഒരുപക്ഷേ, ഗൂഢമായി തോന്നാവുന്ന) ഇക്കാലത്തെപ്പറ്റി നിലവിലുള്ള സാധാരണ ചരിത്രാവബോധത്തിന്റെ പശ്ചാത്തലത്തിൽ നിലനില്ക്കാത്തതാണ്.'

ഈ പ്രബന്ധം 'പഴശ്ശി- സമര'ങ്ങളെ ഉപജീവിക്കുന്നില്ല എന്നതിനാൽ മേൽ വസ്തുതകളെ കുറിച്ചുള്ള ഒരു നിഷ്കൃഷ്ട അന്വേഷണത്തിന് ഇവിടെ പഴുതില്ല. എങ്കിലും അനേകവും, സർവ്വവുമായി പ്രാഗ്-ആധുനിക തെന്നിന്ത്യയിലാകമാനം ഒരു പ്രതിഭാസ സമാനം കാണാവുന്ന ഊഹാധിഷ്ഠിത പങ്കാളി-രാഷ്ട്രീയമായിരുന്നു പഴശ്ശിക്കുണ്ടായിരുന്നത് എന്ന് മാത്രം ഇവിടെ പറഞ്ഞു വെക്കുന്നു. കമ്പനി വിരുദ്ധത അതിന്റെ വളരെ കാലികമായ മുഖങ്ങളിലൊന്ന് മാത്രമായിരുന്നു.

തങ്ങളുടെ ഉറപ്പുകളിലെത്തിച്ചേരാൻ ഫ്രൻസിനെപ്പോലുള്ള ചരിത്രകാരർ അടിസ്ഥാനമാക്കുന്ന ബർനാഡ് കോഹൻ[3], റോളാണ്ട് ഇൻഡൻ[4] എന്നിവരുടേയും അവർക്ക് ശിഷ്യപ്പെട്ട നിക്കോളാസ് ഡിർക്സിന്റേയും[5] ഇന്ത്യൻ രാജാത്വ പരിണാമത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ വ്യാപകമായി ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.[6] ഇവർ മുമ്പോട്ടു വെക്കുന്ന കോളനി അധികാരത്തിന്റെ - അക്കാലത്തേക്കുള്ള ഇന്ത്യൻ പരിണാമത്തിന്റെ - വിമർശനയുക്തികൾ പരിശോധിച്ചാൽ അവയിൽ അന്തർലീനമായിരിക്കുന്നത് അതിഭൗതികമായ ഒരു സാംസ്കാരിക സത്തയെക്കുറിച്ചുള്ള ഓറിയന്റലിസ്റ്റ് ബാധ (obsession) യാണെന്ന് അഭിപ്രായമുയർന്നിട്ടുണ്ട്. രീതി ശാസ്ത്രപരമായ ഒരു വിഷമസന്ധി(predicament)യായി ഇതിനെ കാണുന്നതിനു പകരം ദേശീയവാദത്തിൽ ചിട്ടപ്പെടുത്തപ്പെട്ട വിവിധയിനം ചരിത്രരചനാസങ്കേതങ്ങൾ, തങ്ങളുടെ പരദേശീ സ്പർദ്ധ (xenophobia) യുടെ തോതനുസരിച്ച് ഈ ബാധയെ തരം പോലെ 'മറക്കുടയിലെഴുന്നള്ളിക്കുന്നതും കാണാവതാണ്.[7]

ദേശരാഷ്ട്രത്തിന്റെയും കോളനിഭരണത്തിന്റെയും ഭൗതികവും അതീന്ദ്രീയവുമായ അതിർത്തികൾ സ്ഥിരപ്പെട്ടുവരുന്നതിനു മുമ്പുള്ള സ്ഥല-കാലങ്ങളുടെ ചരിത്രപഠനത്തിൽ 'ദേശം' 'കോളനി' പോലെതന്നെ ദമിപ്പിക്കുന്ന ഒരു ജ്ഞാന സാന്നിധ്യമാണ്. 'വേട്ട'യ്ക്കും 'ഇര'യ്ക്കുമിടയിലെ മറ്റ് വിശ്ച്ഛിന്നമായ അതിജീവനസാധ്യതകളെയൊന്നും അത് ആർക്കും കാണിച്ചുകൊടുക്കാറില്ല.

ഈ നിലപാടുകളിൽ നിന്ന് വിഭിന്നമായി കാര്യങ്ങളെ കാണാനുള്ളശ്രമം 1999-ൽ ദിലീപ്മേനോൻ എഴുതിയ 'ഹൗസസ് ബൈ സീ: സ്റ്റേറ്റ് ഫോർമേഷൻ എക്സ്പിരിമെന്റ്സ് ഇൻ മലബാർ 1760-1800' എന്ന പ്രബന്ധത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.[8]

തുറന്ന രാഷ്ട്രീയ സംഘർഷങ്ങൾ രാഷ്ട്രീയസ്ഥാപനങ്ങളുടെ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം ഈ പ്രബന്ധം ഊന്നിപറയുന്നു. മൈസൂർ 'നവാബി' മണ്ഡലത്തിൽ നിന്നും 1760കൾ മുതൽ മലബാർ തീരത്തേക്ക് ആവർത്തിച്ച് കൊണ്ടിരുന്ന കൂലിപ്പടകൾ പിന്നീടവിടെ സ്ഥാപിതമായ 'ഖുദാബാദ്' സർക്കാരിന്റെ കീഴിലും തുടർന്നിരുന്നതായി നമുക്ക് അറിയാം. അത്തരത്തിലുള്ള മുഖ്യമായും 'കൂലിച്ചേക'ത്തെ ഉപയോഗിച്ചുള്ള കൊള്ളമുതലെടുപ്പുകൾ, തെണ്ടപിരിവുകൾ, രാഷ്ട്രീയ അധികാരപ്രയോഗത്തിന്റെ മേഖലയിൽ ആർക്കും പരീക്ഷണങ്ങൾ നടത്താനുതകും വിധം ഒരു സാമൂഹ്യാവസ്ഥ മലബാറിൽ സംജാതമാക്കിയിരുന്നു എന്ന് മേനോൻ അഭിപ്രായപ്പെടുന്നു.

ഇത്തരം പരീക്ഷണങ്ങളിൽ പലതും സാഹസീകവും, പിൽക്കാലത്ത് ''അമ്പേ പരാജയം'' എന്ന് വിലയിരുത്തപ്പെട്ടുപോയവയും ആയിരുന്നു. എങ്കിലും 'ഖുദാബാദി' യുടെ ഇടയ്ക്കിടയ്ക്കുള്ള പിൻവലിയലുകൾ; 1789-ലേയും 1791-ലേയും അതിന്റെ സൈനികപരാജയം, പ്രാദേശിക; വിശേഷിച്ചും 'തുക്കിരി' അടിസ്ഥാനത്തിൽ സാമൂഹ്യമായി കണക്കിലെടുക്കത്തക്കവണ്ണമുള്ള രാഷ്ട്രീയസ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് തത്പരകക്ഷികളെ സഹായിച്ചു. ഈ വിഭാഗം പലയിടങ്ങളിലും ഗണ്യമായ രീതിയിൽ വിജയം കൈവരിച്ചു എന്നു

വേണം കരുതാൻ.

കടൽവാണിജ്യവും കരകൃഷിയും കാലങ്ങളായി മലബാറിൽ നിലനിന്നിരുന്ന സാധ്യതകളായിരിക്കെ തന്നെ 18-ാം നൂറ്റാണ്ടവസാനം ഇവയ്ക്ക് തികച്ചും പുതിയ ചിലപ്രായോജകരേയും വരിക്കാരെയും കിട്ടിയിരുന്നു.

ഈ വക പ്രാദേശീകമായ അഡ്ഹോക് പൊളിറ്റിക്കൽ സംവിധാനങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ചോ പ്രവർത്തനത്തെ സംബന്ധിച്ചോ – 'ഹൗസ് ഹോൾഡുകൾ' എന്ന സാമാന്യ വർഗ്ഗീകാരകമല്ലാതെ- മേനോൻ അധികമൊന്നും പറഞ്ഞു കാണുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മറ്റ് പഠനങ്ങളിൽ നിന്ന്[9], വടക്കൻ മലബാറിൽ 19-ാം നൂറ്റാണ്ട് പകുതിയോടെ ശക്തിമത്തായ സാന്നിദ്ധ്യമായി മാറിയ 'തറവാടുകൾ' ഇത്തരത്തിലുള്ള കലക്കകാലത്തിന്റെ രാഷ്ട്രീയ മാൽസര്യത്തിന്റെ സ്വാഭാവിക പരിണതികളാണ് എന്ന സൂചന ലഭിക്കുന്നുണ്ട്.

ഒരു പക്ഷേ 18-ാം നൂറ്റാണ്ടിലെ വിവിധയിനം രാഷ്ട്രീയ ഏർപ്പാടുകൾക്കെല്ലാം പൊതുവായി ഒരു സ്വഭാവമായി നിർദേശിക്കാവുന്നത് 'അഡ്ഹോക്കിസ'ത്തെയായിരിക്കും. കാലങ്ങളായി നിജപ്പെടുത്തപെട്ടിരിക്കുന്ന നിയതികൾക്കും രീതികൾക്കും അപ്പുറത്തേക്ക്; പലപ്പോഴും അവയെ അതിലംഘിച്ചുകൊണ്ടോ പുനർനിർവ്വചിച്ചുകൊണ്ടോ നടപ്പിലാക്കപ്പെടുകയോ, നടപ്പിലാക്കാൻ ശ്രമിക്കപ്പെടുകയോ ചെയ്യുന്ന, അഭിവൃദ്ധിലാക്കാക്കിയുള്ള പദ്ധതികളിൽ ഏർപ്പെടുന്നതിനെയാണ് അഡ്ഹോക്കിസം എന്ന സംജ്ഞ ഉപയോഗിച്ച് ഇവിടെ സൂചിപ്പിക്കാൻ ശ്രമിക്കുന്നത്.

വിവക്ഷാപരമായി ഇത്തരം പദ്ധതികൾ വിധ്വംസക (Subversive) സ്വഭാവമുള്ളവയും, പ്രവൃത്തിയേയും നിവൃത്തിയേയും സംബന്ധിച്ച നിഷ്ഠാത്മക (Purist) തത്വങ്ങൾക്കും ഔപചാരിക (Formal) മാതൃകകൾക്കും എതിരിൽ നിലകൊള്ളുന്നവയുമാണ്. സമീപസ്ഥമായ വകകളെ മാത്രം ഉപയോഗപ്പെടുത്തി സത്വരമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്ന അഡ്ഹോക് പദ്ധതികൾ ആ അർത്ഥത്തിൽ തീർത്തും മെസ്സിയാനിക് അവകാശവാദം പുലർത്താത്തവയും കൺജക്ട്രലുമാണ്.

അധികാര കൈമാറ്റത്തിന്റെയും 'നാടുഭരണ'ത്തിന്റെയും മുതൽ അടുക്കളദോഷം വരെയുള്ള ചെയ്തികളെ സംബന്ധിച്ച് നമുക്കിന്ന് ലഭ്യമാകുന്ന 18-ാം നൂറ്റാണ്ടിലെ തദ്ദേശീയ 'വിജാരിപ്പ് കരണങ്ങൾ'പരിശോധിച്ചാൽ അന്നേവരെ നിലനിന്നിരുന്നതായി അവകാശപ്പെട്ട 'കീഴക്കം മുറകൾ' പലതും അത്ഭുതമെന്നപോലെ ഭാഷയാകാതിരിക്കുന്നതിന് അനവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.മലബാറിൽ നിന്നുള്ള കമ്പനിക്കച്ചവടരേഖകളിലാവട്ടെ, നിയതമായ മുന്നൊരുക്കങ്ങളോട് കൂടി തീർപ്പിച്ചുറപ്പിക്കപ്പെട്ട വാങ്ങൽ കരാറുകൾ പ്രത്യേകിച്ച് ഒരു കാരണവും കൂടാതെ തകരുന്നതായും, കമ്പനി ഏജന്റുമാർക്ക് അവരവർ നിയോഗിക്കപ്പെട്ട അങ്ങാടി കേന്ദ്രങ്ങളിലെ "അന്നന്ന് നടപ്പ്" വിലയിലും തൂക്കത്തിലും പിൻതുടരേണ്ടിവരികയും ചെയ്യുന്നുണ്ട്.

18-ാം നൂറ്റാണ്ടിലെ മലബാറിനെ പരാമർശിക്കുന്ന മുഖ്യധാര ചരിത്രസാഹിത്യത്തിൽ 'അഡ്ഹോക്' എന്ന് ഈ പ്രബന്ധം വിളിക്കുന്ന ഇനം പ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ മിക്ക ചരിത്രകാരരും അവയെ "ആധുനിക-പൂർവ്വ ഫ്യൂഡൽ അരാജകത്വത്തിന്റെ ആധികാരിക തെളിവു"കളായാണ് കണ്ടിരിക്കുന്നത്. മറ്റ് ചിലർ അവയെ അലസരാജാക്കളുടെ പിടിപ്പുകേടിൻ ഫലമെന്നോ ആധുനികപൂർവ്വ തനത് സംസ്കൃതിയുടെ നിഷ്കളങ്കതയെന്നോ ഒക്കെക്കണ്ട് ആശ്വസിക്കുന്നു. പ്രബലമായ മറ്റൊരു വാദഗതി "യൂറോപ്യൻ കച്ചവടക്കമ്പനികളുമായുള്ള സംസർഗത്തിൽ അനിവാര്യമായന്തർഭവിച്ച, എന്നാൽ മലബാറിലെ നിശ്ചല (Stationary) വ്യവസ്ഥയെ പുരോഗമനപരമായി അസ്ഥിരപ്പെടുത്തുന്ന മാറ്റങ്ങളായി" ഇതിനെയൊക്കെ വിലയിരുത്തുന്നു.

ഇതിൽനിന്ന് വിഭിന്നമായി മലബാർ തീരത്തെ രാഷ്ട്രീയ സംഘർഷങ്ങളേയും അതിൽ പ്രശ്നവൽക്കരിക്കപ്പെട്ട രാഷ്ട്രീയക്കൂറിനെയും പറ്റി കടത്തനാട് എന്ന, വടക്കൻ മലബാറിലെ കേവലം അമ്പത് ആണ്ടോടടുത്ത് മാത്രം (1749 മുതൽ 1799 വരെ) പ്രഖ്യാപിത നാട്ടുരാജ്യമായി നിലനിന്ന, ഒരു പ്രദേശത്തിന്റെ പശ്ചാതലത്തിൽ എന്തെങ്കിലും പുതുതായി പറയുവാൻ

കഴിയുമോ എന്നതിലേക്കുള്ള ശ്രമമാണീ പ്രബന്ധം. കമ്പനി കോയ്മയിലേക്കുള്ള പരിവർത്തന സന്ധിയിൽ നാട്ടുരാഷ്ട്രീയത്തിന്റെ ഗതി എന്തായിരുന്നു എന്നതും ഇതിൽ കുറഞ്ഞൊന്നാലോചിക്കാൻ മെനക്കെട്ടിട്ടുണ്ട്. ഇവിടെ പ്രധാന തെളിവുകളായി ഉപയോഗിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടവസാനത്തിൽ കടത്തനാട്ടിലെഴുതപ്പെട്ട കത്തുകളും ഹർജികളുമാണ്. അവയെപ്പോലെ തന്നെ സമകാലീകവും പ്രാദേശികവുമായ മറ്റൊരു കൂട്ടം ഉപദാനങ്ങൾ, ആദ്യകാല കമ്പനി 'പൈമാശി കണക്കു'കളാണ്.

വടക്കൻ മലബാറിൽ നിന്ന് ലഭിക്കുന്ന ആദ്യ ദസ്തൂർ / കനേഷുമാരി റിക്കാഡുകളായ ഇവ കടത്തനാടിനെ സംബന്ധിച്ച് മലയാംകൊല്ലം 974 മുതൽക്ക് ലഭ്യമാണ്. ചരിത്രകാരന്മാരുടെ ഇതുവരെയുള്ള ശ്രദ്ധയിൽ പൊതുവിൽ പെടാതിരുന്ന 'പൈമാശി'രേഖകൾ അവയുടെ കാലത്ത് സംഭവിച്ചതായ് വളരെ പിന്നീട് വിധിച്ച് വെച്ച പരിവർത്തനങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി പു:നരാലോചിക്കുന്നതിന് നമ്മെ സഹായിച്ചേക്കാവുന്ന അസ്സൽ ഉപാദാനങ്ങളാണ്. കോഴിക്കോട് റീജിണൽ ആർക്കെയ്വ്സിൽ ലഭ്യമായ പൈമാശി കണക്കുപുസ്തകങ്ങളുടെ കൂട്ടത്തിൽ കടത്തനാടെന്ന് താലൂക്കായി പേരിടപ്പെട്ട സ്ഥലപരിധിയിലെ ഒരു അന്തര (Interior) ഹൊബളിയായ പാറക്കടവത്തെ ദേശത്തറകളെ കുറിച്ചുള്ള കയ്യെഴുത്ത് കണക്ക് പുസ്തകങ്ങളാണ് ഈ പ്രബന്ധം മുഖ്യമായും ഉപയോഗിച്ചിരിക്കുന്നത്.

## II രാഷ്ട്രീയകൂറിന്റെ രണ്ടുലകങ്ങൾ: കടത്തനാട്ടിലെ ഖുദാബാദിയും കമ്പനിയും

'ഖുദാബാദ്' സർക്കാരിക്ക് കീഴിലെ പടിഞ്ഞാറൻ തുക്കിരികളിലൊന്നിൽ പെട്ടിരുന്ന കടത്തനാട് 'താലൂക്ക് 'തെക്കെ മലബാറിൽ നടന്നതുപോലുള്ള മൈസൂർ പൈമാശിക്ക് വിധേയമായിരുന്നില്ല. അർഷദ് ബേഗ്ഖാന്റെയും (C.1783) പിന്നീട് രാംലിംഗം പിള്ളയുടെയും 'ഉഭയപൈമാശി' കോരപ്പുഴക്ക് വടക്ക്

കുറുമ്പ്രനാട്ട് വരേയേ ഉണ്ടായിരുന്നുള്ളൂ[10]. ഇതിന്റെ അർത്ഥം മൈസൂർ നികുതിയന്ത്രത്തിന്റെ കടത്തനാട്ടിലെ പ്രവൃത്തന രീതിയെ സംബന്ധിച്ച് തെക്കൻ മലബാർ അനുഭവങ്ങളുടെ വെളിച്ചത്തിലുണ്ടാക്കിയ പൊതുധാരണകൾ മതിയാവില്ല എന്ന് തന്നെയാണ്. വടക്കൻ മലബാറിലെ സവിശേഷമായ രാഷ്ട്രീയപ്രക്രിയകളുടെ 18-ാം നൂറ്റാണ്ടിലെ പ്രകൃതം കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇതിനെക്കുറിച്ച് എന്തെങ്കിലും നിരൂപിക്കാൻ കഴിയൂ.

കർണാട്ടിക് പ്രദേശങ്ങളിൽനിന്ന് 17-ാം നൂറ്റാണ്ടവസാനത്തോടെ തന്നെ ഇടയ്ക്കും തലയ്ക്കുമുള്ള സംഘടിത സായുധകൊള്ളകൾ വടക്കൻ മലബാർ സന്ദർശിച്ച് പോക പതിവുണ്ടായിരുന്നു. പൊതുചരിത്രങ്ങളിൽ ഗൗനിക്കപ്പെടാതിരിക്കുന്ന ഇത്തരം മുതലെടുപ്പ് അക്രമണങ്ങൾ തെന്നിന്ത്യയിലെ പലപ്രദേശങ്ങളുടെ പശ്ചാതലത്തിലും ഈയടുത്തകാലത്തായി വിശദമായി പഠിക്കപ്പെടാനും പ്രാഗ്-ആധുനിക പ്രതിഭാസങ്ങൾ എന്ന നിലയ്ക്കുള്ള അവയുടെ രാഷ്ട്രീയ വിവക്ഷകൾ വെളിപ്പെട്ട് വരാനും തുടങ്ങിയിട്ടുണ്ട്[11].

വടക്കൻ കൊങ്കണത്തീരത്തെ സിദ്ദികൾ, ആങ്കറിയകൾ മുതൽ തുടങ്ങി, ബീദനൂർ - ഐക്കരി നായക്കർ, വോഡയർ-കുടക് രാജാക്കൾ വരെ ഇടയ്ക്കിടയ്ക്ക് മലബാർ സന്ദർശിച്ച് പോയിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്നവസാനം ധർമ്മടം ദ്വീപ് വരെ വന്നുകയറിയ സോമശേഖര (1714-1739) നായ്ക്കനെ ഇക്കൂട്ടത്തിൽ എടുത്ത് പറയേണ്ടതാണ്. വടക്കൻ മലയാളത്തിൽ അതുവരെക്കുണ്ടായിരുന്ന 'നിർമ്മര്യാദ'കളെ പുതുതായി നിർണയിക്കാനും ''കോലത്തുനാട് പൊളിറ്റിക്കൽ ക്ലസ്റ്ററി''ൽ നിലവിലുണ്ടായിരുന്ന രാഷ്ട്രീയ ബന്ധങ്ങളെ (രാജബന്ധുത്വത്തേയും തന്നെ) കൂടുതൽ തർക്കഭരിതമാക്കാനും ഐക്കേരിയാൻമാർക്ക് കഴിഞ്ഞു.

ഘടനാപരമായി വികേന്ദ്രീകരിക്കപ്പെട്ടവയായിരിക്കുമ്പോൾ തന്നെ കേന്ദ്രീകൃതാധികാരത്വര നിരന്തരം പ്രകടിപ്പിക്കുന്ന; ചടങ്ങുവൽക്കൃതമായ വിഭവപുനർവിതരണ പ്രക്രിയയെ ഉപജീവിക്കുമ്പോൾത്തന്നെ 'പണ്ടുകീഴ്നാളിൽ'ക്കാണാത്തവിധം

‘പിടിച്ച് പറിക്കുന്ന;’ ഇരട്ടവ്യക്തിത്വത്തോട് കൂടിയരാഷ്ട്രീയ സ്ഥാപനങ്ങളുടെ പ്രാദേശികതലത്തിലുള്ള ആവിർഭാവം ഇത്തരം മുതലെടുപ്പ് സന്ദർശനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട നീക്കിയിരിപ്പായി മാറുന്നത് നമുക്ക് ഇക്കാലത്ത് കാണാൻ കഴിയും.

നായകക്കാലത്തിന്റെ ഒരു രാഷ്ട്രീയ തുടർച്ചയെന്നോണം മൈസൂർ നവാബിന്റെ വരവിനെയും മലബാറിലെ അതിന്റെ സാന്നിധ്യത്തെയും അടയാളപ്പെടുത്തിയാൽ ഇങ്ങ് വടക്ക് കടത്തനാടൻ ഹൊബിളികളിലെ മൈസൂർ പൈമാശിയുടെ അഭാവം പുതിയ ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ നമുക്ക് ധൈര്യം നൽകും എന്ന് ഈ പ്രബന്ധം കരുതുന്നു.

“രാജാവ് ബലത്താലെ അടക്കിയിരിക്കുന്ന എന്റെ വസ്തുവക ഒക്കെയും ഒഴിപ്പിച്ച് (തന്ന്) എന്റെയും എന്റെ കുഞ്ഞിക്കുട്ടികളുടെയും ദിവസവൃത്തി കഴിപ്പാൻ ഇല്ലായ്കകൊണ്ട്, ജഠരാഗ്നികത്തുന്നത് മഹാരാജശ്രീ ധുരൈകൾ അവർകളുടെ ദയാകടാക്ഷം ആയിരിക്കുന്ന അമൃതം കൊണ്ട് ശാന്തം വരുത്തി രക്ഷിക്കേണം”.

“മലയാംകൊല്ലം 983 മേടം 25-ാം തിയ്യതിയായി വടകര ഹൊബിളിയിലെ ചെന്നമംഗലം ദേശത്തെ കാക്കൊര ഇല്ലത്ത് ബ്രാഹ്മണഗൃഹത്തിൽ അനാഥമായിരിക്കുന്ന അമ്മ” മദിരാശി സംസ്ഥാനത്തെ സദർഅദാലത്തിലെ “ധ്വര” അവർകളുടെ സന്നിധാനത്തിങ്കലേക്ക് എഴുതിബോധിപ്പിച്ച ‘വിത്തീസ്സനിൽ’ നിന്നുള്ള ഒരു സങ്കട അപേക്ഷയാണ് മുകളിലുദ്ധരിച്ചത്. ശ്രീരംഗപട്ടണം സന്ധികളുടെ ഔദ്യോഗികതയ്ക്ക് ഏതാനും മാസങ്ങൾക്ക് മുമ്പ് കടത്തനാട്ടിൽ രാജാവായി അവരോധിക്കപ്പെട്ട പൊർളാതിരി ഉദയവർമ്മൻ തന്റെ ബ്രഹ്മസ്വ, ദേവസ്വ ജന്മങ്ങൾ അക്കാലത്ത് ബലത്താലെ അടക്കിയ അന്യായ അവസ്ഥയാണ് ഈ പരാതിയുടെ പൊരുൾ. ‘ചെലാവിൽക്കാലത്തെ’ ജാതിഹീനത്വം ആരോപിച്ച് പരാതിക്കാരിയുടെ ജന്മസംബന്ധിയായ വരിച്ചാർത്തുകളും പ്രമാണങ്ങളും രാജാവ് പിടിച്ചെടുത്തിരിക്കുന്നു. ഈ അന്യായ ‘അടക്കം’ വഴി രാജാവ ‘പ്രതിക്കാരനായി’രിക്കുന്നു. മാത്രമല്ല,

“ജാതിഹീനത്വം മനസ്സാലെതന്നെ ഒരുത്തന് വന്നാലും അവന്റെ വസ്തുവക അസ്മാദിയായിരിക്കുന്ന ജാതിക്കാർക്ക് അല്ലാതെ കണ്ട് അറ്റടക്കമായി രാജാക്കന്മാർക്ക് അടക്കാൻ (കടത്തനാട്ടിൽ) സംഗതിയേതുമില്ല”.[12]

ഈ പെറ്റീഷനിൽ സദർ അദാലത്തിലെ “ധ്വര” എന്ത് തീരുമാനമെടുത്തു എന്ന് നമുക്കറിയില്ല. പക്ഷേ ജന്മം അടക്കലുമായി ബന്ധപ്പെട്ട ഈ വ്യവഹാരം തലശ്ശേരി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലുള്ള സർക്കീട്ട് മജിസ്ട്രേട്ടന്മാരുടെ മുമ്പാകെ ആദ്യം അവതരിപ്പിക്കപ്പെട്ടതായും, ഇമ്മാതിരി രാജാവിനെതിരായ കേസുകൾ വടക്കൻ മലബാറിൽ അന്യായക്കാർക്കനുകൂലമായി വിധിക്കപ്പെടുന്നത് സർവ്വസാധാരണ നടപ്പായിരുന്നു എന്നും ഈ കത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

തന്റെ പരാതിക്ക് ഉപോൽബലമായി അറക്കലെ ജന്മം ചിറക്കൽ രാജാവടക്കിയ കേസും കടത്തനാട്ടെ മൂവായിരം നായർ രാജാവിനെതിരിൽ നൽകിയ കേസിലെ രാജായ്മവിരുദ്ധവിധിയും “കാക്കൊര ഇല്ലത്തെ അമ്മ” പരാമർശിക്കുന്നുണ്ട്.

മലബാർതീരത്തെ പ്രാഗ് - ആധുനിക രാജായ്മയുടെ ചരിത്രപരിണാമത്തിലെ വളരെ നിർണ്ണായകമായ ഒരു സന്ധിയെ കുറിക്കുന്നതാണ് ഈ പെറ്റീഷൻ എന്ന് ഈ പ്രബന്ധം അനുമാനിക്കുന്നു. ഇത് മേൽ സൂചിപ്പിച്ചതുപോലെ ഒറ്റപ്പെട്ട ഒരു സംഭവമല്ല. മറിച്ച് നാട്ടിൽ നടക്കുന്ന അത്യന്തം സജീവമായ രാഷ്ട്രീയ സംഘർഷത്തിന്റെ തുടർച്ചയുടെ ഭാഗം തന്നെയാണ്.

പതിനെട്ടാം നൂറ്റാണ്ടവസാനത്തെ കടത്തനാടൻ ഹൊബ്ബിളികളിൽ ദൃശ്യമാകുന്ന രാഷ്ട്രീയ സംഘർഷങ്ങളിൽ പ്രധാനമായ “മൂവായിരംനായർ” മുഖ്യസ്ഥസഞ്ചയവും കടത്തനാട്ട് രാജാവുമായുള്ള തർക്കത്തിൽ നിന്നാണ് ഈ തുടർച്ച (Contuinity) ‘വെള്ളവും വളവും സ്വീകരിക്കുന്നത്’. 1749 മുതൽക്കുള്ള കടത്തനാട് രാജ്യത്തിന്റെ ചരിത്രത്തിൽ ഈ തർക്കവും ഇതിലെ ഒരു പ്രധാനപക്ഷമായ “മൂവായിരം നായർ” എന്ന സ്ഥാനിസമൂഹത്തിന്റെ ഉത്ഭവവും പൊർളാതിരിമാരുടെ രാജാത്വം പോലെതന്നെ അവ്യക്തമാണ്. എന്നിരിക്കിലും നമുക്കിന്ന്

ലഭ്യമാകുന്ന 'പഴശ്ശിരേഖ'കളിൽ അച്ചടിക്കപ്പെട്ടിരിക്കുന്ന ചില കത്തുകൾ ഇക്കൂട്ടർ കടത്തനാട്ടെ ദേശത്തറകൾ കേന്ദ്രീകരിച്ച് ഏറക്കൊറെ സ്വതന്ത്രമായ രാഷ്ട്രീയ നിലയുള്ള സ്ഥാനിക ളാണ് എന്ന പ്രധാന സൂചന ലഭിക്കുന്നുണ്ട്.

''പഴശ്ശിരേഖ''യിൽ നമ്പ്ര് 13 -ബി ആയിക്കൊടുത്തിരി ക്കുന്ന ആയഞ്ചേരി ചെമ്പറ്റകുറുപ്പ്, പറമ്പിൽ എളെകുർ കുറുപ്പ്, എടച്ചേരി തോട്ടത്തിൽ നമ്പ്യാർ , ഓർക്കാട്ടേരി നമ്പ്യാർ മുതൽ പേർ സ്ഥാനികളിൽ നിന്ന് തലച്ചേരി വടക്കൻ സൂപ്രണ്ടൻ അവർകൾ ക്രിസ്റ്റഫർ പീലിക് അയച്ച് കിട്ടിയ ഹർജി[13] കടത്ത നാട്ട് രാജ്യത്തിനകത്ത് നടക്കുന്ന അധികാരചംക്രമണത്തെ ക്കുറിച്ചുള്ള വ്യക്തവും അവഗണിക്കാനാവാത്തതുമായ തെളി വുകൾ നൽകുന്നു.

ഒന്നാമതായി, മേൽ ഹർജിക്കാർ തങ്ങൾ ''കടത്തനാട്മൂവാ യിരം'' എന്ന സ്ഥാനിസമുച്ചയത്തിൽ ശേഷിപ്പെട്ടിരിക്കുന്നവ രാണ് എന്നും തങ്ങളുടെ പ്രാദേശിക മണ്ഡലങ്ങളായ ദേശത്ത റകളിൽ 'മുതലെടുപ്പ്', 'സ്ഥാനമാനം' നടത്തിപ്പ് എന്നീ നിർ ണ്ണായക പ്രവൃത്തികൾ കാലങ്ങളായി നിർവ്വഹിച്ച് വരികയായി രുന്നു എന്നും അവകാശപ്പെടുന്നുണ്ട്.

മലയാംകൊല്ലം 941 (1766) വരെ മൂവായിരംനായർ തങ്ങ ളുടെ അധികാരപ്രയോഗത്തിന്റെ മണ്ഡലത്തിൽ ''മറ്റ് ഒരാളെ കല്പനക്ക്'' നടന്നിട്ടില്ലാത്തവരാണത്രെ. അവർ ''അവരവ രുടെ ദേശത്തറകളിൽ നിന്ന് എടുക്കേണ്ടത് എടുക്കുകയും നട ത്തേണ്ട സ്ഥാനമാനങ്ങൾ ഒക്കയും നടത്തുകയും'' ചെയ്തു.

അക്കൊല്ലം മീനമാസം മൈസൂർ നവാബ് ഹൈദർ ആലി യുടെ പടവരവിൽ അന്നത്തെ തമ്പുരാൻ രാജ്യം വിട്ടെഴുന്നള്ളി പ്പോയി. എടുപടിയുള്ള ഈ നിഷ്ക്രമണത്തോടെ സംജാത മായ രാജാത്വത്തിന്റെ അഭാവത്തിൽ പക്ഷേ, 'മൂവായിരം നായർ' തങ്ങളുടെ ദേശത്തറകൾ വിട്ടോടിയില്ല.

'അയതിപാകൻ' എന്ന് പൊതുവിൽ വടക്കൻ മലബാറിലെ വിവിധയിനം സ്മരണകളിലറിയപ്പെടുന്ന നവാബ് ഹൈദർ ആലിയുടെ ആഗമനത്തോടെ മലബാർ രാജാക്കളിൽ ചിലർ പലേ കാരണങ്ങളാൽ വേണാട്ട് കരയ്ക്ക് രക്ഷപ്പെട്ടിരുന്നതായി

ഇതെപ്പറ്റിയുള്ള പൊതുചരിത്രങ്ങളെല്ലാം ഭംഗ്യന്തരേണ സാക്ഷ്യപ്പെടുത്തുണ്ട്. എന്നാൽ, നിലവിലെ രാഷ്ട്രീയമണ്ഡലങ്ങളിൽ നിന്നുള്ള മേൽരാജാത്വത്തിന്റെ 'രായ്ക്കുരാമാന'മെന്നോണമുള്ള അഭാവം വടക്കൻമലബാറിലെ പ്രാദേശിക രാഷ്ട്രീയപ്രക്രിയകളിൽ എന്ത് ചലനമാണ് ഉണ്ടാക്കിയത് എന്ന് ഈ ചരിത്രപഠനങ്ങളിൽ ഒന്നും അന്വേഷിക്കപ്പെട്ടതായി കാണുന്നില്ല.[14] ഇക്കാലത്തേക്കായി ചില ചരിത്രകാരൻ അൽപം കാൽപനികമായി ശിപാർശ ചെയ്യുന്ന[15] 'മൈസൂർ ആക്രമണത്തിനെതിരെയുള്ള നായർ ഹിന്ദു ചെറുത്തുനിൽപ്പ് ' ആണ്ടോടാണ്ട് നിലനിൽക്കത്തക്കതായിരുന്നില്ല. "കുഞ്ഞുകുട്ടികളുടെ കാട്ടിൽ പാർപ്പ്" അനൽപകാലത്തേക്കായിരുന്നുവെങ്കിലും അത് ഏതെങ്കിലും തരത്തിൽ സമഗ്രമായ കലാപത്തുടർച്ചകളുണ്ടാക്കുന്നതിൽ വിജയിച്ച് കാണുന്നില്ല.

രണ്ടാമതായി മേൽപടിഹരജിയിൽ വെളിപ്പെടുന്നത് കപ്പൽ കയറിപ്പോയ രാജായ്മയുടെ (അ)സാന്നിദ്ധ്യത്തിൽ ഇന്നാട്ടിലെ സ്ഥാനിസമുട്ടയം ഏറ്റെടുത്തതായി അത് തന്നെ അവകാശപ്പെടുന്ന രാഷ്ട്രീയകർത്തവ്യത്തെക്കുറിച്ചും (political Role) കൂട്ട് കർതൃത്വ (collective subjectivity)ത്തെ സംബന്ധിച്ചുമുള്ള സൂചനകളാണ്. "ഉള്ള ജനങ്ങൾ ഒക്കെ നാടും വിട്ട പോയതിന ശേഷം (മൂവായിരംനായർ) നവാബിനെ (ചെന്ന്) കണ്ട ഏറെക്കൊറെയായുള്ള ദ്രവ്യവും കൊടുത്ത (തങ്ങൾക്ക് നാട്ടിതന്നെ) നിൽപാൻ നിലയാക്കി" ഏറെക്കൊറെയായുള്ള ദ്രവ്യം കപ്പമായി നൽകി നാട്ടിൽതന്നെ 'നിൽപാൻ നില' (settlement)[16] വാങ്ങുന്നതിൽ സന്നിഹിതമായിരിക്കുന്ന പാത്രധർമ്മം "രാജാത്വം" തന്നെയാണ്. അസ്സൽ രാജാവ് അസന്നിഹിതമായിരിക്കെ നവാബിനോട് മുഖദാവിൽ മാദ്ധ്യസ്ഥത്തിന് പോകുന്ന സ്ഥാനിസമുച്ചയം 'രാജാംശ'മായായിരിക്കും ഗണിക്കപ്പെട്ടിട്ടുണ്ടാവുക.

ഇത് തികച്ചും അനന്യമോ പുതുതോ ആയ ഒരു രാഷ്ട്രീയ സമീകരണമല്ല. മറിച്ച് തെന്നിന്ത്യയിലെ മുൻ-നായകപ്രവിശ്യകളിൽ സ്ഥാപിക്കപ്പെട്ട മുഗൾ-മുഗൾ അനന്തര രാഷ്ട്രീയ സംവിധാനങ്ങളൊക്കെ, 'നസർ'(Nazar) അഥവാ 'പേഷ്കഷ്'

(Peshkash) നൽകാൻ തെയ്യാറും കെൽപുമുള്ള മുഖ്യസ്ഥവൃന്ദങ്ങളിൽ പലതിനെയും ''രാജാക്കൾ'' ആയിത്തന്നെ 'പേർവിളിച്ച്' സാധുത (Legtimacy) നൽകിപ്പോന്നിട്ടുണ്ട്; 'ഖില്ലത്ത്' അനുവദിച്ച് കൊടുത്തിട്ടുണ്ട്.

മലബാറിലെ നവാബിക്കാലത്ത് ആകസ്മികമായി ലഭ്യമായ ഇത്തരം രാഷ്ട്രീയ സാധുത പ്രാദേശിക തലത്തിൽ 'രാജാംശം' എന്നനിലയിൽ 'സ്ഥാനി'കളെ ശക്തിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. 942 (1769) അവസാനം; ഹൈദരുമായുള്ള സംഘർഷങ്ങൾക്കൊടുവിൽ പ്രവാസം തൽക്കാലത്തേക്ക് തീർത്ത് തിരികെ എഴുന്നള്ളിയ കടത്തനാട് തമ്പുരാൻ നാട്ടിൽ നില-നിന്ന മൂവായ്യിരം നായരുമായി നിരൂപിക്കുന്നുണ്ട്. ശേഷം, നവാബിനെ ചെന്ന്കണ്ട് കാലം ഒന്നിന് ഉറുപ്പിക 50000 രാജ്യത്തിങ്കൽ നിന്ന് എടുത്ത് 'നസർ' ആയി നൽകാൻ തീരുമാനിച്ചു. ഇങ്ങനെ ഒരേസമയം തങ്ങളുടെ മടങ്ങിയെത്തിയ തമ്പുരാനുമായും വടക്കൻമലബാറിലുറച്ച നവാബുമായും സബൂറാവാൻ സ്ഥാനികളെ പ്രാപ്തരാക്കിയത് കീഴക്കം രാജാധികാരത്തിന്റെ സാങ്കേതികാസാന്നിദ്ധ്യത്തിൽ തങ്ങൾക്ക് ലഭ്യമായി വന്ന 'രാജാംശ' ത്തിന്റെ പ്രാമാണികത ഒന്നു മാത്രമാണ്.

തുടർന്ന് കടത്തനാട് ഹൈദർ നവാബിന് നിലയാവുകയും, 'നാട് ഒക്കെ കണ്ട്ചാർത്തി' നികിതി മൈസൂരേക്ക് കെട്ടി തമ്പുരാന്റെ രാജാത്വം വീണ്ടും നിജമാക്കപ്പെടുകയും ചെയ്തു. എങ്കിലും മൂവായിരം നായരുടെ ദേശത്തറകളിൽ നികിതി അവരവർ തന്നെ എടുത്ത് ''രാജാവിന്റെ തൃക്കൈക്ക് കൊടുത്ത് ബോധിപ്പിക്കൽ'' ആയിരുന്നു രീതി. ഈ രീതി കാര്യമായ മാറ്റമില്ലാതെ 965 (1790) വരെക്കും, അൽപം മാറ്റങ്ങളോടെ ചേലാവിൽക്കാലം കടന്ന് 966ൽ (1791)ൽ കടത്തനാട് ഇംഗ്ലീഷ് കമ്പനിയടക്കിയത് വരെയും തുടർന്നു.

ടിപ്പുവിന്റെ 'ഖുദാബാദി'ക്കുള്ള കപ്പം കടത്തനാട്ടിൽ നിന്ന് എടുക്കുന്നകാരിയത്തിൽ 960 മുതൽക്ക് ഒരു പ്രത്യേക തരം പുതുമ സ്ഥാനികൾക്ക് അനുഭവപ്പെട്ടുതുടങ്ങുന്നു. മേൽ സൂചിപ്പിച്ച ഹരജിയിൽ ക്രിസ്തഫർ പീലിക്ക് മുമ്പാകെ സ്ഥാനികൾ

അവരെ ചൂഴ്ന്ന് അന്ന് നടന്ന 'സങ്കടപ്രകാരം' വിശദമായി എഴുതി അറിക്കുന്നുണ്ട്.

ഇതിൽ പ്രധാനമായി ഗോചരമാകുന്ന 'പുതുമ' കടത്തനാടൻ സ്ഥാനികളുടെ ആപേക്ഷികമായ രാഷ്ട്രീയസത്വത്തിന്റെയും നില-നിൽപിന്റെയും മണ്ഡലത്തിലാണ്. രാജാവുമായുള്ള ബന്ധത്തിൽ അക്കാലംവരേക്കും അന്യഥാസ്വച്ഛമായിരുന്ന മൂവായിരംനായരുടെ "കീഴ്‌രാജായ്മ" നടപ്പുകളിൽ രാജാവ് ഇടപെടാൻ തുടങ്ങുന്നു. തന്റെ കീഴിൽ പ്രത്യേകം നിയക്തരാക്കപ്പെട്ട 'പ്രവൃത്തിക്കാരെ' ഉപയോഗിച്ച് വിവിധദേശത്തറകളിൽ നിന്നും "നെല്ലും മുളകും നോക്കികണ്ട് ചാർത്തി" മുതലെടുക്കുവാൻ തുടങ്ങുന്നു. 974ലെ പറമ്പ്പൈമാശി കണക്കുകളിൽ കടത്തനാട്ടെ ദേശത്തറകളേറിയതിലും വസ്തുതിരിച്ച് നൽകിയിട്ടുള്ളതായിക്കാണുന്ന 'പ്രവൃത്തിക്കാരർ', 'കണക്കപ്പിള്ളമാർ', 'പട്ടാളികൾ' എല്ലാവരും തന്നെ ഈ ആവശ്യം ഭാഷയാക്കുന്നതിലേക്ക് അയക്കപ്പെട്ടവരാവാനാണ്.[17] ഇതിനുമപ്പുറത്തേക്ക് പ്രാദേശിക രാജായ്മയുടെ ഭൗതികാധികാരം പെരുപ്പിക്കാനുള്ള ചേരിക്കൽവ്യാപനശ്രമങ്ങളും കൊണ്ട്പിടിച്ച്നടന്നതായി നമ്മൾ അറിയുന്നു.

കോഴിക്കോട് യൂനിവേഴ്സിറ്റി ചരിത്രവിഭാഗത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന 'കടത്തനാടൻ മാനുസ്ക്രിപ്റ്റ് ലറ്റേഴ്സ്' സീരിസിലെ കത്തുകളിൽ ചിലത് രാജാവും അദ്ദേഹത്തിന്റെ 'രാജീ'ലെ മറ്റുള്ളവരും തമ്മിൽ ഉണ്ടായിരുന്ന ആപേക്ഷികബലതന്ത്രത്തിൽ പതിനെട്ടാം നൂറ്റാണ്ടവസാനം സംഭവിക്കുന്ന ഇത്തരം മാറ്റങ്ങളെ കുറിക്കുന്നവയാണ്. 'കാക്കൊര ഇല്ലത്തെ അമ്മ' യുടെ ജന്മം രാജാവ് അടക്കിയത് മുൻപ് സൂചിപ്പിച്ച് കഴിഞ്ഞു. ഏതാണ്ട് ഇമ്മാതിരി തന്നെയാണ് വടകര ഹൊബിളിയിലെ ചെറോട്ട ദേശത്തറയിൽ 'കൂമുള്ളിയെ രാമത്ത കെട്ടിലമ്മ്' യുടെയും ഗതി ഇവിടെ രാജാവ് അപഹരിച്ചത് കെട്ടിലമ്മ ടിപ്പുവിന്റെ പാളിയം വന്ന് വേണാട്ട് കരയ്ക്ക് ഒഴിഞ്ഞുപോകുമ്പോൾ ഇരിങ്ങണ്ണൂര് ഹൊബിളിയിൽതുണെരിതറയിൽ 'പുതുക്കുടി നല്ലൂരയിരു്' വശം സൂക്ഷിപ്പാൻ കൊടുത്ത വസ്തു മുതൽ ആണ[18] വടകര അങ്ങാടിയിലാകട്ടെ മാടത്തിങ്കീഴെ കുട്ടിമൂസാന്റെ

ABHILASH MALAYIL

അവകാശങ്ങളും ജന്മവസ്തുക്കളും അയാളെ മരണശേഷം അനന്തരവൻ മുക്കൊക്കലെവാവാന് നൽകാതെ രാജാവ് കൈയ്യടക്കുകയായിരുന്നു.[19] ഇക്കാലതുടർച്ചയായിതന്നെയാണ് മർഡോക് ബൗൺ[20] പരന്ത്രീസ് മയ്യഴിയോട് അതിരിടുന്ന കടത്തനാടൻ മണ്ണിൽ "പിടിപ്പത് കാണവും കൊടുത്ത അട്ടിപ്പേറും നീരും ജന്മപ്രമാണങ്ങളും വരിയോലയും അതിന്റെ മരിയാതിപോലെ വാങ്ങി" ജന്മാരിയായ രണ്ട്കണ്ടി പറമ്പ് രാജാവ് വിലക്കിയത്.[21]

ഒറ്റക്കും തെറ്റക്കും നിൽക്കുന്ന മേൽകണക്കിന് ആളുകളിലേക്ക് അതിക്രമിക്കുന്ന പ്രാദേശിക രാജാത്വത്തിന്റെ മുതൽ-ഭോഗസക്തി തെന്നിന്ത്യയിലെല്ലാടവും പതിനേഴാം നൂറ്റാണ്ടവസാനത്തോടെ കൂടുതൽ വ്യാപകവും വ്യക്തവുമാവുന്നുണ്ട്[22]. 'വടക്കൻപാട്ടും' തോറ്റവുമടക്കമുള്ള സാഹിത്യജനുസ്സുകളിൽ ഇത് - കേശവൻ വെളുത്താട്ട് 'മഹിഷഗതകത്തെ' ആധാരമാക്കി ഉദാഹരിച്ചതുപോലെ -പരിഹാസപൂർവ്വം വിമർശനവിധേയമാക്കപ്പെടുകയോ, രാജാവിന്റെ അനുഷ്ഠാനപരവും വിശ്വാസാധിഷ്ഠിതവുമായ നെടുനായകത്വത്തിന് പതിത്വം കല്പിക്കും വിധേന അവതരിപ്പിക്കപ്പെടുകയോ ചെയ്യുന്നുണ്ട്.[23]

എന്നാൽ ഇതിൽനിന്നൊക്കെ ഗുണപരമായി വേറിട്ട് നിൽക്കുന്നതാണ് മൂവായിരംനായരും കടത്തനാട്ട് രാജാവും തമ്മിലുള്ള തർക്കന്യായം. ഈ 'കലക്ക'ത്തിന്ന് കാരണമായതും അതിൽ നിന്ന് ആവിഷ്കൃതവുമായ 'മിശ്രത' കേവലം ഒറ്റപ്പെട്ടതും പ്രതീകാത്മകവും ആയിരുന്നില്ല. മറിച്ച്, മൂർത്തവും കൂട്ടായതുമായ ഭൗതികാനുഭവങ്ങളിൽ നിന്നുണ്ടാവുന്നത് എന്ന നിലയിൽ അടിയന്തിരമായ രാഷ്ട്രീയ പരിണാമത്തിന് ഹേതുവാകുന്നതും കടത്തനാട്ടിന്റെ തനത് എന്നാരോപിക്കപ്പെടാറുള്ള ചരിത്രത്തെ തെക്കൻ-ഇന്ത്യയിൽ ആകമാനമുള്ള പ്രാഗ്-ആധുനിക പ്രതിഭാസങ്ങളുമായി ബന്ധപ്പെടുത്താൻ ഇടതരുന്നതുമാണ്.

കടത്തനാട്ടെ 'കമ്പനിസഹായം' പൊർളാതിരിയുടെ പ്രവൃത്തിക്കാരരിൽ വലിയ ഒരു വിഭാഗം മൈസൂർ ഖുദാബാദിയുടെ 'മിലിട്ടറി ഫിസ്കൽ' റവന്യൂ പദ്ധതിയിൽ[24] പരിചയമുള്ളവരാ

VOL 7 • ISSUE 2 • JANUARY 2016

യിരുന്നു. തമിഴ്-മറാത്ത-തെലുഗു 'കരണ'ങ്ങളോ 'പട്ടാളി'കളോ ആയ 'പരദേശി'കളെയാണ് ജെനാഥൻഡങ്കൻ കടത്തനാട്ടിൽ 'കാനംഗോവി' മാരായി നിർദേശിച്ചത്.[25]ഇവർക്കൊപ്പം കുറഞ്ഞൊരു ഭാഗം 'പുത്തൻ കൂറു' കാരായ 'സിൽബന്ധി മാപ്പിളമാരുമുണ്ടായിരുന്നു. "നായർ തെണ്ട യുടെ സ്മരണ പാട്ടുകളിലും നാട്ടിലെ കാര്യക്കാർ പട്ടൻമാരും" എന്നതായിരുന്നു യഥാർത്ഥ അവസ്ഥ[26].

രാജാവ് സ്ഥാനിനായന്മാരുടെ ദേശത്തറകളിൽ തന്റെ പ്രവൃത്തിക്കാരെ കല്പിച്ച് മുഖ്യസ്ഥന്മാരെന്നനിലയിൽ സ്ഥാനികൾക്ക് 'ഖുദാബാദി'അനുവദിച്ച് നൽകിയ "കൈപിടുത്ത" പിടിച്ചെടുത്തു. ഇതും പോരാതെ അവരുടെ തറവാടുകൾ ഉൾപ്പെടെയുള്ള വസ്തു വകകൾ സ്വന്തം ചേരിക്കലാക്കി "പണ്ടാരമടക്കി".

"തോട്ടത്തിൽ നമ്പ്യാരെ എടച്ചെരി ദെശത്തറയും വസ്തുവകയും അടുത്ത നമ്പ്യാരുടെ തറവാട് പുത്തൻവീടും നിടുങ്ങോട്ട് പുറത്തെ തവാടും (...) കോയിലകവുമാക്കി. എളക്കൂറകുറുപ്പിന്റെ പറമ്പിലാകുന്ന ദേശതറയും വസ്തുവകയും എടുത്ത് കൊളങ്ങരത്തെ തറവാട് കൊയിലകമാക്കി. ചെമ്പറ്റകുറുപ്പിന്റെ ദേശത്തറ ആയഞ്ചേരിയും ചേരാപുരവും ദേശത്തറയും വസ്തുവകയും അടക്കി കുറുപ്പിന്റെ തറമ്മേൽ എന്ന തറവാട് കൊയിലകമാക്കി".

'രാജാർത്തി' ഇവിടെയും നിന്നില്ല. മൂവായിരം നായരുടെ തറവാടുകൾക്ക് കീഴ്മർന്ന തിയ്യക്കുടികൾ ആദിയായുള്ള കീഴ്ജാതികളോട് "കത്തി" "പൂര" ഇനത്തിൽ 10 വീതം 'പുതിയപണം' പിരിക്കുകയും മാപ്പിളപ്പീടികകളിൽ നിന്ന് "അരിക്ക ആയിട്ട്" 6 വീതം പണം പിടിച്ച് വാങ്ങുകയും ചെയ്തു.

1792ൽ മലബാർ കമ്പനിക്ക് ചേർന്നതിന് ശേഷം 'മൂവായിരംനായർ' മേൽപടി 'സങ്കട'ങ്ങൾ ഒക്കെയും ജൊനാഥൻ ഡങ്കൻ, ചാൾസ്ബോഥാം, വില്യം ഗാമൽഫാർമർ എന്നീ ബോംബെ-ബംഗാൾ കമ്മീഷണർമാരെ കോഴിക്കോട്, കണ്ണൂർ-അറക്കൽ എന്നിവിടങ്ങളിൽ ചെന്ന് നേരിട്ട് 'കണ്ടറിയിച്ചു'.

അന്നത്തെ 'ഗവർണർ-ജനറാൽ സാഹിബ്' ജോൺഷോർ[27]

അവർകൾക്കും കടത്തനാട്ടെ സ്ഥാനികൾ ഇതെപ്പറ്റി എഴുതുകയുണ്ടായി. ഇത്തരം എഴുത്തുകളുടെ പരിണതിയെന്നോണം മലബാറിലെ 'കമ്മിറ്റി ഓഫ് ഗവർമെന്റി 'ന്റെ സൂപ്പർവൈസറും കോഴിക്കോടാസ്ഥാനമായിരിക്കുന്ന മുഖ്യ-മജിസ്ട്രേട്ടുമായ വില്യം ഗാമൽ ഫാർമർ സ്ഥാനികൾക്ക് അനുകൂലമായി നിലപാട് എടുക്കുന്നു.

കടത്തനാടിന് വടക്ക്, ചിറക്കൽ - കവ്വായി താലൂക്കിലെ പ്രധാനസ്ഥാനിയും 'സ്വരൂപ 'വുമായിരുന്ന ചുഴലി കൊഴുക്കലെടത്തിൽ നമ്പ്യാന്മാർ ചിറക്കൽ രവിവർമ്മ എന്ന കാര്യസ്ഥരാജാവിനെതിരെ പരാതിപ്പെടുമ്പോഴും-തെക്ക്, കുറുമ്പ്രനാട്ട് താലൂക്കിലെ കൊളക്കാട്ട് ഹൊബിളിയിലെ കൊളക്കാട്ട് ഉണിച്ചാത്ത/ഉണിക്കണ്ട പണിക്കന്മാർ, പയ്യോർമല കൂത്താളി-അവിഞ്ഞാട്ട് പാലേരി സ്ഥാനികൾ എന്നീപേർ അവരുടെ കാര്യസ്ഥരാജാവായ കുറുമ്പ്രനാട്ട്-കോട്ടയം വീരവർമ്മക്കെതിരായ് പരാതിപ്പെട്ടപ്പോഴും ഹരജിക്കാർക്ക് അനുകൂലമായിരുന്നു കമ്പനിഭരണത്തിന്റെ തീരുമാനങ്ങൾ. ചുഴലിയിലും പയ്യോർമലയിലും നികുതിപിരിവിന്റെ പൂർണ്ണഅവകാശം, അതും അനവധി ഇളവുകളോടെ, പരാതിക്കാർക്ക് നൽകുവാൻ 'കമ്പനി ' തെയ്യാറായിട്ടുണ്ട്.

കടത്തനാട്ടിലെ സ്ഥാനികൾക്കുള്ള "ദേശത്തറ വസ്തുവകയും തറവാടും" സമ്മതിച്ച് കൊടുക്കുവാനാവശ്യപ്പെട്ടുകൊണ്ട് ഫാർമർ ഒരു "വെള്ളിവടിക്കാര"നെ രാജാവിന്റെ പക്കലേക്ക് അയക്കുകയും ചെയ്തു. ഉദയവർമ്മ ഇത് "സമ്മതിക്കായ്കകൊണ്ട് " മയ്യഴിവെച്ച് 'തങ്കയം ഇട്ട്' രാജാവും സ്ഥാനികളും തമ്മിൽ രാജിയാവാനുള്ള ഒരു ശ്രമം നടന്നുവെങ്കിലും അത് നേരെ വന്ന് കണ്ടില്ല. ഇത്തരുണത്തിലാണ് കടത്തനാട്ടെ സ്ഥാനികൾ തങ്ങളുടെ രാജാവിനെതിരിൽ, തലച്ചേരി, വടക്കെപകുതി അധികാരിയുടെ കമ്പനിന്യായത്തിൽ രാഷ്ട്രീയ പ്രത്യാശ പ്രകടിപ്പിച്ച്കൊണ്ട് ഹരജിയെഴുതുന്നത്.

1796 ഒക്ടോബർ 5ന് എഴുതിവന്ന പ്രസ്തുത ഹരജിയോട് കമ്പനിയോ മലബാറിലെ അതിന്റെ വടക്കൻ അധികാരിയോ എങ്ങനെ പ്രതികരിച്ചു എന്നുള്ളതിന്റെ സൂക്ഷ്മം നമുക്കിന്നറിയില്ല

എന്നാൽ, കമ്പനിയുമായി നേരിട്ടുള്ള നികുതി ചർച്ചയ്ക്കുവേണ്ടി കടത്തനാട്ടിലെ 'സ്ഥാനി' സമുച്ചയം, പ്രത്യേകിച്ചും അവിടുത്തെ വടക്ക്-കിഴക്കേ ഹൊബിളികളിൽ ശ്രമിച്ചു എന്നുള്ളത് വ്യക്തമാണ്.

## III മൂവായിരംനായരുടെ ഹൊബിളികൾ

കമ്പനിനികുതിക്ക് കളക്ടർ റോബർട്ട് റിക്കട്ടസിന്റെ കാലം വരേക്കെങ്കിലും (സി.1803) വടക്കൻ മലബാറിൽ മൈസൂർ നമ്പറാനയുടെ സ്വരൂപമാണ് ഉണ്ടയിരുന്നത്. ഇതിന്റെ പിരിവുകാരനായി ചുമതലയേറ്റവർക്കാകട്ടെ മൈസൂർ കർണാട്ടിക്കിലെ റവന്യൂ ഫാർമേഴ്സിന്റെ - ഇജാരേദാർമാരുടെ- സ്വഭാവവും. അതുകൊണ്ട് 18ാം നൂറ്റാണ്ടിലെ ഇജാരെദാരി-[റവന്യൂ ഫാമിംങ്] നടത്തിപ്പിൽ ഘടനാപരമായി ഉൾചേർന്നിരുന്നതായി സഞ്ജയ് സുബ്രഹ്മണ്യവും സി.എ.ബെയ്ലിയും അഭിപ്രായപ്പെടുന്ന 'പിരിവുകാരന്റെ സാമ്പത്തീകവും രാഷ്ട്രീയവുമായ അക്യുമലേഷൻ സാധ്യതകൾ'[28] മലബാറിലെ കമ്പനിനികുതിപിരിവിന്റെ കാര്യത്തിലും ഉണ്ടായിരുന്നതായിവേണം കരുതാൻ.

ലേലത്തുക അഥവാ അച്ചാരത്തിന്റെ അഭാവം മലബാറിലെ കമ്പനി നികുതിപിരിവിനെ മാനക- ഇജാരയിൽ നിന്ന് വ്യത്യസ്ഥമാക്കുന്നു. എന്നാൽ, വർത്തക ജാമീൻമാരുടെ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം, പിരിവകാരന്റെ രാഷ്ട്രീയാധികാര ലബ്ദി എന്നിവ കമ്പനിനികുതിയെ, അതിന്റെ പിരിവുകാരെ, റവന്യൂഫാമിംങുമായി വലിയ സാമ്യതയിൽ നിറുത്തുന്നുണ്ട്.

കടത്തനാട്ടിലെ കമ്പനി നികുതി പിരിവിൽ അക്കാലത്തെ വടക്കൻമലബാറിലെ പ്രധാനവർത്തകരായ ചൊവ്വക്കാരൻ [29] മക്കി, ചൊവ്വക്കാരൻ മൂസ, മാർക്കോ അന്തോണിയോ റോഡ്രിഗഡ്, സറാപ്പ ലക്ഷ്മണൻ തുടങ്ങിയവർ വളരെ താത്പര്യത്തോടെ പങ്കുകൊണ്ടിരുന്നു.[30] കടത്തനാട് മാനുസ്ക്രിപ്റ്റ് ലറ്റേഴ്സിലെ കത്ത് നമ്പർ 125; നാദാപുരം, പാറക്കടവ് ഹൊബിളികളിലെ നികുതിപിരിവിൽ ഇടപെട്ടിരുന്ന 'ജാമിൻ'മാരായി

മഞ്ചഷേണായി, ബാബുഷെട്ടി, കുശലഭട്ട്, ബപ്പൻകുട്ടി എന്നീ വർത്തകരെ പരിചയപ്പെടുത്തുന്നുണ്ട്. [31] കടത്തനാട് കാന ഗോപി ചെലവുരായൻ വെങ്കിടസുബ്ബയ്യൻ കുറുങ്ങോട്ട് കല്ലായി പ്രദേശത്ത് മുഖ്യസ്ഥൻമാർക്കൊപ്പം കച്ചവടക്കാരെ കാണാഞ്ഞാൽ കുടിയന്മാർ പൈമാശി ["പാട്ടംകണ്ട് മതിച്ച് നേരുപോലെ പറയുന്നത്'' ] സമ്മതിച്ച് തരില്ലാ എന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട് [32]

ഇതൊക്കെ കാണിക്കുന്നത് കമ്പനി നികുതി പിരിവിന്റെ ഏറ്റവും സാധാരണ അടിത്തട്ട് വരെ വർത്തകമൂലധനവും 'വാണിഭ പീടിക'മുതൽക്കുള്ള അതിന്റെ സ്ഥാപനരൂപങ്ങളും സാന്നിദ്ധ്യമറിയിച്ചിരുന്നൂ എന്ന് തന്നെയാണ്. പാറക്കടവത്ത ഹൊബിളിയിലെ 21 ദേശത്തറകളിൽ 974ലെ 'പറമ്പ് പൈമാശി', 115 പീടികകൾ ("വാണിഭ'', "മാട'', "വലിയ'' എന്നീ വിശേഷണങ്ങളോടെ) കാണിക്കുന്നുണ്ട്. ഇതേ തറകളിൽ 287 'മുത്തർപ്പ്' പരിധിയിലുള്ള കള്ള്ചെത്തുകാരും 41 "എണ്ണയാട്ട ചക്കു'' കളും ഉണ്ടായിരിന്നു എന്നു കൂടി ഓർക്കുന്നത്, ഈ ഹൊബളിവലരെ സജീവമായ ഒരു പറമ്പ് കൃഷി മേഖല എന്ന നിലയിൽ അനുഭവിച്ചുകൊണ്ടിരിന്ന സമ്പദ്പ്രക്രിയകളുടെ തീക്ഷ്ണ സാന്ദ്രത മനസ്സിലാക്കുന്നതിന് നമുക്ക് സഹായകരമായി ഭവിക്കും.

പാറക്കടവത്തെ ഭൂമി കൈവശാവകാശത്തിന്റെ അന്നത്തെ ഘടനയിലും ഇത് പ്രതിഫലിക്കുന്നുണ്ട്. ഇവിടുത്തെ ചക്കിയാട് മുതൽ മൊടവന്തേരിവരെയുള്ള 20 ദേശത്തറകളിലെ 3249 ജൻമപറമ്പുകളിൽ ഏറ്റവും കുറഞ്ഞത് 714 എണ്ണം[33] അതിന്റെ ജൻമാരികൾ, കൈവശാവകാശം സംബന്ധിച്ച് മറ്റ് കരാറുകൾക്കൊന്നും വിധേയമാകാതെ, അവരവരുടെ മേൽനോട്ടത്തിൽ കൃഷി അടക്കമുള്ള "മുതൽഎടുപ്പ് '' സങ്കേതങ്ങളെ ഉപജീവിക്കുന്നൂ എന്ന അർത്ഥത്തിൽ "തനത് നടപ്പ്'' ആയിട്ടാണ് പറമ്പ പൈമാശിയിൽ പട്ടികപ്പെടുത്തപ്പെട്ടിരിക്കുന്നത്. മൊത്തം ജന്മപറമ്പുകളിൽ അഞ്ചിൽ ഒരു ഭാഗത്തിലേറെ (22%) 'തനത് നടപ്പ്'യാകുന്നൂ എന്നർത്ഥം . ഈ 714 എണ്ണത്തിന്റേയും നടത്തിപ്പ്കാരായി 169 ജൻമാരികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. 'തനത്

നടപ്പ്'യുള്ള ജൻമാരികളെ ഒരുഗണമായ് എടുത്താൽ തന്നെ ആഗണം വലിയതോതിലുള്ള 'ആന്തരഭേദ' (Internal differentiation)ത്തിന് അടിപ്പെട്ടിരിക്കുന്നതായി കാണാം. ഒറ്റ പറമ്പ് ഖണ്ഡത്തിൽ മാത്രം 'തനത് നടപ്പ്'യുള്ള കൊടിയത്തൂരിലെ 'കരുവന നമ്പൂരി'മുതൽ ഒമ്പത് ദേശത്തറകളിലായി 90 പറമ്പുകൾ 'തനത് നടപ്പ്'യാക്കിരിക്കുന്ന ജൻമാരി 'പൊതികണ്ടി ചൊക്രു'വരെയുള്ളവർ അക്കൂട്ടത്തിലുണ്ട്. പാറക്കടവത്ത് ഹൊബളിക്ക് പുറത്ത്നിന്നുള്ളവരാണ് എന്ന വ്യക്തമായ സൂചനകൾ നൽകുന്ന 'തനത് നടപ്പ്'ക്കാരും ജൻമാരികളുടെ ഇടയിൽ കാണാം. കല്ലേരി മഹദ്, ചൊവ്വക്കാരൻ മൂസ, കോയിക്കോടൻ ചെന്തു, ഈച്ചലി കുട്ട്യാലി, എടക്കാടൻ അത്തൻ പോക്കർ എന്നിവർ അതിൽ ചിലരാണ്. തലശ്ശേരിയിലെ കേയിക്കൂട്ടത്തിലെ ചൊവ്വക്കാരൻ മൂസയും വടകര അങ്ങാടിയിലെ ഈച്ചലികുട്ട്യാലിയും അക്കാലത്തെ പ്രമുഖ കച്ചവടക്കാരാണ് എന്നത് സുവ്യക്തമാണ്. [34] കൊയിക്കോടൻ ചെന്തുവിനും പൊതിക്കണ്ടി ചൊക്രുവിനും ഈച്ചലികുട്ട്യാലിക്കുംപാറക്കടവിന് പുറത്ത് കുറ്റിപ്പുറം ഹൊബിളിയിലും തോടന്നൂർ ഹൊബിളിയും തനത് ഭൂനടപ്പയുള്ള ജൻമപറമ്പകൾ ഉണ്ട്.[35] അതുപോലെ കടത്തനാട്ടിലെല്ലാടവും ''തനത് നടപ്പാ''യോ 'നടപ്പ്'യായോ പറമ്പുകളുള്ള ചൊണ്ണിതുപ്പിക്ക് പാറക്കടവത്തെ രണ്ട് തറകളിൽ ഭൂമിയുണ്ട്. ഒന്നിലധികം ദേശതറകളിൽ തനത് നടപ്പയുള്ളവർ പാറക്കടവത്ത് ഹൊബിളിക്കകത്ത്മാത്രം 35 പേരുണ്ട്.

പാറക്കടവത്തെ 'തനതി'ന്റെ കണക്കിൽ രാജജന്മമായ കുറ്റിപ്പുറം അതിന്റെ താരതമ്യേനയുള്ള അഭാവംകൊണ്ട് ശ്രദ്ധേയമാകുന്നുണ്ട്. ആകെ 714 തനത് നടപ്പയിൽ കുറ്റിപ്പുറജന്മത്തിന് കേവലം 8 ''തനത് നടപ്പ്'' മാത്രമേയുള്ളൂ. ഇത് കേവലം പാറക്കടവത്തേ മാത്രം പ്രത്യേകതയല്ല. കടത്തനാട്ടെ എല്ലാ ഹൊബിളികളിലും കുറ്റിപ്പുറത്തിന് ''തനത് പറമ്പ് നടപ്പ്''യിൽ വലിയ പങ്കൊന്നുമില്ലായിരുന്നു. ഇത് മറ്റൊരു തരത്തിൽ പറഞ്ഞാൽ രാജജൻമത്തിന് സമാന്തരമായി പലപ്പോഴും അതിന് പ്രബലമായ സാമൂഹ്യപ്രതിപക്ഷം എന്ന രീതിയിലാണ് 'തനത് നടപ്പ്'യുടെ കടത്തനാട്ടെ വികാസം ഇത് ഒരു പ്രതിഭാസമെന്ന

നിലയിൽ വടക്കൻ മലബാറിലാകമാനമുണ്ടായിരുന്നോ എന്ന തിനെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമുണ്ട്.

പാറക്കടവത്തെ പറമ്പുജൻമങ്ങളുടെ വിശകലനത്തിൽനിന്ന് വെളിപ്പെട്ടുവരുന്ന മറ്റൊരു പ്രത്യേകത 'കാണ'ത്തിന്റെ വളരെ നിയന്ത്രിതമായുള്ള സാമൂഹ്യവിതരണമാണ്. മതിച്ച് പറയുകയാണെങ്കിൽ ആകെ പറമ്പ്ജൻമങ്ങളുടെ നാലിൽ ഒന്നിൽ താഴെ മാത്രമാണ് കാണാരികളുടെ കണക്കിൽ പെടുത്തിയിരിക്കുന്നത്. പകുതിയിലധികം ജൻമപറമ്പുകളും 'കാണക്കാരില്ലാതെ /കാണം സൂചിപ്പിക്കപ്പെടാതെ , തത്പ്പരകക്ഷികൾക്ക് 'നടപ്പ്'യായി കൊടുത്തിരിക്കയാണ്. ഈ പറമ്പ്നടത്തിപ്പിലെ 'കുടിയായ്മ' സംബന്ധമായ വിശദാംശങ്ങൾ 'പൈമാശി'രേഖകളിൽനിന്ന് അറിയുവാൻ കഴിയില്ല. എങ്കിലും ഒറ്റ നോട്ടത്തിൽ തെന്നിന്ത്യയിലാകാമാനം ഭൂബന്ധങ്ങളിലെ വാണിജ്യവൽക്കരണത്തോട് ബന്ധപ്പെട്ട നിലയിൽ കാണപ്പെടുന്ന ഷെയർക്രോപ്പിങ്ങുമായാണ് രൂപപരമായി 'നടപ്പ്' ചേർന്നുനിൽക്കുന്നത്.

ഈ പ്രതിഭാസങ്ങൾ എല്ലാം 1792ലെ ശ്രീരംഗപട്ടണം സന്ധിക്ക് ശേഷം ഒറ്റരാവുകൊണ്ടെന്നപോലെ സംഭവിച്ചതായി കരുതപ്പെടുന്ന 'നിർബന്ധിത വാണിജ്യവൽക്കരണത്തിന്റെ' ദൃഷ്ടാന്തം മാത്രമായി ഒതുക്കുന്നത് രീതിശാസ്ത്രപരമായി ശരിയായിരിക്കില്ല. ഈ പ്രദേശത്തിന്റെ കമ്പനിഭരണ്തിലേക്കുള്ള പരിവർത്തനത്തിൽ അന്തർഭവിച്ച രാഷ്ട്രീയപ്രക്രിയ അടുത്ത് മനസ്സിലാക്കുന്നതിന് ഇങ്ങനെയുള്ള ഒതുക്കലുകൾ തടസ്സമായി നിൽക്കും.

17-ാം നൂറ്റാണ്ടവസാനം മുതൽക്ക് മലബാർത്തീരത്താകമാനം സ്വരൂപികളും രാജാക്കൻമാരുമായവരുടെ 'ചേരിക്കൽ പൊഴത്തി' കൈകാര്യത്തിലും 'തെണ്ട'പ്രയോഗത്തിലും നമുക്ക് കാണുവാൻ കഴിയുന്ന പിരിവിന്റെ കണിശത, അതിനോടുള്ള സാമൂഹ്യമായ എതിർപ്പ് എന്നിവ കാലാന്തരത്തിൽ ക്രമാനുഗതമായി പരിണമിച്ചതിന്റെ തുടർച്ചയാണ് രാജാക്കൻമാർതന്നെ മുതലെടുപ്പുകാരായി മാറിയ ഖുദാബാദ്/ കമ്പനികാലങ്ങൾ

കടത്തനാട്ടിൽ ഈ പിരിവ് സംശയമന്യേ നികൃഷ്ടരൂപമാർജിച്ചിരുന്നു. പിരിവിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ സ്ഥാനം

നിർണ്ണയിക്കപ്പെട്ട് പോന്നിരുന്ന ഒരു കാലത്ത് അത് അങ്ങിനെ യാവാനേ തരമുള്ളൂ. അതിലും പ്രധാനമെന്ന് ഈപ്രബന്ധം ക രുതുന്നത് നികുതി പിരിവിലെ കണിശത, അത് ഏതേതല്ലാം പേരുകളിൽ അറിയപ്പെട്ടിരുന്നാലും, മലബാറിന്റെ ആഭ്യന്തര ചരിത്രത്തിന്റെ – മലബാർ ഒരു സമ്പദ്-മേഖല എന്ന രീതിയിൽ വിന്യസിക്കപ്പെട്ടിരുന്ന വിവിധഭൂപടരാശികളുടെ – ഭാഗം ത ന്നെയായിരുന്നു. അതുമാത്രമല്ല, മുതലെടുപ്പിൽ കാണുന്ന ഈ കണിശതക്ക് ബർട്ടൺ സ്റ്റെയിനും പിന്നീട് സഞ്ജയ് സുബ്ര ഹ്മണ്യവും അഭിപ്രായപ്പെട്ടപോലെ, തെന്നിന്ത്യയിൽ ആകമാ നം പ്രാഗ്- ആധുനിക പ്രതിഭാസങ്ങളായി അടയാളപ്പെടുത്തു വാൻ കഴിയുന്ന ചെറുതെങ്കിലും കേന്ദ്രീകൃത അധികാരമുള്ള നാട്ടുരാജ്യങ്ങളിലെ പ്രധാന രാഷ്ട്രീയ പ്രത്യയശാസ്ത്രമായി മാറാനും കഴിഞ്ഞിട്ടുണ്ട്.

പിരിവിന്റെ ഈ പ്രാധാന്യത്തെ എല്ലാ രാഷ്ട്രീയപങ്കാളിക ളും അലംഘനീയമായ ഒരു പ്രമാണം എന്ന നിലയിൽ അംഘീ കരിച്ചുകൊടുക്കുകയോ പലേടത്തും വകവെക്കുകയോ പോ ലു ചെയ്തിരുന്നില്ല. 18-ാം നൂറ്റാണ്ടിന്റെ പകുതിക്ക് കോലത്തു നാട്ടിൽ കാണുന്ന പൊതുവിൽ 'മൂപ്പിളമ'/ പിന്തുടർച്ചാ തർക്കം എന്ന് വിലയരുത്തപ്പെട്ട സംഘർഷങ്ങളിൽ പലതും 'തെണ്ട പി രിവ് സംബന്ധികൂടിയായിരുന്നു. 1740കളിൽ കല്യാടൻ ന മ്പ്യാർമാരും 'പ്രിൻസ് ഒക്കു'വും കോലത്തിരിക്കെതിരെയായി, അക്രമിക്കപ്പെടുന്നതും കൊല്ലപ്പെടുന്നതും , മുതലെടുപ്പ് സം ഘർഷങ്ങളിലാണ്. തെക്ക് നെടുവിരിപ്പിൽ സ്വരൂപത്തിങ്കൽ ചു നങ്ങാട്ട് ചേരിക്കൽ, തറക്കൽ, ഈരമ്മമേനോൻ സാമൂതിരിയെ വെടിവെച്ച് വധിക്കാൻ ശ്രമിക്കുന്നതും "ചേരിക്കൽ പൊഴത്തി" യുമായ് ബന്ധപ്പെട്ട സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ്. ഇതുപോലെ കോട്ടയം പടിഞ്ഞാറെ കോവിലകം കേരളവർമ്മ കമ്പനിയുമായി ശീഘ്മയിൽ വരുന്നത് പഴവീട്ടിൽ ചന്തു കാര്യ ക്കാരന്റേയും തന്റെ ജ്യേഷ്ഠൻ, കോട്ടയം-കുറുനമ്പ്രനാട്ട് വീര വർമ്മയുടേയും പിരിവധികാരത്തെ ചോദ്യം ചെയ്തുകൊണ്ടാ ണ്. ഇത്തരം 'പിരിവധികാര'ത്തിലുറച്ച തർക്കങ്ങൾ തുറന്ന സംഘർഷങ്ങളിലേക്കും, സംഘർഷങ്ങൾ 'അഡ്ഹോക്ക്'

സ്വാഭാവമുള്ള പുതിയ സഖ്യങ്ങളിലേക്കും വളരുന്നത് മലബാറിന്റെ 18-ാം നൂറ്റാണ്ടിന്റെ ഒരു സാധാരണ കാഴ്ചയാണ്.

മുതലെടുപ്പിന്റെ ഭൗതിക ഉള്ളടക്കം പോലെതന്നെ എതിർപ്പിന് കാരണമായത് അത് ദ്യോതിപ്പിച്ച രാഷ്ട്രീ സംജ്ഞകൾ ആണ്. 'മിലിട്ടറി-ഫിസിക്കലിസ'ത്തെ കുറിച്ച് മുമ്പ് സൂചിപ്പിച്ച ചർച്ചയിൽ ബർട്ടൻസ് സ്റ്റെയിൻ അഭിപ്രായപ്പെട്ടപോലെ പ്രാഗ്-ആധുനിക തെക്കേ ഇന്ത്യയിൽ കണിശതയാർന്ന മുതലെടുപ്പ് രണ്ടുതരം സാമൂഹ്യാധികാരപ്രയോഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തെ രാഷ്ട്രീയമായി അടയാളപ്പെടുത്തുന്നുണ്ട്. ഇത് അഭികേന്ദ്രബലാധിഷ്ഠിതമായ രാജാത്വവും (ventripital kingship) പുനർ വതരണാത്മകമായ പ്രഭുത്വവും (re- distributive lordship) തമ്മിലുള്ള വൈരുദ്ധ്യമാണ്.

ഈ വൈരുദ്ധ്യം സന്നിവേശിപ്പിക്കപ്പെടുന്ന ചരിത്ര സന്ദർഭങ്ങളിലൊക്കെ രാജാവ് അഥവാ 'രാജാത്വം' കേന്ദ്രീകൃതാധികാരത്വരയോടുകൂടിയ സങ്കേതമായി രൂപമാർജ്ജിക്കുന്നതും സാമന്ത സ്വഭാവമുള്ള ഏകോപിത സംഘങ്ങൾ (Corporate groups) ഇതിനെതിരിൽ വികേന്ദ്രീകൃത വിഭവനിയന്ത്രണത്തിലൂന്നിയ തങ്ങളുടെ രാഷ്ട്രീയ ശാഠ്യം പ്രകടിപ്പിക്കുന്നതും കാണാവുന്നതാണ്.

In the last decade of 18th century things once again changed with English East India Company defeating the Mysore and bringing Malabar under their direct control. Once fled Brahmin landlords returned to their original home and began to claim their lost status pushing the Poduval once again as tenant. It ensured continuous feud between the Brahmin and Poduval in which many matrilineal heads of the Poduval taravads died defending their newly created authority. Those who died defending were deified as ancestor deities and festivals were offered for them and their ritual authority were placed against the brahmanic authority. Also, these ancestral deities were brought in as potency imagining internal unity of a matrilineage with new authority and for its reproduction. Therefore, in their ritual practiceinstead of their

military skill in defending a nascent taravad, either their sorcery power or unconsummated desire in establishing an independent subsistence world are given primacy. For example, the ritual practice of a Poduval ancestor teyyam enacts an event of an ordinary boy turned to be the head of a Poduval taravad who had summoned to the battlefield while sitting before his meal, which, I interpret, is a symbolic presentation of an unconsumed authority.

What I have been arguing is that, the emergence of the ancestral deities of Poduvalhad its bearing on the changing socio-political spaces of the period and in turn the social spatial relations the new divinities constitute too were different. Meanwhile, I add that, the emergence has its import on the already available potential in teyyam to establish and re-establish differently within the changing context. That is, teyyam with its immanent potency is producing itself as new being along with creating new social spatial realities. The overall dynamics of the creation of these ancestral teyyam could also be seen as a movement towards organizing a society centered with multiple independent taravads each with its own community of subsistence. This is diametrically opposite to the kind of temple centered monolithic social order existed in the pre-colonial Malabar.

As the second case of teyyam encountering colonial I recount an event involving the English East India Company and the Kolattiri (the ruler of north Malabar) wherein the latter invoked his lineage deity Thiruvarkatt Bagavati to challenge the power of the British presence. The event illustrates the attempt by the King of Kolattiri to win British acceptance of his authority by agreeing to the fact that their power was subject to sacred power which encompassed the political and conditioned it - sacred potency which the King of Kolattiri

had direct ritual access to and a lineage-based right. The event I relate happened in 1795. The year is important since it is the period (1792-1795) in which Kolattiri lost his sovereign political authority and the entire north Malabar came under the rule of the English East India Company.

In 1795, the then 'ruling king' of Kolattiri decided to conduct a ceremony of coronation for his successor. In effect, his action was to re-sacralize the kingship, the authority of which was being threatened by the British presence. This rite or *ariyittuvazhcha* (rice throwing rite/coronation rite) was addressed to the goddess of the ruling royal lineage, Thiruvarkatt Bagavati (a female goddess worshipped in the form of teyyam). In the pre-colonial conception of state power in Malabar, the kingdom was conceptualized as under the protection of Bagavati and that it was she who authorized the ruler-ship of the king and the order of state power.

Kolattiri conveyed his decision to conduct the coronation to Handley and Stevenson, the British administrative heads of the Tellicherry Factory (the administrative centre of the English East India Company in Malabar). In the letter of notification, Kolattiri addressed the officer in charge at the colonial factory as K?ttam M?ppan (the head of the factory) and detailed that according to the customs of this place, the goddess (Thiruvarkatt Bagavati) being their patroness, Kolattiri king could not meet her and address her without in the first place performing the 'Aryitto Vaicha' [ariyittu vazhcha] (Swai 1978: 57). The king requested permission from the British to hold the ceremony.

But Kolattiri's request was turned down with the claim that he was defying the authority of the 'government of the ceded province' with a view 'to attaining his former state of independence'. What especially offended, perhaps insulted,

the head of the factory was being addressed as K?ttam M?ppan (which signified that the British were mere traders and therefore dependent).

This was not acquiescence to their authority. What the king was doing was attempting to gain the recognition by the British that their power was conditional on the goddess, on the sacred. The further motivation, I consider, behind such a request was for the king to augment his own power for if they agreed it was tantamount to the British accepting the authority of the King and his royal lineage founded in their connection and worship of Bagavati. For Kolattiri his power depended on the authority of the British rather than a goddess.

## *c. Post-independent Malabar: Teyyam becoming an Art*

Colonialism produced multiple discourses objectifying teyyam. The Christian missionaries and colonial administrators construed it as 'Devil Worship'. The 'natives' who become subjects of colonial modernity find in teyyam impediments to progress and the Left political parties viewed it a superstition yet with potential that could be made instrumental in anti-colonial and anti-feudal struggles. The trope of death and deification recur in teyyam myth has been reinterpreted as symbolic of one acquiring martyrdom fighting against domination and exploitation and for imagining class consciousness. While the colonialists, and native progressives dispensed teyyam, the left political party find in teyyam some pragmatic potency. Hence in the post-independent period, especially after government headed by leaders from the left political party were established, there emerged a situation to re-interpret teyyam, now less as a symbol to resist, but as an art. Any dispensing construing teyyam as irrational, superstitious,

uncivilized practice impeding development will be a failure. Meanwhile incorporating teyyam within State structure will be contrary to the ethics of a secular state and a radical political party which perceive religion as an ideology or false consciousness. It is in this predicament that the discursive construction of teyyam as an art-form intensified. They did it as Phillip Zarrilli (2000) and Wayne Ashley (1993) said by 'historically de-contextualizing' and cutting its vestiges with 'regressive feudalistic superstitious belief systems of the past' and making it accessible to 'the people with new content'; in short, as an art. State and Party sponsored conferences, workshops, and seminars were held discussing why teyyam should be considered an art and how it should be preserved from the onslaughts of rationality of the modernity. In the middle of 1960s onwards, filming teyyam, making museum to preserve its masks, establishing an Academy to facilitate it promotions inside and outside Kerala were began. As part of it teyyam began to move out of its sacred spaces of worship into stages, public procession, and national folk festivals and parades. Thus first it got the value of a 'traditional art', then a plethora of designation all suffixed with the word 'art' like 'folk art', 'religious art', 'ritual art', 'popular art', and culminated recently with name a 'classical art'. In such discourses and practices teyyam emerged as an arboreal devalued of its capacity to transcend boundaries. This, I would argue, is an aspect of centralizing or tying of a rhizomic potency.[7] Teyyam reconstituted as art thus became an object symbolizing identify of the Kerala state, a sign of her unique culture and religious symbiosis. Here teyyam's inner virtual dynamic is frozen by government interventions thereby it became a museum object of heritage.Despite these, teyyam maintained its relevance in a constantly changing and socially differentiating world as a

dimension of its internal ritual dynamics. Its dimension is evident in the developments of the recent past, which I will discuss below.

## *d. Teyyam and the New Social dynamics*

Three aspects are apparent in the teyyam ritual worship of the contemporary period. They are the increasing urge to revive taravad-teyyam in the name of reviving taravad, increasing number of *perumkaliyattam* (festival for interlinked lineages), and proliferation of the worship of Muttappan and his movement beyond Malabar. Perhaps, experiencing the effects of neo-liberalism may be a condition for the revival. Liberalism came to Malabar in the form of structural adjustments and 'good governance'. As a consequence of these, State began to withdraw from social welfare commitments, including public distribution system, health and educational sectors. Employment became scarce and the available few are madedaily wage or contract assignments, instead of permanent employments. Coupled with this is the increasing price for essential goods and the domination of the logic of the new market selling 'life style products'. Living in the midst of the scarce resources and limited opportunities people were pushed into a vicious circle of personal credit system, which effectivelycreated a feeling that they are living in a risk society. It all happened on top of the material erasure of taravad related matrilineal kinship and production relation through enactment of The Land Reform Act and the Matrilineal Abolition Act, which supported their existence in many ways in the precolonial and colonial period. It is in the middle of this chaotic situation that people began to revive teyyamas an anti-structure. While teyyam like Muchilot Bagavati in and through its

ritual attempted to imaginarily reconstituted taravad and kinship relation and social relations of non-modern time, Muttappan addressed highly pragmatic issues of the everyday life in places of uncertainties inside and outside Malabar. Here we will see the social space that generated teyyam and the social spatial relation teyyam generates once again changing. While Bagavati, or,for that matter, divinities adhered to matrilineal taravads, in and through their ritual processimagined a medieval worldwith a social spatial relation corresponding to the non-modern differentiation and hierarchy within the matrilineage and also in the larger social world of its existence, Muttappan being a divinity de-linked from taravad and matrilineage, on the other hand, operatednot through a medieval imaginary built around caste, power, rank or status, but on the image of pragmatic being of the now and immediate who could break through the hindrances and obstacles of living as they are met and forming new relations as the situation fits.

So far I have argued that teyyam is an event which is sensitive to changing contexts. They can be grasped as reactions to dimensions of the worlds in which they take shape and upon which they have effect. In this they do not merely express or represent but achieve potency in the constitution and forging of existential orientations as well as social relations in everyday lived social worlds. Teyyam are integral to the continually differentiating dynamics of social realities manifesting its discontinuities-the breaks, crisis, disruptions and transgressive movements of ongoing political and social processes-and also effecting their continuities often in new directions or along new paths or trajectories of life.

My argument should not be reduced to what Comaroff and Comaroff (1993) and Geschiere (1997) would argue that ritual changes or is conditioned by circumstances of vulnerability

and uncertainty. I am not completely ruling out such a possibility, but my interest is not to perceive teyyam as an object of such a pathological indicator of social breakdown. Instead I argue that teyyam is always adjusting to new socio-political space, except when its inner virtual dynamic is frozen by government interventions.

## The cosmic space of *teyyam*

Now I will resort to a discussion on whether the cosmic space of teyyam changed through time. To put bluntly, I argue, it did not. Instead,teyyam is a ritual practice that enables its participants to develop continually their relations to changing realities by the very means of its apparent traditionalism or stasis. Or in other words, despite being sensitive to the changing contexts and recreating the social spatial difference in relation to changing temporality, the cosmic space of teyyam remain constant, yetit is a plane of immanence.[8] I also argue that what allows its continuityis the ritual virutality. Following Deleuze I perceive virtual as a dynamic process internal to ritual without any essential representational symbolic relation to the external realities, rather it produces its own reality.However, virtuality as internal dynamics of ritual may change the existential circumstances of persons in non-ritual realities. This demands, I quote Kapferer, "no necessary change in the overall cosmological symbolic shape or practiced elements or events defining the rite as it has been historically developed. Thus, a rite that has been fashioned in the circumstances of specific historical process... may continue a vital changing or transformational function due to the nature of its inner dynamics" (2005: 47).Perhaps the ritual worship of teyyam keeps its relevance and import in the continually

changing social space through its relative lack of change, especially its cosmic space.

Cosmic space does not represent the totality of existence, but, perhaps, virtualize it. I view cosmic space as a plane of immanence and emergence. This notion of cosmic is contrary to one of the major theories of cosmos that Don Handelman and David Shulman developed in the case of South India. They conceive cosmos like a dough-nut with its kernel empty but always filled externally. Cosmos, for them, is always on move, continuously changing through an emptying and filling up process, the latter is equivalent to closing up of the interior hole. For them the cosmos in the move is antithetical to stasis and the move creates condition for the continuous emergence of something new absorbing things from external lived world. Therefore, "Cosmos, in its temporal and spatial process, is recreated daily, the whole purpose of this renewed creation being to produce or ensure the potential for uncluttered, non-entropic, playful space" (2004: 61).

Contrary to this perception I view cosmic space as singularity. Singularity can be defined as a hidden agency defining a regularity (by regularity I mean a potential for all times and not generality of a here, now and for us) across a series of ordinary points (until it reaches the vicinage of another singularity). It is the condition of real experience that are (1) no more general than that which they condition (against Kantian and Platonic thinking) and (2) share no resemblance to that which they condition. Moreover, as Deleuze argues, singularity 'pre-individual, non-personal, and a-conceptual. It is quite indifferent to the individual and the collective, the personal and the impersonal, the particular and the general-and to their opposition. Singularity is 'neutral' (Deleuze: Logic of Sense: p. 52). It is a point determining an actual thing as a process or as a

'becoming' but themselves resistant to identity. Or in other words it is *apriori* to individual and social, but istranscendental singular.It requires nothing external to fill up or model anything external. Cosmos in itself is an intensive space and a creative open whole. It has aspects of virtual (or is a kind of virtual) since both emerges from the ritual space.

The two examples of the continuity of cosmos through the means of traditionalism or stasis illustrated in my earlier researches could be taken to ethnographically illustrate my point (Vadakkiniyil 2009 and 2010).Both examples could be interpreted as creative, potentialities, and capacities emergent of singularities. The ethnographic examples are the bringing forth of the ritual virtual medieviality, and*tali*-marriage and *taravad*, all are generated from the cosmic totality/singularity of teyyam Muchilot Bagavathi. She is continuity and an open whole, a self developing fertilizing becoming.

The medieviality that instances a surfacing of continuity is an imagined reality of a non-modern reality (more than to an actual medieval reality) in which the powers in political and social existence (past or present) might be said to discover a continuing clear expression. This is also an aspect of the virtuality of rite and festival-a reality that is not reducible to realities that are external to the festival. Medieviality might be conceived as an EVERY REALITY having no necessary connection to any specific reality of the past despite being imagined or legitimated in such a way. The dynamics of Bagavathi's cosmos creates it within herself which is oriented not only to the past but is simultaneously oriented to the future.

The *tali*-marriage and taravademerge in the ritual process too is integral to the stasis of cosmic space. Despite being eclipsed from the everyday lived reality of Malabar, these institutions emerge as ritual virtuality. None of these institutions

has anything to do with the pragmatic concerns of the lived everyday life of the people of present day Malabar. Also, they are not representing anything existing in the lived everyday world. Rather, they have more to do with the past and not to the present, perhaps an imagined past.

These are possible since cosmos permits numerous arrangements or rearrangments of its elements in relation to personal or grounded meaning without the overall parameters changing. This also validated the point that cosmic space is not a closure, but it is open, perhaps enduringly open, internally in continual creation, enduringly creating something new, always looking forward to the future.

While arguing the stasis of cosmic space I am not reducing cosmos as an inert space devoid of potency to change things outside. Instead, it is a dynamic structure of articulation and construction. It link us with the question of difference. How it is possible to produce difference while repeating? Enquiry into this aspect must begin with the assumption that interiority of the cosmos is dynamic. Kapferer writes, "the inner dynamics of a rite --even though it may be repeated in much the same way over long periods of time-- are not opposed to statics or change. ... the dynamics of what might be conceived as a generally repeatable or unchanging form are the key to the continuing vitality of some rites--their capacity to regenerate participants and their realities, often in original ways" (2004: 40)

In this repetition cosmos is not representing any external world. The medieviality, *tali*-marriage, and the taravad I mentioned are not empirically verifiable in the lived everyday life of the contemporary Malabar. Meanwhile, it is real without representing anything outside symbolically. Then how do we understand this? Here is the importance of Deleuze's

conceptof transcendental empirical. An explanation to that will also help us to exposes the limitations of dominant theories of ritual. Those theories, especially Durkhemian representational, begin with 'the actualized or constituted phenomena and then double it with a set of conditions for this phenomena based on their resemblance to the phenomena to be grounded', meanwhile, the transcendental empirical stands for a non-empirical condition for experience. I quote, "transcendental empiricism deals not with the formal conditions of the possible sensible, nor with the material conditions of the things to be sensed, but with the genetic conditions of real sensation. The reasons behind experiences should be sought in neither formal conditions nor material explanations, but in a source that is neither conceptual nor material nor possible nor actual. This source is known as the idea or the virtual, a whole of pure differentiation that is real but not actual, that determines the actual through differentiation and that is reciprocally determined by the actual. Experience should be sought in a source (which is the virtual) and not in material and sensible.''The cosmos and the virtual in ritual I brought in through the analysis are transcendental singularities. Here, the cosmos (virtual as well) accounts for the generation of real experience in and through the ritual virtuality, and not to an objectively verifiable empirical outside of the ritual, and not as something which should be emptied out always to get filled up from outside. Therefore I say, ritual and cosmos it generates is *apriori* social. It is not an empirical phenomena and it always implies the existence of something which cannot be rationally accounted for. From an external view of a system (a dynamic cosmology) will see perhaps lots of changes, in detail, emerging form, etc., But those internal to it may see continuing, or what I would say they are given to

see it as the same. Like Alain Badiouian void, ritual (in our case teyyam) is infinitely multiple while at the same time remaining essentially unchanged. I conclude by quoting Marshall Sahlins's Islands of History, that, 'the more things change the more they stay the same'.

---

**End Note**

1. Teyyam has received attention of academic disciplines such as Linguistics and Literature, Folklore, History, Anthropology, Ethnomusicology, Theatre and performance studies, Art and Art History, Development Economics, Sociology, and Environmental Science. Explanations varied methodologically from evolutionism to functionalism and structuralism to post-structuralism. The list of books on teyyam is exhaustive. However, for more details following books can be referred to: Ashley 1992, Azhikode 2007, Chandran 2002, Chandera 2004, Freeman1993, Kannan 2011, Komath 2013, Koramangalam 2009, Kurup 2000[1973], Mason 2006, Menon 1992, Namboothiri 1990, Payyanad 1998, Vadakkiniyil 2009 and 2014.
2. Teyyam has received attention of academic disciplines such as Linguistics and Literature, Folklore, History, Anthropology, Ethnomusicology, Theatre and performance studies, Art and Art History, Development Economics, Sociology, and Environmental Science. Explanations varied methodologically from evolutionism to functionalism and structuralism to post-structuralism. The list of books on teyyam is exhaustive. However, for more details following books can be referred to: Ashley 1992, Azhikode 2007, Chandran 2002, Chandera 2004, Freeman1993, Kannan 2011, Komath 2013, Koramangalam 2009, Kurup 2000[1973], Mason 2006, Menon 1992, Namboothiri 1990, Payyanad 1998, Vadakkiniyil 2009 and 2014.
3. There are many works discussing theories of ritual. For a basic

understanding see Bell 1992,Handleman and Linquist Eds. 2005, Kapferer 1993, Kreinath, Snoek and StausbergEds. 2006, and Rappaport 1999.

4. Kolattiri or KolattunadSwarupam was the precolonial political authority in north Malabar. Historians trace their origin in erstwhile Mushkavamsa and argue that a territorial unit including the present day Kannur and Kasaragod districts would have under their control.
5. To know more about the association of these castes with ritual worship of teyyam see Kannan 2011,Koramangalam 2009, Karippath 2005, Namboothiri 1998.
6. For more details on Muttappan see Kannan 2007, Priadarsanlal 1988 and Vadakkiniyil 2012.
7. See Vadakkiniyil 2009.
8. Rhizome is a concept developed by Gilles Deleuze to develop an anti-genealogical thinking. While genealogical thinking imagines a centralized tree like movement, rhizome permits heterogeneous movement and jumping from one already differentiated line to another (Deleuze and Guattari 2004: 11)
9. Deleuze's concep tof plane of immanence could be viewed as a milieu that moves infinitely in itself. "This is a place in which a certain number of creatings can hold together or consist, without compromising their divergent self-positing or autonomy" (Hallward: 144).

---

**References**


- Ashley, Wayne. 1993. "Recodings: Ritual, Theatre and Political Display in Kerala State, South India." Unpublished PhD. Dissertation submitted at the Department of Performance Studies: New York University.
- Azhikode, Sanjeevan. 2007. *TheyyathileJativazhakkam*. Kottaym: Current Books.
- Bell, Catherine. 1992. *Ritual Theory, Ritual Practice*. New York:

Oxford UP.

- Bloch, Maurice. 1992. *Prey into Hunter: The Politics of Religious Experience*. Cambridge: Cambridge University Press.
- Bourdieu, Pierre. 1985. "Social Space and the Genesis of Groups". *Theory and Society*. Vol. 14, No. 6. (Nov., 1985), pp. 723-744
- Comaroff, Jean and John Comaroff. 1993.*Modernity and Its Malcontents: Ritual and Power in Postcolonal Africa*. Chicago and London: The University of Chicago Press.
- Chandera, C.M.S. 2004. *Theyyathinte Adiroopam*. Kottaym: DC Books.
- ---. 1974. *AthyutharaKeralathinteAjnathaCharithram*. Kannur: C.M.S. Chandera
- Chandran, T.V. 2002. *Ritual as Ideology: Text and Context in Teyyam*. New Delhi: D K Printworld Pvt. Ltd.
- Deleuze, Gilles. 2005[1968]. *Difference and Repetition*. London and New York: Continuum.
- Deleuze, Gilles. 1990. *The Logic of Sense*. London: The Athlone Press.
- Deleuze, Gilles and Felix Guattari. 2003 [1994]. *What is Philosophy?* London and New York: Verso.
- ---. 2004[1988]. *A Thousand Plateaus: Capitalism and Schizophrenia*. London and New York: Continuum.
- Durkheim, Emile. 2001[1912]. *The Elementary Forms of Religious Life*. Oxford: OUP.
- Freeman, J. R.1991. "Purity and Violence: Sacred Power in the Teyyam worship of Malabar." (Unpublished PhD. Dissertation). University of Pennsylvania.
- Geschiere, Peter. 1997. *The Modernity of Witchcraft: Politics and the occult practice in postcolonial Africa*. London: University of Virginia Press.
- Handelman and Galina Linquist. Eds. 2005. *Ritual in its Own Right*. New York and Oxford: Berghahn Books.
- Handelman, Don and David Schulman. 1997. *God Inside Out*.

*Siva's Game of Dice*. New York: Oxford UP.

- Hallward, Peter. 2006. *Out of this World: Deleuze and the Philosophy of Creation*. London: Verso.
- Kannan, Y.V. 2011. *TheyyamvumAnushtanavum*. Kerala Bhasha Institute: Thiruvananthapuram
- ---. 2007. Muttappan*Puravrutham*. DC Books: Kottayam.
- Karippath, R.C. 2005. *Malayile Mavilar: Jeevithavum Samskaravum. Padanam*. Thiruvananthapuram: Cultural Publication Department, Govt. of Kerala.
- Komath, Rajesh.2013. "Political Economy of The Theyyam: A study of the time-space homology". Unpublished PhD thesis submitted to Mahatma Gandhi University, Kottayam.
- Kapferer, Bruce. 1997. *The Feast of the Sorcerer. Practice of Consciousness and Power.* Chicago and London: The University of Chicago Press.
- ---. 2004. Ritual dynamics and virtual practice: beyond representation and meaning" social analysis. Vol 48, issue 2, 35-54.
- ---. 2005. "Sorcery and the Beautiful: A Discourse on the Aesthetics of Ritual". Hobert, Angela and Bruce Kapferer. Eds.*Aesthetics in Performance. Formations of Symbolic Construction of Experience*. New York and Oxford: Berghahn Books. pp. 129-160.
- ---. 2013. "Ritual Practice and Anthropological Theories". *Religion and Society: Advances in Research*. 4. Pp 3-40.
- Kurup, K.K.N. 2003[1973]. *The Cult of Teyyam and Hero Worship in Kerala*. Indian Folklore Series, No. 21. Calcutta: Indian Publications.
- Mason, Kaley R. 2006. "Socio-Musical Mobility and Identity in Kerala, South India: Modern Entanglements of Ritual Service, Labouring Musicians, and Global Artistry". (Unpublished PhD dissertation) Department of Music: University of Alberta.
- Menon, Dilip M. 1992. "The Moral Community of Teyyattam:

Popular Culture in Late Colonial Malabar." *Studies in History*. Vol. 9. No. 2.

- Namboothiri, Vishnu M. V. 1990. *Thottampattukl Oru Patanam*. Kottayam: National Book Stall
- Payyanad, Raghavan. 1998. *Folklorinu Oru Padanapaddhathi*. Thrissur: Kerala Sahithya Academy.
- Priyadarsanlal. 1988. *SriMuttappan. Puravrthavum-Charithravum*. Ellarinji: Karakkattidam.
- Sahlins, Marshall. 1983. *Historical Metaphors and Mythical Realities: Structure in the Early History of the Sandwich Islands Kingdom*. Ann Arbor: The University of Michigan press.
- Swai, B. 1978. "Notes on the Colonial State with Reference to Malabar in the 18th and 19th Centuries." *Social Scientist*.6(12). Pp. 44-65.
- Vadakkiniyil, Dinesan. 2009. Teyyam: The Poiesis of Rite and God in Malabar, South India. University of Bergen.

# സ്ത്രീ, ശരീരം, പ്രതിനിധാനം: നായികാനിർമ്മിതിയുടെ പകർന്നാട്ടങ്ങൾ

■ R. Rajasree

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം സാമൂഹിക സാംസ്കാരിക ഭരണരംഗങ്ങളിൽ വൻ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കോളനിവാഴ്ചയും മിഷണറിമാരുടെ പ്രവർത്തനങ്ങളും  കേരളത്തിന്റെ സാമൂഹ്യവ്യവസ്ഥയെയും ബോധത്തെയും അഴിച്ചുപണിതു. വിവിധസമുദായങ്ങളിൽ നടന്ന നവീകരണ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിന്നിരുന്ന അതേ സമുദായങ്ങളിലെ അഭ്യസ്ത വിദ്യരോ ഉൽപതിഷ്ണുക്കളോ ആയിരുന്നു. സമുദായത്തിന്റെ നേതൃത്വം സ്വാഭാവികമായും സമൂഹത്തിലെ ഈ മദ്ധ്യവർഗത്തിന്റെ കരങ്ങളിലേക്ക് എത്തിപ്പെട്ടു. അവരുടെ സവിശേഷ മനോഭാവങ്ങൾ, രുചികൾ, ആശയങ്ങൾ തുടങ്ങിയവയ്ക്ക് ആധികാരികത കൈവന്നു.പരമ്പരാഗതമൂല്യവ്യവസ്ഥയെ ആദേശം ചെയ്തുകൊണ്ട് താരതമ്യേന ആധുനികമെന്നു പറയാവുന്ന ഒരു മൂല്യവ്യവസ്ഥ സ്ഥാപിക്കപ്പെട്ടെങ്കിലും അത് പൂർണ്ണമായും നൂതനമായ ഒന്നായിരുന്നില്ല. പരമ്പരാഗതത്വത്തിന്റെ ശക്തമായ അടിയൊഴുക്കുകളെ അത് നിഷേധിച്ചില്ല എന്നു മാത്രമല്ല അതുമായി ചേർന്നുപോകുന്ന നവീനതകളെ മാത്രം ഉൾക്കൊള്ളുകയും ചെയ്തു. പുതുതായി രൂപപ്പെട്ട മദ്ധ്യവർഗ്ഗത്തിന്റെ താൽപര്യങ്ങളെ തൃപ്തിപ്പെടുത്തിക്കൊണ്ടുള്ള രൂപാന്തരമായിരുന്നു അത്. മതം, ജാതി, കുടുംബം, ലിംഗപദവി തുടങ്ങിയ വിഷയങ്ങളിൽ കേരളീയ

VOL 7 • ISSUE 2 • JANUARY 2016

സമൂഹത്തിന് ഇരട്ട നിലപാടുകളുണ്ടാവാൻ കാരണം ഉറച്ചുപോയ പരമ്പരാഗതത്വത്തെ മറികടക്കാൻ ആധുനികതയ്ക്ക് കഴിയാതെ വന്നതാണ്. മലയാളിയുടെ സ്ത്രീസ്വത്വനിർമ്മിതിയിലാണ് ഇത് ഏറ്റവും പ്രകടമായിരിക്കുന്നത്. അന്യമായതെല്ലാം സ്വന്തമാക്കുകയും സ്വാംശീകരിക്കുകയും ചെയ്യാനുള്ള വാസന കേരളീയ സമൂഹത്തിനുണ്ട്. ഉപരിതലത്തിൽ എത്ര മാറിയാലും ഒരിക്കലും മാറ്റംവരാത്ത ഘടകങ്ങൾ ആഴങ്ങളിൽ സൂക്ഷിക്കാനും നിർണ്ണായക സന്ദർഭങ്ങളിൽ പുറത്തെടുക്കാനും അതിനുകഴിയും. സ്വന്തം താൽപര്യങ്ങൾ തന്നെയാണ് പുറമെനിന്നും എത്തുന്നതെങ്കിൽ അവയെ ആധികാരികമായി സ്ഥാപിക്കാനുള്ള പ്രവണതയും കേരളീയ സമൂഹത്തിന്റെ പ്രത്യേകതയാണ്. പിത്രധികാരസമൂഹങ്ങൾ ആധിപത്യം കയ്യാളുന്ന സംസ്കാരങ്ങൾക്ക് പലകാര്യങ്ങളിലും സമാനതകൾ കണ്ടെത്താം. സ്ത്രീയോടുള്ള കാഴ്ചപ്പാട് അതിന് ഏറ്റവും മികച്ച ഉദാഹരണമാണ്. ആധുനികവും ആധുനികപൂർവ്വവുമായ നമ്മുടെ സാഹിത്യചരിത്രം മുൻനിർത്തി സ്ത്രീയുടെ സ്വത്വനിർമ്മിതിയെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈപ്രബന്ധം.

## 1

മനോഹരമായ സ്ത്രീവർണ്ണനകളുടെ അക്ഷയഖനിയാണ് മണിപ്രവാളകൃതികൾ. മണിപ്രവാളം രൂപംകൊണ്ടതുതന്നെ സാധാരണജനങ്ങളുമായി, പ്രത്യേകിച്ച് അവർക്കിടയിലെ സ്ത്രീകളുമായി ഇടപഴകാനുള്ള ബ്രാഹ്മണരുടെആഗ്രഹത്തിന്റെ ഫലമാണെന്നും അതുകൊണ്ടാണ് ആദ്യകാല മണിപ്രവാളകൃതികളെല്ലാം മഹിളാപ്രശംസാപരങ്ങളായിപ്പോയതെന്നും എൻ.വി. കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു. (1980: 149–158)

*മണിപ്രവാളം എന്ന പദം തന്നെ ആദ്യകാലത്തു സ്ത്രീവർണ്ണനം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. കാമദഹനം ചമ്പുവിൽ കാമദഹനത്തിനുശേഷം 'നാലുമണിപ്രവാള*

*മുയരെച്ചൊല്ലുതുമില്ലാരുമേ എന്നു പറഞ്ഞിട്ടുള്ളതു നോക്കുക* എന്ന് ഇളംകുളം കുഞ്ഞൻപിള്ളയും നിരീക്ഷിക്കുന്നു. ( 1963 : 82-82)

അതിശയോക്തിയുടെ പരമകാഷ്ഠയിൽ നില്ക്കുന്ന വർണ്ണനകൾ യുക്തിയുക്തമായ വിചിന്തനത്തിനു വഴങ്ങുകയില്ല. അതിന്റെ ആവശ്യവുമില്ല. എന്നാൽ സ്ത്രീയെക്കുറിച്ചുള്ള മലയാളികളുടെ സങ്കല്പങ്ങളെ വാർത്തെടുത്തതിൽ ഈ സംസ്കാരത്തിനും അതിന്റെ ഉൽപന്നങ്ങളായ സാഹിത്യരൂപങ്ങൾക്കും വലിയ പങ്കുണ്ട്. മണിപ്രവാളനായികമാരുടെ അംഗപ്രത്യംഗവർണ്ണനകളിലൂടെ കടന്നുപോകുമ്പോൾ തെളിഞ്ഞുവരുന്നത് മലയാളിയുടെ ഈ സങ്കല്പവനിതയാണ്. ആ രൂപത്തിൽ പരമ്പരാഗതവാർപ്പുമാതൃകകൾ ആരോപിച്ച് നിർമ്മിച്ചെടുത്തതാണ് കേരളീയവനിതയെന്ന ആദർശ/മാതൃകാസ്വരൂപം. രൂപവും ശീലവും തമ്മിലുള്ള ഒത്തിണക്കം കലാപരമായി നിർവഹിക്കപ്പെട്ടിരിക്കുന്നു ഈ നിർമ്മിതിയിൽ. (രാമവർമ്മ, 1985 : 11)

- *സ്തൂലോത്തുംഗം ചുമപ്പാൻ പണി*
  *പരമണിമൽ ക്കൊങ്കമൊട്ടെങ്കിലും നീ*
  *പാലഞ്ചുംവാണി, നാലഞ്ചടിവടിവിൽ*
  *നടന്നീടുവാടാനശോഭം*
  *ലോലംബാലോല*
  *ലീലാകുലമഴകിലഴിഞ്ഞാശുചെമ്മേ നിലംമേൽ*
  *നീലമ്മേ, നീലമമ്മേ,*
  *ചികുരഭരമടിക്കിന്റതൻപോടുകാൺമാൻ* (1985 : 12)

- *മാരാരാധന ചെയ്യുവാൻ മലയജം*
  *വെയ്ക്കുന്നപാത്രങ്ങളോ*
  *ധീരന്മാരുടെ ധൈര്യമഞ്ജുകളവാനുള്ളോരു*
  *സൂത്രങ്ങളോ*
  *പാരം ഭംഗിയൊടും വിടർന്നു*
  *വിലസും നീലാബ്ജപത്രങ്ങളോ*
  *ഹാ!രാമഞ്ചിറമന്ദിരത്തിലമരും കാവിന്റെ നേത്രങ്ങളോ?*

(രാമഞ്ചിറമഠത്തിൽ കാവമ്മയെപ്പറ്റി ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ എഴുതിയത്) (1985 : 11)

സുവ്യക്തമായ ആൺനോട്ടങ്ങളും വീക്ഷണകോണുകളുമാണ് മണിപ്രവാളസാഹിത്യത്തിലുടനീളം കാണാനാവുക എന്നതിന്റെ ഉദാഹരണങ്ങൾകൂടിയാണ് ഇത്തരം ശ്ലോകങ്ങൾ.

വൈശികതന്ത്രത്തിലെ മുത്തശ്ശി ചെറുമകൾക്ക് ഉപദേശങ്ങൾ നല്കുന്നതിനിടയിൽ ഉപയോഗിക്കുന്ന സംബോധനകളെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത് ആണധികാരവ്യവസ്ഥയിലാണ് എന്നതാണ് സത്യം. സ്ത്രീ ഉപയോഗിക്കുന്നതുകൊണ്ടു മാത്രം അത് സ്ത്രീഭാഷയോ സ്ത്രീയുടെ നിർമ്മിതിയോ ആകുന്നില്ല. പുരുഷന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് വാർക്കപ്പെടുകയും വ്യവഹരിക്കപ്പെടുകയുമാണ് സ്ത്രീസ്വത്വം. ദേവദാസിയുടെ കാര്യത്തിൽ ഇത് ഏറെ പ്രകടമാണെന്നു മാത്രം.

വൈശികതന്ത്രത്തിലെ മുത്തശ്ശി അംഗനമാർക്ക് അവശ്യം വേണ്ട വശ്യങ്ങളായി നിർദ്ദേശിക്കുന്നത് ഇവയാണ്. പുഞ്ചിരി, മധുരവാക്ക്, വണക്കം, കനിവ് സൗജന്യം, ആർദ്രത, അഴക്, വിലാസം, താരുണ്യം, മധുരമായ വഞ്ചന, കള്ളനോട്ടം, കാമം വഴിയുന്നവാക്ക്, തെളിഞ്ഞ പുഞ്ചിരി എന്നിവയും വശ്യങ്ങൾ തന്നെ. വൈശികതന്ത്രത്തിലെ സംബോധനകളിലൂടെ കടന്നുപോകുമ്പോൾ തെളിഞ്ഞു കിട്ടുന്ന സ്ത്രീരൂപം മലയാളി സമൂഹത്തിന് സുപരിചിതമാണ്. ഈ സ്ത്രീ രൂപ നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന അസംസ്കൃത വസ്തുക്കളും പരിചിതങ്ങളാണ്.

- *പുത്തൻ കരിങ്കൂവളപ്പൂപോലുള്ള കണ്ണുള്ളവളേ (ശ്ലോകം 3)*
- *വീണയുടെയും കിളിയുടെയും ശബ്ദം പോലുള്ള മൊഴിയുള്ളവളേ*
- *ചന്ദ്രനെപ്പോലെ മുഖമുള്ളവളേ (ശ്ലോകം 26,33)*
- *ആനയ്ക്കൊത്ത നടയുള്ളവളേ (ശ്ലോകം 28)*
- *ഇളന്തളിർ പോലെയുള്ള മെയ്യുള്ളവളേ (ശ്ലോകം 54)*
- *ഒതുങ്ങിയ വയറുള്ളവളേ (ശ്ലോകം 60)*

മുത്തശ്ശി ചെറുമകൾക്കു നൽകുന്ന ഉപദേശങ്ങൾ കുലസ്ത്രീ

ഭർത്താവിനോടു പെരുമാറേണ്ട വിധങ്ങളെക്കൂടി അനുസ്മരിപ്പിക്കുന്നു. 'പൂമുഖവാതിൽക്കൽ' എന്ന മട്ടിൽ രൂപപ്പെടുന്ന ഭാര്യാസങ്കല്പങ്ങളുടെ പൂർവമാതൃകകൂടിയാണിത്.

- *മധുരമായ പുഞ്ചിരിപൊഴിച്ചിട്ട് പുരുഷന്മാരുടെ ഉള്ളിലുള്ള വിഷാദത്തെ അകറ്റി, ഓരോരോ ഭാവവിശേഷങ്ങളെക്കൊണ്ടു രതി വളർത്തി, അവരുടെ ഹൃദയത്തിൽ കർപ്പൂരച്ചാറു പുരട്ടുക (ശ്ലോകം 65)*
- *വെളുപ്പിന് കുളിച്ച് പൂക്കൾ ചൂടി കണ്ണിൽ അഞ്ജനമെഴുതുക (ശ്ലോകം 72*
- *കണ്ടാൽ മുഖം വിയർക്കുക, കണ്ഠത്തിൽ തടഞ്ഞ അമൃതു പോലുള്ള വാക്കുകൾ സലജ്ജം മൊഴിയുക. (ശ്ലോകം 76)*
- *കണങ്കാൽ കൈതപ്പൂമൊട്ടോ മയിൽക്കഴുത്തോ?*
- *തുടയിണ മണിത്തൂണോ വാഴത്തണ്ടോ?*
- *അരക്കെട്ട് മണൽത്തിട്ടോ കാമദേവന്റെ തേർത്തട്ടോ?*
- *ഉദരം ആലിലയോ കൈത്തലമോ?*
- *മൃദുവായ മദ്ധ്യഭാഗം മിന്നൽക്കൊടിയോ കാമദേവന്റെ കൊടിയോ?*
- *മുലകൾ കൊന്നപ്പൂമൊട്ടോ ഇളനീരോ?*
- *കയ്യിണ കല്പകവല്ലിയോ ചെമ്പകമാലയോ?*
- *കഴുത്ത് കടഞ്ഞശംഖോ പൊന്നിൻ നാഴിയോ?*
- *മുഖം താമരപ്പൂവോ പൗർണ്ണമിചന്ദ്രനോ?*
- *വായ് കോവൽപ്പഴമോ പവിഴമോ*
- *പല്ലുകളുടെ ശോഭ നിലാവോ മുല്ലപ്പൂവിന്റെ ഭംഗിയോ?*
- *മൂക്ക് കിളിച്ചുണ്ടോ എള്ളിൻപൂവോ?*
- *കവിൾത്തടം കണ്ണാടിയോ ചന്ദ്രനോ ?*
- *കണ്ണ് കരിങ്കൂവളപ്പൂവോ കരിമീനോ?*
- *പുരികം ആറ്റിലെ തിരയോ കാമദേവന്റെ വില്ലോ?*
- *നെറ്റി തിങ്കൾക്കീറോ കാമദേവന്റെ നെറ്റിപ്പട്ടമോ?*
- *മുടി കരിമ്പായൽക്കൂട്ടമോ മേഘനിരയോ?* (ഗദ്യം 18)

അങ്ങുനിന്നിങ്ങോളമുള്ള കാവ്യസംസ്കാരത്തെ മുഴുവൻ കാച്ചിക്കുറുക്കിയെടുത്ത നായികാശരീരമാണ് ഉണ്ണിച്ചിരുതേവിയുടേത് എന്ന് വ്യക്തമാണ്. ഉണ്ണിയാടീചരിതത്തിൽ

ഉണ്ണിയാടിയുടെയും പ്രാവൃട്ടിന്റെയും ശരീരങ്ങൾ അടയാളപ്പെടുത്തപ്പെടുന്നതും സമാനമായാണ്.

ഉണ്ണിയാടീചരിതത്തിലെ 183 മുതൽ 202 വരെ പദ്യങ്ങൾ ഇതേ കാര്യങ്ങളുടെ നാടകീയാവിഷ്കാരമാണ്. ഇതുവരെ പറഞ്ഞതിൽ നിന്നു വേറിട്ടൊന്നും അതിലില്ല. ആഖ്യാനവൈചിത്ര്യം കൊണ്ട് പുതുമ തോന്നിക്കുന്നുവെന്നു മാത്രം.

അഞ്ചുനൂറ്റാണ്ടുമുമ്പത്തെ കേരളത്തിലെ ഹൈന്ദവ സവർണ്ണ സമുദായത്തിന്റെ നല്ലൊരു ചിത്രം വിസ്തൃതമായ കാൻവാസിൽ ആലേഖനം ചെയ്തിരിക്കുന്നു എന്ന് ഡോ. രാമവർമ്മ നിരീക്ഷിക്കുന്ന ചന്ദ്രോത്സവമടക്കമുള്ള പ്രാചീനകാവ്യങ്ങളെല്ലാം സ്ത്രീവർണ്ണനകളുടെ കാര്യത്തിൽ പിന്തുടരുന്നത് ഇതേ മാനദണ്ഡങ്ങളാണെന്നുള്ളതുകൊണ്ട് കൂടുതൽ ഉദാഹരണങ്ങൾ നല്കേണ്ടതില്ല. എന്നാൽ ഒരു ശ്ലോകം ഉദാഹരിക്കാതിരിക്കാൻ ആവില്ല. ചന്ദ്രോത്സവകാരൻ, നായികയായ മേദിനീവെണ്ണിലാവിന്റെ മാതാവിനെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ

*മന്ദാരകുന്ദമകരന്ദസിതാരവിന്ദ-*
*മന്ദസ്മിതാദി പദമേ ചെവിയിൽ പൊരുന്നൂ*
*എന്നും നടുങ്ങുമബലാ പരുഷപ്രയോഗേ*
*വാതാവധൂതനവ കുങ്കുമവല്ലരീവ*

(അദ്ധ്യായം 2, ശ്ലോകം 19)

എന്നു പറയുന്നുണ്ട്.

(മന്ദാരം, കുന്ദം, മകരന്ദം, സിതാരവിന്ദ മന്ദസ്മിതം തുടങ്ങിയ മൃദുലമായ അക്ഷരങ്ങളോടു കൂടിയ പദങ്ങൾ മാത്രമേ അവളുടെ ചെവിക്ക് ഇണങ്ങുകയുള്ളൂ. പരുക്കൻ പ്രയോഗങ്ങളിൽ അവൾ കാറ്റിനാലുലയ്ക്കപ്പെട്ട ഇളം കുങ്കുമവള്ളിപോലെ ഒന്നാകെ നടുങ്ങും.)

നാരദന്റെ വീണയിൽ ചുറ്റിയ പൂമാലയിൽ നിന്ന് ഒരു പൂവ് വീണ് തൽക്ഷണം അന്തരിച്ച ഇന്ദുമതിയെ (രഘുവംശം) ഓർമ്മിപ്പിക്കും ഈ ശ്ലോകം. സ്വത്വമെന്നത് രൂപത്തെ ഒഴിച്ചുനിർത്തി നിർവചിക്കാവുന്ന ഒന്നല്ല എന്ന പരോക്ഷമായ പ്രഖ്യാപനമാണ് ഇത്.

സ്ത്രീ എത്രത്തോളം അബലയാകുന്നോ അത്രത്തോളം

സ്ത്രൈണത കൂടിയിരിക്കുമെന്ന ധാരണ പുതിയതല്ല. ശരീര ബലമുള്ള സ്ത്രീ പരിഹാസവിഷയമാകുന്നത് നേരത്തേ നിശ്ചയിച്ചിരിക്കുന്ന അഴകളവുകളിൽ അവൾ ഒതുങ്ങാത്തതുകൊണ്ടാണ്. 1979 ൽ സ്ത്രീകൾക്കു വേണ്ടിയുള്ള ആദ്യത്തെ ബോഡിബിൽഡിംഗ് ചാമ്പ്യൻഷിപ്പ് നേടിയ ലിസ ലിയോണിന്റെ (Lisa Liyon) ഫോട്ടോകൾ റോബർട്ട് മാപ്പിൾതോർ (Robert Mapple Thorpe) എന്ന ഫോട്ടോഗ്രാഫർ പകർത്തി പ്രസിദ്ധീകരിച്ചതിനെത്തുടർന്നുണ്ടായ ചർച്ചകൾ പരാമർശിക്കുമ്പോൾ ലിൻഡനീഡ് സമാനമായ അഭിപ്രായം പ്രകടിപ്പിക്കുന്നുണ്ട്. (ഹിലാരി റോബിൻസൺ 2011: 64–67) *സ്ത്രീശരീരത്തിന് രൂപം നല്കുമ്പോൾ* (framing the female body) എന്ന ലേഖനം പതിനാറാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇറ്റാലിയൻ ചിത്രകാരനായ ജിയോവന്നി ബാറ്റിസ്റ്റ മൊറോണിയുടെ ചാരിത്ര്യം (chastity) എന്ന ചിത്രത്തെക്കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. ആണധികാര വ്യവസ്ഥയുടെ രീതികൾക്കും വ്യാഖ്യാനത്തിനുമനുസരിച്ച് ചട്ടക്കൂട്ടിലൊതുക്കപ്പെടുന്ന സ്ത്രീയുടെ പ്രതീകാത്മക പ്രതിനിധാനമാണ് ആ ചിത്രം എന്ന് ലിൻഡ വാദിക്കുന്നു.

തന്റെ വിശുദ്ധിയുടെയും പാവനത്വത്തിന്റെയും പ്രതീകമായ അരിപ്പ മടിയിൽ വെച്ചുകൊണ്ടിരിക്കുന്ന ഒരു അന്യാപദേശ കഥയിലെ സ്ത്രീകഥാപാത്രമാണ് Chastity എന്ന ചിത്രത്തിലുള്ളത്. അരിപ്പയിൽ നിറയെ വെള്ളമുണ്ട് എന്നാൽ ഒരു തുള്ളി പോലും പുറത്തേക്കൊഴുകുന്നില്ല. ഭദ്രമായി അടച്ചുമുദ്രവയ്ക്കപ്പെട്ട സ്ത്രീ ശരീരത്തെയാണ് *വെള്ളം നിറഞ്ഞ അരിപ്പ* എന്ന രൂപകം പ്രതിനിധാനം ചെയ്യുന്നത്. ഒപ്പം യാതൊന്നും അകത്തേക്കോ പുറത്തേക്കോ അനുവദിക്കുന്നതല്ല. എന്ന സന്ദേശവും നല്കുന്നു. ഇതാണ് സ്ത്രൈണതയ്ക്ക് ആണധികാരവ്യവസ്ഥിതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കർമ്മമാതൃക

## 2

രാജാരവിവർമ്മയുടെ ചിത്രങ്ങളിലെ സ്ത്രീകളുടെ സൗന്ദര്യം ആകർഷകമാണ്. അവയുടെ മാതൃക മലയാളിയോ മറാത്തിയോ

എന്നത് ഇവിടെ വിഷയമല്ല. ദേശകാലങ്ങളുടെ അതിർത്തികൾക്കപ്പുറത്ത് നിർണ്ണയിക്കപ്പെടുന്നതാണ് സ്ത്രൈണതയുടെ അഴകളവുകൾ. അവ മലയാളിമനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. അതുകൊണ്ടാണ് വർഷങ്ങൾക്കുശേഷവും മലയാള സിനിമയിലെ ഒരു പുതുതലമുറ നടിയിലേക്ക് രവിവർമ്മച്ചിത്രങ്ങളിലെ സുന്ദരിമാർ പരകായപ്രവേശം നടത്തുന്നത്. മലയാളിപ്പെണ്ണിന്റെ ആദർശരൂപമാതൃകയെന്നു വാഴ്ത്തപ്പെടുന്ന കാവ്യാമാധവൻ എന്ന നടിയുടെ ശരീരം രവിവവർമ്മച്ചിത്രങ്ങൾക്ക് ലഭിച്ച പുതിയ മാദ്ധ്യമമായി എന്നത് യാദൃച്ഛികമായി സംഭവിച്ച ഒന്നല്ല (അനന്തഭദ്രം). സിനിമയിലെ ഗാനരംഗത്തിൽ മിന്നിമറയുന്ന ചിത്രങ്ങൾ പ്രേക്ഷകന്റെ പൂർവ്വാർജ്ജിതസംസ്കാരത്തെ ഉണർത്തുകയും മലയാളിപ്പെണ്ണത്തമെന്ന സങ്കല്പത്തെ ഉറപ്പിക്കുകയും ചെയ്യുന്നു. കഥാഗതിയിലോ നിർവഹണത്തിലോ മേൽപറഞ്ഞ രംഗത്തിന് പങ്കില്ല. വെറുമൊരു സൗന്ദര്യവർണ്ണന മാത്രമാണത്. പ്രേക്ഷകനുവേണ്ടി ക്യാമറ നടത്തുന്ന ഒരു ആൺനോട്ടം. ചിത്രകലയും രവിവർമ്മയുമായി ബന്ധപ്പെടുമ്പോൾ അതിന് ഒരു അക്കാദമിക് ഗൗരവം ലഭിക്കുകയും ചെയ്യുന്നു. മണിപ്രവാളകൃതികളിലെ നായികമാർക്കൊപ്പമോ അവരെക്കവിഞ്ഞോ നില്ക്കുന്നവരാണ് രവിവർമ്മച്ചിത്രങ്ങളിലെ സുന്ദരിമാർ എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോഴാണ് നായികാശരീരത്തെ ആ ചിത്രങ്ങളിലേക്ക് സന്നിവേശിപ്പിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രം വ്യക്തമാവുക.

കുളി കഴിഞ്ഞു പുതുമയോടെ നില്ക്കുന്ന ഒരു സ്ത്രീയെ രവിവർമ്മ വരച്ചിട്ടുണ്ട്. പാതി മറഞ്ഞും പാതി തെളിഞ്ഞും കാണപ്പെടുന്ന അവളുടെ ശരീര സൗന്ദര്യവും നിഷ്കളങ്കതയുടെ ആവരണമിട്ട രതിഭാവവും നേരിയ ഭയം അഭിനയിച്ചുള്ള നിലയും സ്ത്രൈണതയെക്കുറിച്ചുള്ള ആണധികാരത്തിന്റെ മുഴുവൻ സങ്കല്പങ്ങളെയും വിശദീകരിക്കുന്നു.

*ജയിലിലെ സ്ത്രീ*യെ വരയ്ക്കുമ്പോൾ രവിവവർമ്മ കുടഞ്ഞെറിയാൻ ശ്രമിക്കുന്നത് ഈ പെണ്ണത്തമാണ്. അത് എത്രകണ്ടു വിജയിക്കുമെന്ന് തീർച്ചയില്ലാത്തതിനാലാവണം ജയിലിലെ

സ്ത്രീയുടെ കയ്യിൽ ചിത്രകാരൻ കഠാര തിരുകിയത്.രണ്ടുതരം സ്ത്രൈണതകൾ ഉണ്ട് എന്നത് തർക്കമില്ലാത്ത കാര്യമാണ്. ഒന്ന് അംഗീകൃതം രണ്ടാമത്തേത് പാർശ്വവൽകൃതം. അംഗീകൃതമായ സ്ത്രൈണതയെയും അതിന്റെ പ്രതിനിധാനങ്ങളെയും സംരക്ഷിച്ചുനിർത്തുക പിത്രധികാര വ്യവസ്ഥിതിയുടെ ചുമതലയും ആവശ്യവുമാണ്. പാർശ്വവൽകൃതമായ സ്ത്രൈണതയെ ഔദ്യോഗികമായി തള്ളിപ്പറയാനാവാത്തതുമൂലം പൊറുപ്പിക്കുന്നു എന്നേയുള്ളൂ. അതിന്റെ പ്രതിനിധാനങ്ങളെ വിവിധമേഖലകളിൽ ഒളിഞ്ഞും തെളിഞ്ഞും എതിർത്തുകൊണ്ട് വ്യവസ്ഥിതി, നിലപാട് അറിയിക്കാറുണ്ട്. ലൈംഗികതയെ സംബന്ധിച്ച കാര്യങ്ങൾ തുറന്നുപറയുന്നവർ, ശരീരത്തിന്റെയും മനസ്സിന്റെയും നിയന്ത്രണാധികാരം സ്വയം ഏറ്റെടുക്കുന്നവർ, ശരീരത്തിന്റെ അഭിലാഷങ്ങൾ അറിയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നവർ, പീഡനങ്ങളിലെ ഇരകൾ, അവരുടെ കുടുംബവും സന്തതിപരമ്പരകളും, എല്ലാത്തരം അധികാരങ്ങളെയും പരസ്യമായി ചോദ്യം ചെയ്യുന്നവർ, നിലവിലെ വ്യവസ്ഥിതിയെ തുറന്നെതിർക്കുന്നവർ, ലൈംഗികത്തൊഴിലാളികൾ, അവരുടെ പിൻതലമുറകൾ, സമൂഹത്തിൽ തങ്ങളുടേതായ ഇടം നേടിയെടുക്കാൻ ശ്രമിക്കുന്നവർ, ദലിതർ - പാർശ്വവൽകൃതസ്ത്രൈണതയുടെ പ്രതിനിധാനങ്ങളുടെ പട്ടിക വലുതാണ്.

അംഗീകൃതമായ സ്ത്രൈണത ഒരു പരിധിവരെ കപടമാണ്. അതുകൊണ്ടാണ് അതിന്റെ ലക്ഷണങ്ങൾ തലമുറകളെ ആവർത്തിച്ച് ഉറപ്പിച്ച് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്; അതാണ് അഭികാമ്യമെന്ന് തോന്നിപ്പിക്കുന്നതും. കൂടുതൽ ഗവേഷണ പഠനങ്ങൾക്ക് സാധ്യതയുള്ള ഒരു മേഖല കൂടിയാണിത്. ഒരുദാഹരണം പരിശോധിക്കാം. പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്കായി കേരള സർക്കാർ അച്ചടിച്ചു നല്കിയ കേരള പാഠാവലികൾ പഴയതും പുതിയതും (2000, 2004) അവതരിപ്പിച്ച സ്ത്രൈണതാപ്രതിനിധാനങ്ങളും അതിന്റെ തോതും കണക്കിലെടുക്കുകയാണെങ്കിൽ കൗതുകകരമായ ചില വസ്തുതകൾ കണ്ടെത്താം. കേരളപാഠാവലിയിൽ ആകെയുള്ള മുപ്പത്തിയെട്ടു

പാഠഭാഗങ്ങളിൽ (പത്തൊൻപത് ഗദ്യം, പത്തൊൻപത് പദ്യം) പദ്യവിഭാഗത്തിൽ ആറെണ്ണവും ഗദ്യവിഭാഗത്തിൽ രണ്ടെണ്ണവും ഏകദേശം സമാനസ്വഭാവം പുലർത്തുന്നു. സി.വി.യുടെ മാനസപുത്രി (സി.വി.രാമൻപിള്ള) സ്നേഹപൂർവ്വം അമ്മ (സുഗതകുമാരി) വേർപാടിന്റെ വേദന (ചെറുശ്ശേരി) ഹംസവും ദമയന്തിയും (ഉണ്ണായിവാര്യർ) യാത്രാമംഗളം (കാളിദാസൻ, വിവ. എ.ആർ) ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി (വള്ളത്തോൾ) മാംസനിബദ്ധമല്ല രാഗം (കുമാരനാശാൻ) ഉജ്ജ്വലമുഹൂർത്തം (വൈലോപ്പിള്ളി) എന്നിവയാണവ.

നല്ല സ്ത്രീ, നല്ല അമ്മ, നല്ല കാമുകിമാർ, നല്ല വധു, നല്ല ഭാര്യ, നല്ല മരുമകൾ, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളുടെ നിലനില്പ്, അതിൽ സ്ത്രീയുടെ പങ്ക് എന്നീ വിഷയങ്ങൾ ചർച്ച ചെയ്യാതെ ഈ പാഠങ്ങൾ പഠിപ്പിക്കുക സാധ്യമല്ല. നല്ല എന്ന വിശേഷണം അംഗീകൃത സ്ത്രീമാതൃകയ്ക്ക് മാത്രം ഉള്ളതാണ്. അതിൽത്തന്നെ യാത്രാമംഗളം എന്ന പാഠം കുലവധു അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ എണ്ണിപ്പറയുന്നു. ഇപ്രകാരമല്ലെങ്കിൽ ബാധതാൻ എന്ന മുന്നറിയിപ്പ് തലമുറകൾക്ക് ലഭിക്കത്തക്കവിധത്തിലാണ് പരീക്ഷയിലെ ചോദ്യങ്ങൾ വരെ ക്രമീകരിച്ചിട്ടുള്ളത്. ഹംസവും ദമയന്തിയും പ്രണയത്തെയും ഉജ്ജ്വലമുഹൂർത്തം വിവാഹത്തെയും, യാത്രാമംഗളം വധുവിന്റെ പടിയിറക്കത്തെയും ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി വധു നിർബന്ധമായും പാലിക്കേണ്ട പാതിവ്രത്യത്തെയും സി.വി.യുടെ മാനസപുത്രി സമൂഹത്തിന് അസ്വീകാര്യയായി മാറിയ ഒരു സ്ത്രീയുടെ സ്വാഭാവികാന്ത്യത്തെയും ചിത്രീകരിക്കുന്നു. വേർപാടിന്റെ വേദന, മാംസനിബദ്ധമല്ല രാഗം എന്നീ പാഠഭാഗങ്ങളിൽ ലിംഗഭേദവൽകൃതമായ വികാരങ്ങളുടെ ചിത്രീകരണമാണ് ഉള്ളത്. പത്തുവർഷത്തോളം കേരളത്തിലെ ക്ലാസ്മുറികളിൽ ഏകപക്ഷീയമായി അടിച്ചേല്പിക്കപ്പെട്ടുകൊണ്ടിരുന്ന ധാരണകൾ ഊഹിക്കാവുന്നതേയുള്ളൂ.

പുതിയ കേരളപാഠാവലി നളിനിയിൽ നിന്നും മഗ്ദലനമറിയത്തിൽ നിന്നുമുള്ള ഭാഗങ്ങൾ ഉൾക്കൊള്ളുന്നുവെങ്കിലും അവയിൽ സ്ത്രൈണതയുടെ മിഥ്യാ പ്രതിനിധാനങ്ങളില്ല. ഗദ്ഗദം

പൂണ്ട വീണാഗാനം, പെൺമാൻ, തേൻമൊഴി, കപോതി, ദന്ത കുന്ദാഭ, ഹംസി, ഓമലാൾ എന്നിങ്ങനെ ചില വള്ളത്തോൾ പ്ര യോഗങ്ങളൊഴിച്ചു നിർത്തിയാൽ പരമ്പരാഗതസ്ത്രീനിർമ്മി തികളെ പാഠപുസ്തകം പ്രോത്സാഹിപ്പിക്കുന്നില്ല.

ഈ രണ്ടു പാഠാവലികളുടെയും ഗുണഭോക്താക്കളിൽ രൂപ പ്പെട്ടുവരുന്ന സ്ത്രീസ്വത്വസങ്കല്പങ്ങൾ വ്യത്യസ്തമായിരി ക്കുമെന്ന് ഉറപ്പാണ്. മുൻവർഷങ്ങളിലെ പാഠാവലികൾ കൂടി പ രിഗണിച്ചുകൊണ്ടുള്ള ഒരു പഠനത്തിന് കൂടുതൽ ആധികാരി കത ഉണ്ടായിരിക്കും. പരമ്പരാഗതസ്ത്രീ നിർമ്മിതികളെ ആ ദർശ- സങ്കല്പവനിതകളാക്കി നിലനിർത്തുന്നതിൽ പാഠപു സ്തകങ്ങൾ വഹിച്ച പങ്ക് തള്ളിക്കളയാവുന്നതല്ല എന്ന് വ്യ ക്തം. വലിയ അളവിൽ അക്കാദമികവൽക്കരിക്കപ്പെട്ട ഒരു സമൂ ഹമാണ് കേരളത്തിന്റേത്. ആ സമൂഹം എങ്ങനെ ഇത്രമേൽ ലിംഗഭേദവൽകൃതമായി (genderd) എന്ന ചോദ്യത്തിന് ഉത്ത രം തേടാൻ ഇത്തരം പഠനങ്ങൾ ഉപകരിക്കും.

കവിത, കഥ, നോവൽ, നാടകം, ചിത്രകല, ശില്പകല, സി നിമ, പരസ്യകല തുടങ്ങിയ വിവിധമേഖലകളിൽ പ്രത്യക്ഷമാ കുന്ന സ്ത്രീരൂപങ്ങൾക്ക് കണ്ടെത്താനാവുന്ന സമാനതയെ വിശദീകരിക്കാൻ എളുപ്പമാണ്. ഇതുവരെ നിരത്തിയ ഉപമാ നോപമേയങ്ങളിൽ നിന്നു വേറിട്ടുള്ള ഒരു സ്ത്രീനിർമ്മിതി അ പൂർവമാണ്. സാഹിത്യത്തിലെ സ്ത്രീ വർണ്ണനകൾ അസംഖ്യ മുണ്ടെങ്കിലും അവയുടെ ഐകരൂപ്യം കൂടുതൽ ഉദാഹരണ ങ്ങളെ അപ്രസക്തമാക്കുന്നു. സർവലക്ഷണസംയുക്തകളാ യാലും അല്ലെങ്കിലും സാഹിത്യത്തിലെ നായികമാരുടെ സ്വത്വ നിർമ്മിതിയിൽ വൻപരീക്ഷണങ്ങളൊന്നും ഉണ്ടായില്ല. ചന്തു മേനോൻ പ്രസ്താവിച്ചതു പോലെ 'രൂപത്തിനൊത്ത സൗശീ ല്യാദിഗുണങ്ങൾ നായികാനിർമ്മിതിയെ സദാ സ്വാധീനിച്ചു പോന്നു. എല്ലാം സാമൂഹികനിർമ്മിതികളായതുകൊണ്ട് സമാ നതകൾ വളരെയുണ്ടാവുകയും ചെയ്തു. എഴുത്തുകാരെ സം ബന്ധിച്ചിടത്തോളം പൂർവ്വാർജ്ജിതമായ സംസ്കാരം കൊണ്ട് അങ്ങനെ സംഭവിച്ചുവെന്ന് ന്യായമായും കരുതാം. എന്നാൽ മാധ്യമം മാറിയാലും സ്ത്രീയുടെ സ്ഥാനവും സാന്നിദ്ധ്യവും

ശരീരഘടനയും നിശ്ചിതമായ ചട്ടക്കൂടുകൾക്കകത്ത് ഭദ്രമായിരിക്കുമെന്ന് തെളിയിച്ചത് സിനിമയാണ്. എഴുത്തുകാരൻ ഉദ്ദേശിച്ചതിനപ്പുറത്തേക്ക് വളർന്ന നായികമാരെ വെള്ളിത്തിരയിൽ കാണുമ്പോൾ ഇതു വ്യക്തമാകും. സിനിമ ആൺനോട്ടത്തിന്റെ (male gaze) കലയാണ് എന്ന ലോറ മൾവേയുടെ അഭിപ്രായം ഇതോടു ചേർത്തു വായിക്കണം. തകഴി ശിവശങ്കരപ്പിള്ളയുടെ ചെമ്മീൻ എന്ന നോവൽ 1965 ൽ ചലച്ചിത്രരൂപത്തിൽ പുറത്തിറങ്ങിയപ്പോൾ തകഴിയുടെ കറുത്തമ്മ വിസ്മൃതയാകുകയും രാമുകാര്യാട്ടിന്റെ കറുത്തമ്മ ജനിക്കുകയും ചെയ്തു. താൻ പോരിമയുള്ള ശരീരവും വികാരതരളിതമായ ശബ്ദവുമായി ഷീല എന്ന നടി കറുത്തമ്മയെ അവതരിപ്പിച്ചപ്പോൾ നിർമ്മിക്കപ്പെട്ടത് ഒരു പുതിയ പാഠമാണ്. കടപ്പുറത്തിന്റെ നിലിവിലിരുന്ന ലൈംഗികസദാചാരത്തെ തകർത്തെറിയാൻ കരുത്തുറ്റ പെൺശരീരമാണ് സിനിമയിലെ കറുത്തമ്മയ്ക്കുള്ളത്.

വർഷമേറെ കഴിഞ്ഞിട്ടും മലയാളികൾ കറുത്തമ്മയെ ഓർക്കുന്നത് ഷീലയുടെ രൂപത്തിലാണെന്നത് സിനിമയുടെ ഊന്നൽ ഇവിടെയാണെന്ന സംഗതിയെ സാധൂകരിക്കും. ഷീലയുടെ ശരീരവും ഭാവാഹാവാദികളും ശബ്ദവും ചലനങ്ങളുമായിരുന്നു ഒരു കാലഘട്ടത്തിലെ മലയാള സിനിമയുടെ പ്രേരണയെന്ന് അക്കാലത്തെ പല സംവിധായകരും വെളിപ്പെടുത്തിയിട്ടുണ്ട് എന്ന് എസ്. ശാരദക്കുട്ടി നിരീക്ഷിക്കുന്നു. (2007: 102)

ഒരുമ്പെട്ട പെണ്ണിനൊത്ത ശരീരഭാഷയുള്ള ഷീലയും കുലസ്ത്രീയുടെ ശരീരഭാഷയുള്ള ശാരദയും സിനിമയെ സംബന്ധിച്ചിടത്തോളം രണ്ടു ധ്രുവങ്ങളായിരുന്നു. ഇരുവരും കൈകാര്യം ചെയ്ത കഥാപാത്രങ്ങൾ ഉദാഹരണമാണ്. ഇതിനിടയിൽ വന്നുപോയവരും അവർക്കാവുംവിധം മലയാളിപ്പെണ്ണ് എന്ന വാർപ്പുമാതൃകാരൂപത്തെ പ്രേക്ഷകരിലേക്കെത്തിക്കാൻ ശ്രമിച്ചു. കുലീനയായ ഭാര്യയുടെ വേഷത്തിൽ സദാ കണ്ണീരൊഴുക്കിക്കൊണ്ട് ശാരദയും ശരീരത്തിന്റെ ധാരാളിത്തത്തിൽ മതിമറന്നുകൊണ്ട് ഷീലയും ജയഭാരതിയും മറ്റും സൃഷ്ടിച്ച അഴകളവുകൾ മലയാളിപ്പെണ്ണിനെ പലതവണ അഴിച്ചുപണിതു.

കുചിമാരതന്ത്രം വിവരിക്കുന്ന സ്ത്രീവിഭാഗങ്ങളുടെ

പ്രതിനിധാനം നിർവഹിക്കുന്ന സ്ത്രീശരീരങ്ങളെയാണ് ജന പ്രിയനായികമാരായി മലയാളി സ്വീകരിച്ചുപോന്നിട്ടുള്ളത്. അബോധപൂർവമാണെങ്കിൽപോലും സ്ത്രീശരീരത്തിന്റെ ജന പ്രിയലക്ഷണങ്ങളെ ഒരു ജനസമൂഹം എത്രമാത്രം സ്വാംശീകരിച്ചുവെന്ന് ഇത് വ്യക്തമാക്കുന്നു. ഷീലയും ശാരദയും പത്മിനിയും സീമയും പാർവതിയും മറ്റും പ്രത്യക്ഷമായും പരോക്ഷമായും ഈ ശരീരലക്ഷണങ്ങൾ വഹിക്കുന്നു.

സ്ത്രീയെയും കുടുംബത്തെയും കേന്ദ്രീകരിച്ചുള്ള ഇതിവൃത്തങ്ങൾ ചർച്ചചെയ്യുന്ന കുടുംബസിനിമകളുടെ വിജയം, സ്ത്രീപ്രേക്ഷകർക്ക് ലഭിക്കുന്ന കൃത്രിമമായ അമിത പ്രാധാന്യം തുടങ്ങിയവ ഈ തലത്തിൽ വേണം കാണേണ്ടത്. ബന്ധങ്ങൾക്കും കുടുംബത്തിനും പ്രാമുഖ്യം നല്കുകയും എന്തു നഷ്ടം സഹിച്ചാലും ഇവ നിലനിർത്തേണ്ടത് സ്ത്രീയുടെ മാത്രം ബാദ്ധ്യതയാണെന്ന പാഠം ആവർത്തിച്ചുറപ്പിക്കുകയും ചെയ്യുന്ന (കുടുംബ) സിനിമകൾ കേരളീയ സമൂഹത്തിന്റെ ആദർശ സ്ത്രീസ്വത്വ രൂപീകരണത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദൃശ്യങ്ങളിലൂടെയും ഗാനങ്ങളിലൂടെയും നിരന്തരമായ ഓർമ്മപ്പെടുത്തലുകളായി തലമുറകളുടെ സ്ത്രീസങ്കല്പങ്ങളെ സെല്ലുലോയ്ഡ് മിനുക്കി വെച്ചു. കാലങ്ങളായി മലയാളിയുവാവിന്റെ ഭാര്യാസങ്കല്പത്തെ സ്വാധീനിച്ച *പൂമുഖവാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ* എന്നു തുടങ്ങുന്ന ഗാനം, കാമസൂത്രം, നാട്യശാസ്ത്രം, കുചിമാരതന്ത്രം, സുഗന്ധോദ്യാനം, സംസ്കൃതനാടകങ്ങൾ, മണിപ്രവാളകൃതികൾ തുടങ്ങിയവയിലെല്ലാം പ്രതിപാദിക്കുന്ന ആദർശസ്ത്രീ സങ്കല്പത്തിന്റെ ചുരുക്കമാണ്.

സിനിമയും നാടകവും കാണുന്നത് കുലസ്ത്രീകൾക്ക് യോജിച്ചതല്ല എന്ന ധാരണ നിലവിലിരുന്ന സമൂഹമാണ് കേരളത്തിലേത്. സ്വാഭാവികമായും ആണധികാര വ്യവസ്ഥയുടേതായ സിനിമയെന്ന സാംസ്കാരികോല്പന്നം പുരുഷന്റെ തൃഷ്ണകളെ മാത്രം അഭിസംബോധന ചെയ്തു. സ്ത്രീക്ക് സ്വന്തമായ ഇടമില്ലാതിരുന്നതിനാൽ സർവാധികാരിയായ പുരുഷൻ

നിർദ്ദേശിക്കുന്ന ഭാഗങ്ങളിൽ പുരുഷകഥാപാത്രങ്ങളെ പിന്തുണയ്ക്കാനായി പ്രത്യക്ഷപ്പെടുക മാത്രമായിരുന്നു നിയോഗം. അധികാരവ്യവസ്ഥയുടെ ഭാഗമായി പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾ ഒരിക്കലും സ്ത്രീഭാഷ സംസാരിക്കുകയോ അത്തരത്തിലുള്ള വ്യവഹാരങ്ങളിൽ ഏർപ്പെടുകയോ ചെയ്യില്ല നിലവിലുള്ള വ്യവസ്ഥിതിയെ താങ്ങിനിർത്താനുള്ള ഉപാധികൾ മാത്രമായിരിക്കും അവർ. അവഗണിച്ചും തെറിപറഞ്ഞും കരണത്തടിച്ചും മാനഭംഗപ്പെടുത്തിയും മര്യാദ പഠിപ്പിക്കുകയും നിർണ്ണായക ഘട്ടങ്ങളിൽ രക്ഷാപുരുഷനായി അവതരിക്കുകയും ചെയ്യുന്ന വീരപുരുഷന്റെ സംരക്ഷണത്തിനും പ്രേമത്തിനും അർഹതയുള്ളവരായി മാറുകയാണ് സ്ത്രീകഥാപാത്രങ്ങൾ ചെയ്യേണ്ടത്. 'നല്ല ഇര' എന്ന പദവിയാണ് സ്ത്രീ നേടിയെടുക്കേണ്ടത്, അതിനുചേർന്ന രൂപസ്വത്വനിർമ്മിതികളെ മാത്രമേ സിനിമയും സമൂഹവും പ്രോത്സാഹിപ്പിക്കുന്നുള്ളൂ എന്നു വ്യക്തം.

## 3

പുരുഷന്റേതുപോലെ ഒരു ലിംഗം(Phallus)സ്ത്രീക്ക് ഇല്ലാത്തതാണ് സ്ത്രീയുടെ ന്യൂനതയെന്നും അതാണ് സ്ത്രീക്ക് അപകർഷത തോന്നാൻ കാരണമെന്നും ഫ്രോയ്ഡ് സിദ്ധാന്തിച്ചിട്ടുണ്ട്. പുരുഷനു മുമ്പിൽ സ്ത്രീക്ക് അനുഭവപ്പെടുന്ന അപകർഷതയാണ് ലജ്ജയായി പ്രത്യക്ഷപ്പെടുന്നത്. സ്തംഭിച്ചുനിന്നുപോകുക, വാക്കുകൾ പുറപ്പെടാതിരിക്കുക, മുഖം ചുവക്കുക, തല കുനിയുക, ശരീരം വിറയ്ക്കുകയും വിയർക്കുകയും ചെയ്യുക, കാൽവിരൽ കൊണ്ട് നിലത്തു വരയ്ക്കുക, സ്വയം മറയ്ക്കാൻ ശ്രമിക്കുക, പരാശ്രയമില്ലാതെ നില്ക്കാൻ സാധിക്കാതിരിക്കുക, വിരൽകടിക്കുക, ഒളികണ്ണിട്ടു നോക്കുക, ഏതെങ്കിലും വസ്തുവിൽ തെരുപ്പിടിക്കുക, മോഹാലസ്യപ്പെട്ടു വീഴുക എന്നിങ്ങനെ നീളുന്നു ലജ്ജാപ്രകടനങ്ങൾ ഇത്തരം പ്രകടനങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ത്രീയെ ലജ്ജാവതിയായി കണക്കാക്കുന്നത്. ആ നില അതേപടി തുടരണമെന്നുണ്ടെങ്കിൽ

സ്ത്രീക്ക് ഏതെങ്കിലും തരത്തിലുള്ള അപകർഷത നിലനിർത്തിയേ അത് സാധ്യമാകൂ. നേരത്തേ വിവരിച്ച ജീവശാസ്ത്രപരമായി അസംഭവ്യമായ സ്ത്രീ ശരീരമാതൃകയിലേക്ക് എത്തിച്ചേരുകയാണ് സ്ത്രീശരീരങ്ങളുടെ പരമമായ ലക്ഷ്യം എന്ന് തലമുറകളെ പഠിപ്പിച്ചെടുക്കാൻ സാധിച്ചത് ഈ അപകർഷതയുടെ വിജയമായി കണക്കാക്കണം.

സ്ത്രീയെന്നത് (പുരുഷനെ) മോഹിപ്പിക്കുന്ന ഒരു ഭോഗവസ്തുവെന്നതിലുപരി ഒന്നുമല്ല എന്നും പുരുഷന്റെ തൃഷ്ണകളെ കലാപരമായി ശമിപ്പിക്കലാണ് സ്ത്രീശരീരത്തിന്റെ ധർമ്മമെന്നും ആ ധർമ്മം നിർവഹിക്കാൻ ചില യോഗ്യതകൾ ആവശ്യമാണെന്നും അവയാണ് സ്ത്രീധർമ്മമായും അഴകളവുകളായും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും വ്യക്തം. പുരുഷന്റെ മുന്നിൽ എക്കാലവും സ്ത്രീക്കുണ്ടെന്ന് പറയുന്ന അപകർഷത സൗന്ദര്യം കൊണ്ടാണ് അവൾ മറികടക്കേണ്ടത് എന്നാണ് ഇവിടുത്തെ രാഷ്ട്രീയം. സുന്ദരിയല്ലാത്തവൾ നായികയാവാത്തതും വില്ലത്തിയായി മാറുന്നതും അതുകൊണ്ടാണ്. സുന്ദരി വ്യവസ്ഥിതിക്ക് വിധേയയാണ്. വിരൂപ അങ്ങനെയല്ല. അതുകൊണ്ട് വിരൂപ അംഗഭംഗം വരുത്തേണ്ടവളും തകർക്കപ്പെടേണ്ടവളുമാകുന്നു.

സമൂഹത്തിലെ താഴ്ന്ന ശ്രേണിയിൽപ്പെട്ട ജനങ്ങൾക്ക് അഴകളവുകൾ വലിയ പ്രശ്നമായിരുന്നില്ല. എങ്കിലും വ്യവസ്ഥിതി പുരുഷനിയന്ത്രിതമായിരുന്നതുകൊണ്ട് സ്ത്രീയോടുള്ള മനോഭാവത്തിലും അവളുടെ കർമ്മമാതൃകകളുടെ രൂപീകരണത്തിലും വ്യത്യസ്തതകൾ ഉണ്ടായില്ല. എന്നുമാത്രമല്ല പുരാണങ്ങളിലും മറ്റും ഉള്ള കഥകൾക്ക് നിലവിലുള്ള വ്യവസ്ഥിതിയെ പിന്താങ്ങുന്ന വ്യാഖ്യാനങ്ങൾ വരികയും അവ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.

സ്ത്രൈണതയെയും സ്ത്രീസ്വത്വത്തെയും കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നതിൽ, സ്വീകാര്യമായ സ്ത്രീരൂപം മെനയുന്നതിൽ, സ്ത്രീയുടെ ഇടം കുടുംബവും കർമ്മമേഖലകൾ കിടപ്പറയും അടുക്കളയുമാണെന്ന ധാരണ ഉറപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നവയാണ് 'വനിതാ' പ്രസിദ്ധീകര

ണങ്ങൾ. പേര് സൂചിപ്പിക്കുന്നതുപോലെ അവ സ്ത്രീകൾക്ക് വേണ്ടി ഉള്ളതാണ്. സ്ത്രീയുടെ പര്യായപദങ്ങളോ വിശേഷണങ്ങളോ ആയിരിക്കും ഇവയുടെ പേരുകൾ. സ്ത്രീകളെ മാത്രം ഉദ്ദേശിച്ചല്ലാത്ത, പൊതുവായി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളിൽ പലതിലും സ്ത്രീകൾക്കായി താളുകൾ നീക്കിവെയ്ക്കാറുണ്ട്. *സ്ത്രീകൾക്കു മാത്രം* എന്ന പേരിൽ പംക്തികളുണ്ട്. വഴിതെറ്റിപ്പോകുന്ന ഭർത്താവിനെ തിരിച്ചുപിടിക്കുക, കുടുംബസമാധാനം നിലനിർത്തുക, കുടുംബബജറ്റിന്റെ ബാദ്ധ്യതകൾ ഏറ്റെടുക്കുക, കുട്ടികളെ നല്ല നിലയ്ക്കു വളർത്തുക, കുടുംബാംഗങ്ങൾക്കു പോഷകാഹാരം പാകം ചെയ്യുക, രോഗങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുക, പീഡനങ്ങളെയും അതിക്രമങ്ങളെയും കരുതിയിരിക്കുക, ഫാഷനുകളെക്കുറിച്ച് ശരിയായ ധാരണ ഉണ്ടായിരിക്കുക, വീട് എളുപ്പത്തിൽ വൃത്തിയാക്കുകയും പാചകജോലികൾ വേഗത്തിൽ തീർക്കുകയും ചെയ്യുന്നവിധം അറിഞ്ഞിരിക്കുക, വിവിധമേഖലകളിലെ താരങ്ങളുടെ കുടുംബവിശേഷങ്ങൾ കൃത്യമായി അറിയുക, കിടപ്പറയിൽ സ്ത്രീ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കുക, സൗന്ദര്യസംരക്ഷണോപാധികൾ പരീക്ഷിക്കുക, പാചകപരീക്ഷണങ്ങളിലേർപ്പെടുക, ജ്യോതിഷപംക്തികൾ വഴി ഭാവി അറിയുക – വനിതാ മാസികകളുടെ ഉള്ളടക്കത്തെ പെട്ടെന്ന് ഇങ്ങനെ ചുരുക്കിയെടുക്കാം. വായനാശീലമുള്ളവർക്കായി നോവലോ കഥയോ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന ഇവ കാലാകാലങ്ങളായി മികച്ച സ്ത്രീകളെ വാർത്തെടുത്തുകൊണ്ടിരിക്കുന്നു എന്ന് അവകാശപ്പെടുന്നു. അറിഞ്ഞോ അറിയാതെയോ സൃഷ്ടിക്കുന്ന മിഥ്യയായ സ്ത്രൈണതാപ്രതിനിധാനങ്ങളെയാണ് ഇവ പ്രോത്സാഹിപ്പിക്കാറ്. വിചാരത്തിന്റെയും ഇടപെടലുകളുടെയും തലത്തിൽ നിന്ന് വികാരങ്ങളുടെ തലത്തിലേക്കുള്ള പിന്മടക്കത്തിന് സ്ത്രീയെ ഒരു പരിധിവരെ നിർബന്ധിക്കുന്നത് ഇത്തരം പ്രസിദ്ധീകരണങ്ങളാണ്. സ്ത്രീ അവശ്യം കുടഞ്ഞെറിഞ്ഞുകളയേണ്ട പുറന്തോടുകളെ കർക്കശമായി നിലനിർത്താൻ ഇവ മുന്നോട്ടുവെയ്ക്കുന്ന ആദർശസ്ത്രീ മാതൃകകൾ ശ്രമിക്കുന്നു.

ഒപ്പം ഗൗരവതരമായ വിഷയങ്ങളിൽ കാമ്പുള്ള ഇടപെടലുകൾക്കുള്ള സാദ്ധ്യതകൾ കണ്ടില്ലെന്നും നടിക്കുന്നു.

പ്രണയം, വിവാഹം, കുടുംബം, ഗർഭധാരണം, ഗർഭരക്ഷ, സൗന്ദര്യപരിചരണം തുടങ്ങിയ വിഷയങ്ങൾക്കു നല്കപ്പെടുന്ന അമിതപ്രാധാന്യം മറ്റ് വിഷയങ്ങളിലേക്ക് വ്യാപരിക്കാനുള്ള സ്ത്രീകളുടെ താൽപര്യത്തെയും സാധ്യതകളെയും ഇല്ലായ്മ ചെയ്യുകയാണ്. സമൂഹത്തിനു താൽപര്യമുള്ള സ്ത്രീസ്വത്വത്തെ നിലനിർത്തി ബാക്കിയുള്ളവയെ നശിപ്പിച്ചു കളയുന്ന പ്രക്രിയയാണിത്. ഏറ്റവും പ്രധാനം സൗന്ദര്യമുള്ള ഒരു സ്ത്രീ ശരീരമാണ് എന്ന ധാരണയാണ് ഇവ നിർമ്മിക്കാൻ ശ്രമിക്കുന്നത്.

## 4

കവിത, കഥ, നോവൽ, നാടകം, ചിത്രകല, ശില്പകല, സിനിമ, പരസ്യകല തുടങ്ങിയ വിവിധമേഖലകളിൽ പ്രത്യക്ഷമാകുന്ന സ്ത്രീരൂപങ്ങൾക്ക് കണ്ടെത്താനാവുന്ന സമാനതയെ വിശദീകരിക്കാൻ എളുപ്പമാണ്. ഇതുവരെ നിരത്തിയ ഉപമാനോപമേയങ്ങളിൽ നിന്നു വേറിട്ടുള്ള ഒരു സ്ത്രീനിർമ്മിതി അപൂർവമാണ്. സാഹിത്യത്തിലെ സ്ത്രീ വർണ്ണനകൾ അസംഖ്യമുണ്ടെങ്കിലും അവയുടെ ഐകരൂപ്യം കൂടുതൽ ഉദാഹരണങ്ങളെ അപ്രസക്തമാക്കുന്നു.

പദ്യത്തിൽ നിന്നു ഗദ്യത്തിലേക്കു സാഹിത്യം ചുവടുമാറിയപ്പോൾ ആദർശനാരീരൂപം അങ്ങോട്ടും സംക്രമിച്ചു. ഇന്ദുലേഖയും ശാരദയും ലക്ഷണമൊത്ത മണിപ്രവാളനായികാശരീരം വഹിക്കുന്നവരാണെന്ന് ഒറ്റവായനകൊണ്ടു തിരിച്ചറിയാം. മണിപ്രവാളനായികയുടെ ശരീരം പേറുന്ന യൂറോപ്യൻ വനിതയെയാണ് കേരളീയ സമൂഹം ഇന്ദുലേഖയിൽ ദർശിച്ചത്. വിദ്യാഭ്യാസം കൊണ്ടുനേടിയ ധൈര്യവും സ്ഥൈര്യവും മാറ്റി നിർത്തിയാൽ ഒരു സാധാരണ സ്ത്രീകഥാപാത്രം മാത്രമാണ് ഇന്ദുലേഖ. സംസ്കൃത ശ്ലോകങ്ങൾ ചൊല്ലുകയും മുല്ലമാല കെട്ടി കാമുകനു സമ്മാനിക്കുകയും കരഞ്ഞുകാത്തിരിക്കുകയും

വിരഹജ്വരം കൊണ്ടു മരിക്കാൻ തയ്യാറെടുക്കുകയും ചെയ്യുന്ന സംസ്കൃതനാടകനായികമാരുടെ ഗണത്തിൽ ഇന്ദുലേഖയെയുംപെടുത്താവുന്നതാണ്. നായകനുവേണ്ടി അന്ത്യംവരെ പോരാടുകയും പ്രതികൂലപരിതസ്ഥിതികളോടു ചെറുത്തുനില്ക്കുകയും നായകനെത്തന്നെ ഭർത്താവായി വരിക്കുകയും ചെയ്തതുകൊണ്ടാണ് ഇന്ദുലേഖയുടെ ഇംഗ്ലീഷ് രീതികളും സ്വാതന്ത്ര്യബോധവും മലയാളിവായനക്കാർ അംഗീകരിച്ചത്. വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരിൽ കാണുന്ന നിഷേധവും മതനിന്ദയും അഹങ്കാരവുമൊന്നും തന്റെ നായികക്ക് ഇല്ലെന്നും അവൾ ഗുരുകാരണവന്മാരോട് അതീവഭക്തിയും വിനയവും വെച്ചുപുലർത്തുന്നവളാണെന്നും ചന്തുമേനോൻ ആണയിടുന്നത് ഈ വസ്തുതയ്ക്ക് തെളിവാണ്. ഇന്ദുലേഖ ഉത്തമനായികയാവുന്നത് അങ്ങനെയാണ്.

*ഈ രൂപഗണത്തിനു യോഗ്യമായ പഠിപ്പും സൗശീല്യാദിഗുണങ്ങളുംഇവൾക്കുണ്ടായിരുന്നു.* (ചന്തുമേനോൻ 1991:22,23)

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പുറമെ ഇന്ദുലേഖ അഭ്യസിച്ചത് വീണ, പിയാനോ, ഫിഡിൽ എന്നിവ വായിക്കാനും അലങ്കാരത്തുന്നൽ, ചിത്രരചന എന്നിവയുമായിരുന്നു. സംസ്കൃതത്തിൽ നാടകാലങ്കാരങ്ങൾ വരെയാണ് പഠിച്ചിട്ടുള്ളത്. ഒരു കുലസ്ത്രീക്ക് അഭ്യസിക്കാനാവുന്നതിനപ്പുറത്തേക്ക് വ്യാപിക്കുന്നു ഇന്ദുലേഖയുടെ വിദ്യാഭ്യാസം. കുലസ്ത്രീമര്യാദയിൽ നിന്നുമാറി മാധവനോട് പ്രണയപ്രകടനങ്ങൾക്ക് അവൾ മുൻകയ്യെടുക്കുന്നു. സ്വജാതിസ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് വീറോടെ വാദിക്കുന്നു. ഇഷ്ടമില്ലാത്ത പുരുഷനെ സധൈര്യം തിരസ്കരിക്കുന്നു ഈ വിപ്ലവങ്ങൾക്കൊക്കെ അപ്പുറം ഇന്ദുലേഖയും മാധവനും മാധവന്റെ അച്ഛനമ്മമാരോടുകൂടി മദിരാശിക്ക് പോയി സുഖമായി ഇരുന്നു എന്ന പ്രസ്താവനയോടുകൂടി ആദർശമാതൃകയായി മാറുന്ന ഇന്ദുലേഖയെ ചിത്രീകരിച്ചിട്ടാണ് ചന്തുമേനോൻ കഥ അവസാനിപ്പിക്കുന്നത്.

മലയാളി വനിതയുടെ നേർപ്പകർപ്പ് എന്ന മട്ടിൽ ഇന്ദുലേഖ അവതരിപ്പിക്കപ്പെടാറുണ്ട്. മുടിക്കെട്ടിൽ മുല്ലമാല, നെറ്റിയിൽ വട്ടപ്പൊട്ടും ചന്ദനക്കുറിയും, കസവുകരയുള്ള വെളുത്ത

വസ്ത്രങ്ങൾ, ആകർഷകമായ ആഭരണങ്ങൾ എന്നിവയണിഞ്ഞ് ആത്മവിശ്വാസം സ്ഫുരിക്കുന്ന പുഞ്ചിരിയോടെ ഈ സ്ത്രീ രൂപം കേരളീയ സ്ത്രീത്വത്തെ പ്രതിനിധീകരിക്കുന്നു. ഒരു പ്രത്യേക വർഗ്ഗത്തിലെ സ്ത്രീയെ മാത്രമാണ് ഈ രൂപം പ്രതിനിധാനം ചെയ്യുന്നതെന്നറിഞ്ഞുകൊണ്ടുതന്നെ കേരളത്തിന്റെ ടൂറിസം ബ്രോഷറുകളിലും മറ്റും ഇത് നിരന്തരമായി അച്ചടിക്കപ്പെടുന്നു ഷർമ്മിള ശ്രീകുമാർ അഭിപ്രായപ്പെടുന്നതുപോലെ ഈ ഉട്ടോപ്യൻ സ്ത്രീരൂപം ദൈവത്തിന്റെ സ്വന്തം നാടിനെ പ്രതിനിധീകരിക്കുന്നു (ഷർമ്മിള ശ്രീകുമാർ 2006, 138).

ഒരേസമയം ആധുനികതയെയും പരമ്പരാഗതത്വത്തെയും പ്രതിനിധാനം ചെയ്യുന്ന ഇന്ദുലേഖപ്പകർപ്പുകൾ കേരളത്തെ പ്രതിനിധീകരിച്ച് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ എല്ലാ സ്വാതന്ത്ര്യങ്ങൾക്കും അർഹയാകത്തക്കവിധമുള്ള 'നല്ല കുട്ടിത്തരം' കൂടി ഉള്ളതുകൊണ്ടാണ് ഇന്ദുലേഖയെ മലയാളി പ്പെണ്ണിന്റെ ഒരു മാതൃകയായി കേരളീയ സമൂഹം അംഗീകരിച്ചത് എന്ന വസ്തുത മറന്നുകൂടാ.

സർവലക്ഷണസംയുക്തകളായാലും അല്ലെങ്കിലും സാഹിത്യത്തിലെ നായികമാരുടെ സ്വത്വനിർമ്മിതിയിൽ വൻപരീക്ഷണങ്ങളൊന്നും ഉണ്ടായില്ല. ചന്തുമേനോൻ പ്രസ്താവിച്ചതുപോലെ 'രൂപത്തിനൊത്ത സൗശീല്യാദിഗുണങ്ങൾ നായികാനിർമ്മിതിയെ സദാ സ്വാധീനിച്ചു പോന്നു. എല്ലാം സാമൂഹിക നിർമ്മിതികളായതുകൊണ്ട് സമാനതകൾ വളരെയുണ്ടാവുകയും ചെയ്തു. എഴുത്തുകാരെ സംബന്ധിച്ചിടത്തോളം പൂർവ്വാർജ്ജിതമായ സംസ്കാരം കൊണ്ട് അങ്ങനെ സംഭവിച്ചുവെന്ന് ന്യായമായും കരുതാം.

## 5

ഭൂമി, സ്ത്രീ, അനുഷ്ഠാനഗുണം തുടങ്ങിയ കാര്യങ്ങളെ ഒരടഞ്ഞ ഘടനയുണ്ടാക്കി അതിനകത്ത് സംരക്ഷിക്കുകയെന്ന അടിസ്ഥാനപരമായ തത്വമാണ് ഹൈന്ദവസമൂഹക്രമത്തിന്റേത് എന്ന് നരവംശശാസ്ത്രപഠിതാവായ നൂർയാൽമൻ

അഭിപ്രായപ്പെട്ടിട്ടുണ്ട്. (നൂർ യാൽമൻ 1962: 25–28) സവർണ്ണ ഹൈന്ദവചിഹ്നങ്ങളോടും ആ വ്യവസ്ഥിതിയോടും മാനസികമായ അടിമത്തം സൂക്ഷിക്കുന്ന കേരളീയസമൂഹത്തെ സംബന്ധിച്ചിടത്തോളം ഈ നിരീക്ഷണം നൂറു ശതമാനം ശരിയാണ്. ആഭിജാത്യം, ഉന്നതജീവിതനിലവാരം, ഉയർന്ന നിലയിലുള്ള ബന്ധുക്കൾ, സ്ത്രീജീവിതചര്യകളിൽ നിഷ്കർഷിക്കുന്ന കൃത്രിമമോ അല്ലാത്തതോ ആയ നിഷ്ഠകൾ, പാതിവ്രത്യം, പുരുഷസന്താനലബ്ധി, ദീർഘസുമഗലീത്വം, ഉയർന്ന സാമ്പത്തികം, പാരമ്പര്യം തുടങ്ങിയവയാണ് മേൽ സൂചിപ്പിച്ച ഘടനയുടെ ചിഹ്നങ്ങൾ. പഴയ കാലത്തിന്റെ ഈ അടയാളങ്ങളോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടി ചേരുമ്പോൾ അത് മറ്റൊരു വരേണ്യതയെ സൃഷ്ടിക്കുന്നു. ഇന്ദുലേഖയുടെ ജനുസ്സിൽപ്പെട്ട ഒരു സ്ത്രീ ആദർശമാതൃകയാകുന്നത് ഈ വഴിക്കാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം, പ്രഭുകുടുംബത്തിനൊത്ത ജീവിതരീതികൾ, സാഹിത്യത്തിലുള്ള വാസന എന്നിവ ആധുനികത ആരോപിക്കപ്പെടുന്ന സ്ത്രീരൂപത്തിനു വേണ്ടുന്ന അധികയോഗ്യതകളാണ്. ഇതൊക്കെയായാലും സ്വകുടുംബത്തോടൊപ്പം പരമാവധി സമയം ചെലവിടുകയും ഭർത്താവിന് താൻ സമ്പാദിക്കുന്ന പണം മുഴുവൻ നൽകി സന്തോഷിപ്പിക്കുകയും തന്റെ ആൺമക്കളെ അവരുടെ ഇഷ്ടം നോക്കി പരിചരിക്കുകയും സദാസമയവും പ്രിയദർശിനിയായി അലംകൃതയായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന സ്ത്രീയായിരിക്കുകയും വേണം അവൾ. ഇത്തരമൊരു സ്ത്രീ, കേരളീയ സമൂഹത്തിന്റെ ആദർശമാതൃകയാകുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. സമൂഹത്തിന്റെ ഉപബോധമനസ്സിലെ ഈ സ്ത്രീരൂപത്തെ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചുകൊണ്ടാണ് മാധവിക്കുട്ടിയെന്ന എഴുത്തുകാരി ജീവിച്ചത്.

രചനകളുടെ ശക്തിദൗർബല്യങ്ങൾക്കപ്പുറത്ത് മാധവിക്കുട്ടി എന്ന സ്ത്രീ മലയാളിസമൂഹത്തിന് സുന്ദരമായ ഒരു കാഴ്ചയും ഹരംപകർന്ന ചില ഇടപെടലുകളുമായിരുന്നു. മാധവിക്കുട്ടിയുടെ എഴുത്തിനെപ്പറ്റി നടക്കുന്ന ഗൗരവതരമായ വ്യവഹാരങ്ങളിലടക്കം അവരുടെ സൗന്ദര്യം ഇടംപിടിച്ചിട്ടുണ്ട്.

മാധവിക്കുട്ടിയുടെ പല പ്രായങ്ങളിലുള്ള വർണ്ണചിത്രങ്ങൾ അവയോടൊപ്പം മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചു. അഴിച്ചിട്ട മുടി, വലിയ വട്ടപ്പൊട്ട്, കരിയെഴുതിയ കണ്ണുകൾ, മൂക്കുത്തി, ചുവന്ന കണ്ണുകൾ, കഴുത്തിലെ അഡ്യൽ, പട്ടുസാരി, സ്വർണ്ണവളകൾ, പർദ, കൈവിരലുകളിലെ മൈലാഞ്ചി എന്നിങ്ങനെ സൂക്ഷ്മമായി നിരീക്ഷിക്കപ്പെട്ട മറ്റൊരെഴുത്തുകാരിയെ ചൂണ്ടിക്കാട്ടാനില്ല. എഴുത്തുകാരികളുടെ ശരീരം, വൈയക്തികത, ജീവിതാവസ്ഥകൾ, കുടുംബം എന്നിവ മാദ്ധ്യമങ്ങൾ കൂടുതലായി ആഘോഷിക്കുന്ന സമ്പ്രദായം ആരംഭിക്കുന്നത് മാധവിക്കുട്ടിയിൽ നിന്നാണ്. തമിഴ് കവയിത്രിയായ മീന കന്ദസ്വാമിയെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെടുന്ന ഫീച്ചറുകളിൽ എടുത്തുപറയുന്ന ഒരു വസ്തുതയുണ്ട്. റീഡിഫ്.കോം ദക്ഷിണേഷ്യയിൽ നിന്നു തെരഞ്ഞെടുത്ത സുന്ദരികളായ ഇരുപതു സ്ത്രീഎഴുത്തുകാരിൽ (മാധ്യമം ആഴ്ചപ്പതിപ്പ് 2012 ഏപ്രിൽ12) ഒരാൾ അവരായിരുന്നു! അവരുടെ പ്രണയ–വിവാഹജീവിതങ്ങളെ പരാമർശിക്കുന്നതോടൊപ്പമാണ് ഈ 'ബഹുമതി'യും മാധ്യമങ്ങൾ ചർച്ച ചെയ്യുന്നത്.

വള്ളുവനാടൻ ഭാഷയുടെ സവർണ്ണഭേദം, നിഷ്കളങ്കവും ഒരു പരിധിവരെ ബാലിശവുമായ അഭിപ്രായപ്രകടനങ്ങൾ, ഏറെ ആഘോഷിക്കപ്പെട്ട വിരുദ്ധനിലപാടുകൾ, പ്രണയത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമുള്ള വികാരതരളിതമായ ഉദീരണങ്ങൾ എന്നിവയും മലയാളിക്ക് സാഹിത്യത്തെ കവിഞ്ഞ് ചില താൽപര്യങ്ങൾ മാധവിക്കുട്ടിയോട് തോന്നാനിടയാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റവും പ്രധാനമായത് നാലപ്പാട്ട് തറവാടുമായും ബാലാമണിയമ്മയുമായും ഉള്ള ബന്ധമാണ്. മലയാളിയുടെ ഉള്ളിൽ സഹജമായി ഒരു അപകർഷതാബോധമുണ്ട്. മാധവിക്കുട്ടിയുടെ നാലപ്പാട് പാരമ്പര്യത്തെയും കുല–ജാതി മഹിമകളെയും മലയാളി ആരാധിച്ചിരുന്നു. സവർണ്ണസംസ്കാരത്തോടുള്ള വിധേയത്വവും സുന്ദരിയായ സ്ത്രീയോടുള്ള കൗതുകവും മലയാളി സമൂഹം നിലനിർത്തി. അങ്ങനെയൊരു വീക്ഷണകോണിലൂടെയാണ് മാധവിക്കുട്ടി എന്ന എഴുത്തുകാരി വായിക്കപ്പെട്ടത്. വ്യവസ്ഥാപിതരീതികൾക്കെതിരായി

മാമൂലുകൾ ലംഘിച്ചുകൊണ്ടുള്ള രചന ഉണ്ടായപ്പോൾ നാലപ്പാട് പാരമ്പര്യത്തിലെ കണ്ണി അതിന്റെ അന്തസ്സ് നിലനിർത്തിയില്ലെന്ന ആക്ഷേപമാണ് ഉയർന്നത്. ' എന്റെ കഥയെ മാധവിക്കുട്ടിയുടെ ഇതരരചനകളിൽ നിന്നു മാറ്റി നിർത്തി പരിശോധിക്കേണ്ടത് ആവശ്യമാണ്. പുരുഷപ്രധാനമായസമൂഹം ഉൽപാദിപ്പിക്കുന്ന സ്ത്രീമാതൃകകളെ ഈ കൃതിയിൽ അവർ ചോദ്യം ചെയ്യാതെ സ്വീകരിക്കുന്നു. ഇ.വി.രാമകൃഷ്ണൻ ചൂണ്ടിക്കാട്ടുന്ന ഈ വസ്തുത (1994:7) മലയാളനിരൂപകർ ഗൗരവമായി എടുത്തില്ല. *എന്റെ കഥ*യുടെ നിഴലുകൾ അവരുടെ മറ്റുകഥകളിലും ഡയറിക്കുറിപ്പുകളിലുമടക്കം കാണാൻ കഴിയും. പുരുഷന്റെ പ്രണയമാണ് സ്ത്രീയുടെ ആത്യന്തികനേട്ടം എന്ന് പലതവണ മാധവിക്കുട്ടി പറഞ്ഞിട്ടുണ്ട്. ശരീരം കൊണ്ട് സ്നേഹിക്കാം, അതിൽ തെറ്റില്ല. ഇഷ്ടപ്പെട്ട പുരുഷനിൽ സമ്പൂർണ്ണ സമർപ്പണം നടത്തുന്നവളാണ് സ്നേഹമുള്ള കാമുകി, അതിന്റെ ഫലം മരണമാണെങ്കിൽപോലും. ജോലിക്കു പോകാതെ കുടുംബം നോക്കി സ്വസ്ഥയായിരിക്കുന്ന സ്ത്രീയുടെ മുഖത്തേ സൗന്ദര്യവും സമാധാനവും ഉണ്ടാവുകയുള്ളൂ എന്നിങ്ങനെ ഡയറിക്കുറിപ്പുകളിൽ നേരിട്ടു തന്നെ മാധവിക്കുട്ടി വാദിച്ചു.

താൻ ഒരു ഫെമിനിസ്റ്റാണെന്ന് മാധവിക്കുട്ടി ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. പലപ്പോഴും അതിനെ തള്ളിപ്പറയുകയും ചെയ്തു. എന്നാൽ അവരുടെ എഴുത്ത് സ്വയം സത്യസന്ധത പാലിക്കുന്ന സമയങ്ങളിൽ സ്വതന്ത്രമായി. സ്ത്രീവർഗ്ഗത്തിൽപ്പെടുന്ന ഒരു മനുഷ്യജീവിയുടെ വികാരവിചാരങ്ങൾ, വ്യാപാരങ്ങൾ തുടങ്ങിയവ മൂടുപടമില്ലാതെ പുറത്തുവന്നു. ആ അർത്ഥത്തിൽ അവ സ്ത്രീരചനകളും സ്ത്രീപക്ഷരചനകളുമായി. അതേസമയം പരമ്പരാഗതസ്ത്രൈണതാവബോധം എഴുത്തുകാരിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് മിക്കവാറും സ്ത്രീകഥാപാത്രങ്ങളും അവരുടെ വ്യവഹാരങ്ങളും പരമ്പരാഗതരീതിയനുസരിച്ച് വാർക്കപ്പെട്ടു. അവ സ്ത്രീപക്ഷ രചനകളായിരുന്നില്ല. ഇക്കാര്യം ചോദ്യം ചെയ്യപ്പെട്ടപ്പോഴാണ് പലപ്പോഴും മാധവിക്കുട്ടി ക്ഷുഭിതയായത്. *വിരൂപകൾക്ക് സുന്ദരിമാരോട് അസൂയയാണ്* എന്ന് അവർ ആവർത്തിച്ചു. സ്വന്തം ശരീര

സൗന്ദര്യത്തെക്കുറിച്ച് അവർ ബോധവതിയായിരുന്നു. *നാല പ്പാട്ട് നായർ* എന്ന പദവിയോടും സാത്വികമായ ഭക്ഷണശീല ത്തോടും വെയിലുകൊണ്ട് അലഞ്ഞ് സൗന്ദര്യം നശിപ്പിക്കുന്ന തിനോടുള്ള എതിർപ്പിനോടും മാധവിക്കുട്ടി പരമാവധി ആ ത്മാർത്ഥത പുലർത്താൻ ശ്രമിച്ചു. വേലക്കാരെ ഭരിച്ചുകൊണ്ടു നടക്കുന്ന തറവാട്ടമ്മമാരും കൊച്ചമ്മമാരും അവരുടെ കഥാ ലോകത്ത് ധാരാളമുണ്ട്. വേലക്കാരോടുള്ള വിവിധതരം മനോ ഭാവങ്ങൾ വിവിധ കഥാപാത്രങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. അകറ്റിനിർത്തപ്പെട്ടവരോടുള്ള ദയയോടെയാണ് മാധവിക്കുട്ടി യുടെ കഥാപാത്രങ്ങൾ പലരും ഇവരോട് പെരുമാറാറുള്ളത്. *കാണിച്ചീടുക ഭൃത്യരിൽ ദയ* എന്ന ശാസനമറിഞ്ഞു പെരുമാ റുന്ന യജമാനത്തിയായി പലപ്പോഴും അവർ. അതു നാലപ്പാടു തറവാടിന്റെ പാരമ്പര്യമാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ് തു. *യജമാനത്തി* എന്ന പദം സ്വയം വിശേഷിപ്പിക്കാൻ മാധവി ക്കുട്ടി ഉപയോഗിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. വിവാഹം, കു ടുംബം എന്നിവയുമായി പൊരുത്തപ്പെട്ടു പോകാൻ ഉയർന്ന വിദ്യാഭ്യാസം നേടിയവരും ഉദ്യോഗസ്ഥരുമായ സ്ത്രീകൾ വി ഷമിക്കും എന്നൊരു ധാരണ കേരളത്തിന്റെ പൊതുസമൂഹ ത്തിൽ വേരുപിടിച്ചിട്ടുണ്ട്. ഉയർന്ന സാങ്കേതികപരിജ്ഞാനം ആവശ്യപ്പെടുന്ന തൊഴിൽ ചെയ്യുന്ന സ്ത്രീയായാലും ദിവസ ക്കൂലിക്കാരിയായ സ്ത്രീയായാലും പത്നീധർമ്മങ്ങളുടെ കാ ര്യത്തിൽ വിട്ടുവീഴ്ച പാടില്ല എന്നു തന്നെയാണ് കേരളത്തി ന്റെ മനോഭാവം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽക്കു തന്നെ സ്ത്രീകളുടെ നേട്ടങ്ങളെല്ലാം ദാമ്പത്യമെന്ന ലക്ഷ്യത്തി ലേക്കാണ് നയിക്കപ്പെട്ടത്. വിദ്യാഭ്യാസം, ആരോഗ്യം, ഉദ്യോ ഗം, ഗാർഹികാവസ്ഥ, ഭൂവുടമസ്ഥാവകാശങ്ങൾ തുടങ്ങിയവ യിലൂടെ സ്ത്രീകൾക്കുണ്ടായ മെച്ചങ്ങളെല്ലാം ഈ ബന്ധത്തെ യാണ് സഹായിച്ചത് എന്ന് പ്രവീണ കോടോത്ത് (2006:84) അ ഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്. പെൺകുട്ടികൾ ഒരു പരിധി ക്കപ്പുറത്ത് വിദ്യാഭ്യാസം നേടിയാൽ നല്ല വരനെ കിട്ടുകയില്ല എന്ന് കേരളത്തിന്റെ യാഥാസ്ഥിതിക മനസ്സിൽ ഇന്നുമുണ്ട്.

മാധവിക്കുട്ടിയുടെ കാര്യത്തിലും ഇതുതന്നെയാണ്

സംഭവിച്ചത്. അവരുടെ സ്വീകാര്യത അവരുടെ എഴുത്തിനു പുറമെ സംഭവിച്ച ഒന്നായതുകൊണ്ടു കൂടിയാണ് ശരാശരി മലയാളിക്ക് ഒരിക്കലും ദഹിക്കാത്ത തുറന്നുപറച്ചിലുകൾ ഉണ്ടായിട്ടും അതിനു കോട്ടം തട്ടാഞ്ഞത്. അവരുടെ ജാതിയും വർഗ്ഗവും മലയാളിയെ സ്വാധീനിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് മാധവിക്കുട്ടിയുടെ 'മാർഗ്ഗഭ്രംശങ്ങൾ'ക്ക് മലയാളി മാപ്പു നൽകിയത്. സ്വന്തംശരീരത്തെയായാലും ശാരീരികമോ മാനസികമോ ആയ അനുഭവങ്ങളെയായാലും ഒരു സ്ത്രീ തുറന്ന് എഴുതുക എന്നതിനോട് നൂറു ശതമാനം ആത്മാർത്ഥമായി യോജിക്കാൻ കഴിയുന്നതല്ല മലയാളിമനസ്സ്. പെണ്ണെഴുത്തുമായി ബന്ധപ്പെട്ട സൈദ്ധാന്തിക കോലാഹലങ്ങളോട് പരസ്പരവിരുദ്ധമായി പ്രതികരിച്ച സ്ത്രീ എഴുത്തുകാർ നമുക്കുണ്ട്. പെണ്ണെഴുത്ത് ആൺനോട്ടത്തെയാണ് ലക്ഷ്യമിടുന്നത് എന്ന് വി. സി. ശ്രീജൻ ശരിയായി നിരീക്ഷിക്കുന്നത് ആ അർത്ഥത്തിലാണ് (ശ്രീജൻ 2002).

വിവാഹം, കുടുംബം, മാതൃത്വം എന്നിങ്ങനെ കൃത്യമായ മൂന്നു ബിന്ദുക്കളിൽ ചുറ്റിത്തിരിയുന്നവരാണ് മാധവിക്കുട്ടിയുടെ ഭൂരിപക്ഷം സ്ത്രീകഥാപാത്രങ്ങളും. ഈ സ്ഥാപനങ്ങളുടെ അയുക്തികത ഒരു പ്രശ്നമായി ഉയർത്തിക്കൊണ്ടുവരാൻ ബോധപൂർവമായ ശ്രമങ്ങളൊന്നും നടത്തുന്നില്ല. ഒരു സവിശേഷ സമ്പദ്വ്യവസ്ഥയായി മാറിക്കഴിഞ്ഞ കുടുംബത്തിൽ വിവാഹമെന്ന ഉടമ്പടി പ്രകാരം ആശ്രിതയായെത്തുന്നവളാണ് കുടുംബിനി. അവളുടെ നിലനിൽപ് കുടുംബത്തിന്റെ വിവിധ ഘടകങ്ങളോട് നീതി പുലർത്താനുള്ള കഴിവിനെ ആശ്രയിച്ചിരിക്കും. അവൾക്ക് വസ്ത്രം, ഭക്ഷണം, പാർപ്പിടം, ചിലപ്പോഴെങ്കിലും സ്നേഹം, സ്നേഹരഹിതമായതോ അല്ലാത്തതോ ആയ ലൈംഗികത, സമൂഹത്തിലെ പദവി തുടങ്ങിയവ ലഭിക്കുന്നത് അവൾ എത്രനല്ല കുടുംബിനിയാണെന്നതിനെ ആശ്രയിച്ചാണ്. ഇത്രയും വസ്തുതകൾ പിത്രാധികാരവ്യവസ്ഥയിൽ പുലരുന്ന ഏത് സമൂഹത്തിലെയും യാഥാർത്ഥ്യങ്ങളാണ്. വ്യവസ്ഥാപിതമായ ചില മാതൃകകളെ മാത്രമേ അത് പ്രോത്സാഹിപ്പിക്കുന്നൂള്ളൂ. എല്ലാത്തരം അപരത്വങ്ങളെയും അത് ഒഴിവാക്കുന്നു.

സാമൂഹികമായ സ്വീകാര്യതയെന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഇതാണ്.

അപരങ്ങളോട് സമൂഹം സ്വീകരിക്കുന്ന രണ്ടുതരം നിലപാടുകളെക്കുറിച്ച് ക്ലോഡ് ലെവി സ്ട്രോസ്സ് പറയുന്നുണ്ട്. ഒന്നുകിൽ ഛർദ്ദിച്ചു പുറന്തള്ളിക്കളയും, അല്ലെങ്കിൽ അപ്പാടെ മാറ്റിമറിച്ച് സ്വാംശീകരിച്ചുകളയും (Strauss, 1950). സ്ത്രീയുടെ എല്ലാ ആവിഷ്കാരങ്ങളോടും സ്വാതന്ത്ര്യപ്രഖ്യാപനങ്ങളോടും ഈ രണ്ടു തരത്തിലും സമൂഹം പ്രതികരിക്കാറുണ്ട്. ഒറ്റപ്പെട്ട സ്വരങ്ങൾ, അവ എത്ര ശക്തമാണെന്നിരിക്കിലും തീണ്ടലാരോപിച്ചു പുറന്തള്ളിക്കളയാനാണ് എളുപ്പം. ദളിത്-സ്ത്രീ എഴുത്തുകളും അവ മുൻനിർത്തിയ പ്രശ്നങ്ങളും ഈ സാഹചര്യത്തെ പലപ്പോഴായി നേരിട്ടിട്ടുണ്ട്. രാജലക്ഷ്മിയെ ആത്മഹത്യയിലേക്ക് നയിക്കുകയും സരസ്വതിയമ്മയെ തമസ്കരിക്കുകയും സ്ത്രീവാദത്തെ കൂവിത്തോൽപിക്കാൻ ശ്രമിക്കുകയും ചെയ്തത് ആദ്യത്തെ നിലപാടിന്റെ ഉദാഹരണങ്ങളാണ്. *എന്റെ കഥ*യെ സമൂഹം നേരിട്ടതും ഇപ്രകാരം തന്നെ. പൗരുഷത്തെയും സ്ത്രൈണതയെയും കുറിച്ച് നിലനിന്നതും നിലനില്ക്കുന്നതുമായ എല്ലാ സാമ്പ്രദായികധാരണകളെയും ശരിവയ്ക്കുന്നവയാണ് മാധവിക്കുട്ടിക്കഥകൾ. ആ കഥകൾക്ക് (പിൽക്കാലത്തു) ലഭിച്ച സാമൂഹിക സ്വീകാര്യത ഈ അർത്ഥത്തിലാണ് വായിക്കപ്പെടേണ്ടത്. പുരുഷസമൂഹത്തിന്റെ എല്ലാ മുൻധാരണകളെയും അവരുടെ കഥാലോകം അഭിസംബോധന ചെയ്യുന്നു സ്ത്രീയെക്കുറിച്ചുള്ളവ വിശേഷിച്ചും. പരമ്പരാഗത സ്വഭാവസവിശേഷതകൾ സുന്ദരമായ ശരീരങ്ങളിൽ പകർത്തിവെച്ചുകൊണ്ടുള്ള സ്ത്രീനിർമ്മിതികളുടെ തുടർച്ച മാധവിക്കുട്ടിക്കഥകളിൽ നിരവധി കാണാൻ കഴിയും.

*മായാത്ത ചിരിയുമായി അന്നും അവൾ ഭർത്താവിനെ കാത്തുനിന്നു. അയാളുടെ കാലടി ശബ്ദം പുറത്തുകേട്ട ഉടനെ ഓടിച്ചെല്ലണം വാതിൽ തുറക്കാൻ.അന്നും അവൾ പതിവുപോലെ കാത്തുനിന്നു* (2007: 33)

കുടുംബത്തിലേക്ക് സ്ത്രീയെ തിരിച്ചുനടത്താനുള്ള ശ്രമങ്ങൾ മഹിളാമാസികകളിലെ ചേച്ചിമാരുടെ ഉപദേശങ്ങളായും

സെലിബ്രിറ്റികളുടെ ജീവിതദർശനങ്ങളായും മാധ്യമങ്ങൾ ഏറ്റെടുക്കുന്നതിനും വളരെ മുമ്പാണ് മാധവിക്കുട്ടിയുടെ കഥകൾ അതേ ധർമ്മം നിർവ്വഹിക്കുന്നത്., കുടുംബിനിയായ സ്ത്രീക്ക് അവശ്യം വേണ്ടുന്ന യോഗ്യത പരമാവധി സ്ത്രൈണതയാണ് എന്ന് അവ ആവർത്തിക്കുന്നു. എല്ലാവിധത്തിലുമുള്ള സ്ത്രൈണതാമാനദണ്ഡങ്ങളും പാലിച്ചിട്ടും ദുരന്തങ്ങൾ നേരിടുന്ന കഥാപാത്രങ്ങളാണ് സഹതാപത്തിന് അർഹരാകുന്നത്. വ്യവസ്ഥിതിയുടെയും സ്വമനസ്സിന്റെയും ഇരകളാകുന്ന കഥാപാത്രങ്ങളാണവ.'*മൂടിക്കെട്ടിയ സായാഹനത്തി*ലെ കല്യാണിക്കുട്ടി അത്തരമൊരു കഥാപാത്രമാണ്. സുകുമാരമേനോനെ നിശ്ശബ്ദമായി പ്രണയിക്കുകയും അയാളുടെ വിവാഹം പരിഷ്കാരിയും സുന്ദരിയുമായ വിമലയുമായി നടന്ന ശേഷം അവിവാഹിതയായി തുടരുകയും വാതം പിടിച്ചു മരിക്കുകയും ചെയ്ത കല്യാണിക്കുട്ടി.

*അങ്ങനെ അവർ വീണ്ടും ജീവിതം തുടങ്ങി* എന്നാണ് *തോണികൾ* എന്ന കഥ അവസാനിക്കുന്നത്. വൈധവ്യത്തെ തുടർന്ന് അനാഥത്വം കൂടി അനുഭവിക്കേണ്ടി വരുന്ന സാഹചര്യം കുടുംബത്തിൽ വാഴിക്കാവുന്ന ശീലഗുണങ്ങളുള്ള ഒരു സ്ത്രീ നേരിടേണ്ടി വരുന്നത് അന്യായമായതുകൊണ്ട് അവളുടെ രക്ഷാകർത്തൃപദവി ഭർത്തൃസഹോദരൻ ഏറ്റെടുക്കുന്നു. അതിനവൾ സർവ്വഥാ അർഹയാണെന്നുള്ളതിന്റെ തെളിവാണ് കുടുംബവും അതിന്റെ ചിട്ടവട്ടങ്ങളുമായി അവൾ എത്രമാത്രം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിവരിക്കുന്ന ഉദാഹരണങ്ങൾ. കുടുംബം തന്നെയാണ് സ്ത്രീയുടെ ആശ്രയമെന്നും അതിനുള്ള യോഗ്യത നേടുകയാണ് അവളുടെ പരമമായ ധർമ്മമെന്നും സ്ഥാപിക്കുകയാണ് കഥ. ജീവിതം ഒരു സ്ത്രീക്ക് എന്താവണം എന്നും കഥ നിർദ്ദേശിക്കുന്നു.

ഒരു മാതൃകാഭാര്യ എങ്ങനെയാവണമെന്നുള്ള കൃത്യമായ ചിത്രമാണ് *അമ്മു*. വിവിധ കഥകളിൽ പ്രത്യക്ഷപ്പെടുന്ന ശാലീനസുന്ദരികളായ സ്ത്രീകൾക്ക് മാധവിക്കുട്ടി നൽകുന്ന പേരാണ് അമ്മു. വാത്സല്യദ്യോതകമായ സംബോധന കൂടിയാണ് അത്. *അമ്മു, യജമാനൻ, സ്മരണകൾ, ഒരു ദിവസം രാവിലെ,*

*വേനലിന്റെ ഒഴിവ്, പച്ചപ്പട്ടുസാരി, ശിക്ഷ, മൈലാഞ്ചി, ശർക്കര കൊണ്ടൊരു തുലാഭാരം* എന്നീ കഥകളിലെ സ്ത്രീകൾ അമ്മു വെന്ന പേര് പങ്കിടുന്നു. ഇവരെല്ലാം ആദർശസ്ത്രീ മാതൃകക ളോ പരമ്പരാഗത സ്ത്രൈണതാ ഗുണങ്ങളിൽ നിന്നു വ്യതിച ലിക്കാത്തവരോ ആണ്.

- *അയാളുടെ സ്വരം പരുഷമായിരുന്നെങ്കിലും ഹൃദയം സ ന്തോഷിച്ചിരുന്നു. അവൾ തന്റെ ഇഷ്ടത്തിനു നിൽക്കുന്നു വല്ലോ. തലേന്നാൾ അയാൾ പറഞ്ഞതാണ്, തനിക്ക് അതി രാവിലെ ബെഡ്കോഫി വേണമെന്ന്. അവൾ എത്രനല്ല ഭാ ര്യയാണ്.* (2007:48)

അമ്മുവിന്റെ കർത്തൃത്വം പിത്രധികാരവ്യവസ്ഥയുടെ കൃ ത്രിമസൃഷ്ടിയാണ്. പുരുഷന്റെ മനസ്സമാധാനം, വിജയം, സു ഖം, സന്താനം, എന്നിവയുടെ സൃഷ്ടിയാണ് സ്ത്രീയുടെ നി യോഗം. ഈ കഥ അത് അരക്കിട്ടുറപ്പിക്കുന്നു. താൻ ഗർഭിണി യാണെന്ന അമ്മുവിന്റെ വെളിപ്പെടുത്തലോടെ പൂർത്തിയാവു ന്ന പുരുഷവിജയമാണ് ഈകഥയുടെ കാതൽ. 'ദാമ്പത്യ പ്രേമ ത്തിന്റെ വിജയമെന്ന്' കളർകോട് വാസുദേവൻ നായർ ഇതി നെ വിശേഷിപ്പിച്ചത് ഈ അർത്ഥത്തിലാവാമെന്ന് എൻ. കെ. ര വീന്ദ്രൻ നിരീക്ഷിക്കുന്നു. (2010:110)

ഇത്തരം വിധേയകളായ അമ്മുമാരാണ് കുടുംബമെന്ന സ്ഥാപനം നിലനിർത്തേണ്ടതെന്ന ആശയമാണ് ഇന്നത്തെ വ നിതാമാസികകളടക്കം മുന്നോട്ടു വയ്ക്കുന്നത്. കഥയിലൊരി ടത്തും അമ്മുവിന്റെ ലൈംഗികതയെക്കുറിച്ച് ഒരു സൂചനയുമി ല്ല. കണ്ണുകളിൽ ശാന്തത മാത്രമാണ് അവൾക്കുള്ളത്. നാഗരി കസ്ത്രീകളുടെ ലൈംഗികാസക്തിയിൽ നിന്നു രക്ഷ തേടി ഭാ ര്യയിൽ അഭയം പ്രാപിക്കുന്ന ഭർത്താവ് കഥാപാത്രങ്ങൾ മല യാളിക്ക് സുപരിചിതമാണ് സ്വന്തം സ്ത്രീയെ സംബന്ധിച്ചാ വുമ്പോൾ പുരുഷന്റെ സങ്കൽപങ്ങൾ ഒരു പരിധി വരെ അയു ക്തികമെന്നു തോന്നിപ്പോകും. ചിലപ്പോൾ അവൾ അനിതര സാധാരണമായ ബുദ്ധിവൈഭവവും ധൈര്യവും പ്രകടിപ്പിക്കേ ണ്ടി വരും. പരമാവധി ആധുനികയാകേണ്ടി വരും. അതേസമ യം തന്നെ കണ്ണുകളിൽ പകച്ച നോട്ടമുള്ള നിഷ്കളങ്കയായി

രൂപാന്തരം പ്രാപിക്കേണ്ടതായും വരും. ദാമ്പത്യം, കുടുംബം എന്നീ സ്ഥാപനങ്ങൾക്കകത്ത് സ്ത്രീ നേരിടുന്ന വെല്ലുവിളികളിലെ വൈരുദ്ധ്യം ഇതാണ്. കേരളീയസ്ത്രൈണതയെ രൂപപ്പെടുത്തിയതിൽ സംബന്ധ-ദേവദാസീ സമ്പ്രദായങ്ങൾക്കുള്ള പങ്ക് നിഷേധിക്കാവുന്നതല്ല. അമ്മിണിക്കുട്ടിയെ *(സ്നേഹിക്കപ്പെട്ട സ്ത്രീ) കാണാനും അത്ര വേശ്യയൊന്നുമല്ല അവൾ* എന്നു പരാമർശിക്കുന്നത് ഈ സന്ദർഭത്തിൽ ഓർക്കാവുന്നതാണ്.

*ഇതൊന്നും സത്യമല്ല, ഇതൊന്നും തന്നെ സത്യമല്ല. അവൾ ഒരു വേശ്യയെപ്പോലെ നടിക്കുകയാണ്. അവൾ ഈ വക പ്രവൃത്തികൾ ഇഷ്ടപ്പെടുന്നില്ല" അങ്ങനെ വിചാരിക്കുവാൻ അയാൾക്കൊരു കാരണമുണ്ടായിരുന്നു. അവൾ അയാളുടെ കണ്ണിൽ ഒരു മാതൃകാ സ്ത്രീയായിരുന്നു. കുലീന, സുന്ദരി, സുശീല, ബുദ്ധിമതി.........അങ്ങനെ എല്ലാം തികഞ്ഞ തന്റെ സ്നേഹഭാജനം വെറുമൊരു വേശ്യയെപ്പോലെ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നതു കണ്ടപ്പോൾ അയാളുടെ ഹൃദയം തകർന്നു. ഇനി എന്തു തന്നെ സംഭവിച്ചാലെന്ത്? ഇനി അവളെ പിരിഞ്ഞാൽത്തന്നെ എന്താണ് വരാനുള്ളത്?* (മാധവിക്കുട്ടി 2007: 225).

ഒരു സ്ത്രീ പരിധി വിട്ടു പെരുമാറുന്നതിനെ സമൂഹത്തിന് ഉൾക്കൊള്ളാനാവുന്നില്ല. പരിധികൾ കുടുംബിനി - വേശ്യ എന്നതാണ്. അതു നിശ്ചയിച്ചതും നിർവചിച്ചതും സമൂഹം തന്നെ. പുരുഷനും പുരുഷാധികാരത്തിന്റെ പരിച്ഛേദമായ കുടുംബവും പുരുഷനിയന്ത്രിതമായ സമൂഹവുമാണ് അരങ്ങിലും അണിയറയിലും എന്നതുകൊണ്ടാണ് ഇത്തരം അവിശ്വാസങ്ങൾ ജനിക്കുന്നത്.

- *സാരിയുടെ തല കടിച്ചുകൊണ്ട് അവൾ നിന്നു ചിരിച്ചു. ധൈര്യത്തോടെ വീണ്ടും അവൾ ചിരിച്ചു, പക്ഷേ കാൽമുട്ടുകൾ വിറച്ചിരുന്നു. താനെന്താണീ ചെയ്യുന്നത്? ഇതേവരെ തന്നോടു സംസാരിച്ചിട്ടുപോലുമില്ലാത്ത ചെറുപ്പക്കാരനെ നോക്കി രാത്രിനേരത്തു ചിരിക്കുകയോ?*
- *പച്ചബ്ലൗസ് പറ്റിക്കിടക്കുന്ന ഒതുങ്ങിയ ദേഹം, അഴിഞ്ഞു*

*കിടന്ന മുടി, ചുവന്ന ചുണ്ടുകൾ, താനൊരു സുന്ദരി തന്നെയാണിപ്പോൾ....*

- *കടുംമഞ്ഞ ബ്ലൗസ്, തുറന്നു കിടക്കുന്ന മാറിടത്തിൽ ചുവപ്പു കല്ലുവെച്ച കുഴുമിന്നി. ഒരു ചുവന്ന പട്ടുപുടവ ഞൊറിഞ്ഞുടുക്കുകയാണ്.....*

നിയമത്തിനകത്ത് അടങ്ങിയൊതുങ്ങിക്കഴിയേണ്ടവർക്ക് ഒരു നിർദ്ദിഷ്ടശരീരമുണ്ട്. അത് സർവലക്ഷണസംയുക്തമാണ്. വധു എല്ലാം തികഞ്ഞവളാവണം എന്ന സങ്കൽപം അങ്ങനെയുണ്ടാവുന്നതാണ്. വധൂസങ്കൽപം കുടുംബിനീ സങ്കൽപത്തിന്റെയും വധൂശരീരം കുടുംബിനീശരീരത്തിന്റെയും ആദിയാണ്. രണ്ടിടത്തും ഉണ്ടാകുന്നതോ ഉണ്ടാക്കപ്പെടുന്നതോ ആയ ന്യൂനതകൾ അപകർഷതകളെ സൃഷ്ടിക്കുന്നു. ഭാവിയിലുണ്ടാകുന്ന എല്ലാ വിപര്യയങ്ങൾക്കും ഇത്തരം ന്യൂനതകളും അപകർഷതകളും കാരണമാകുന്നതായി ചിത്രീകരിക്കപ്പെടുകയാണ് ചെയ്യുന്നത്. സ്ത്രീയാണ് കുടുംബവ്യവസ്ഥയുടെ കേന്ദ്രം എന്നത് ഒരു മിഥ്യ മാത്രമാണ്. അധികാരം കയ്യിലില്ലാത്ത ഒരു ശരീരം മാത്രമാണ് സ്ത്രീ. അവളുടെ കർത്തൃത്വം പുരുഷനാൽ/വ്യവസ്ഥിതിയാൽ നിയന്ത്രിക്കപ്പെടുന്നു.

- *അവളുടെ ചുണ്ടുകൾ ആദ്യം തൊട്ട മനുഷ്യൻ അയാളായിരുന്നു. ആ പരിശുദ്ധിയെ എതിരിടുവാൻ അയാളുടെ കയ്യിൽ എന്താണുണ്ടായിരുന്നത്.*
- *അവളുടെ നിഷ്കളങ്കത്വവും പരിശുദ്ധിയും അയാളെ ഭയപ്പെടുത്തി.*

(ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു, 2007: 177, 178)

പ്രസ്തുത കഥയിലെ കവയിത്രി വിശുദ്ധിയുടെ പര്യായമായിരുന്നു. ഭർത്താവിന്റെ അവഗണനയും കാപട്യവും അവളെ കേടുവരുത്തി എന്നാണ് കഥാകാരി പറയുന്നത്. അന്യപുരുഷന്മാരുമായി താൽക്കാലികബന്ധങ്ങൾ തുടങ്ങിയെന്നതാണ് ഈ കേടുവരൽ. തന്റെ കുലീനയായ ഭാര്യയോട് എങ്ങനെ പെരുമാറണം എന്ന് അയാൾക്ക് നിശ്ചയമുണ്ടായിരുന്നില്ല എന്ന പ്രസ്താവനയും ശ്രദ്ധേയമാണ്. അയാളുടെ വിവാഹേതര

ബന്ധങ്ങളിലെ സ്ത്രീകൾ സ്നേഹം കൊണ്ട് ഒന്നും നേടാൻ ശ്രമിച്ചില്ല. കാരണം *അവർ തറവാടികളായിരുന്നില്ല. അവർക്ക് പരുത്ത കൈവിരലുകളും വിടർന്ന കാൽവിരലുകളുമാണ് ഉണ്ടായിരുന്നത്.* (പുറം 178)

സ്ത്രീ, സ്ത്രീത്വം, സ്ത്രീവാദം തുടങ്ങിയവയെക്കുറിച്ചുള്ള ചർച്ചകൾ വഴിമുട്ടിത്തിരിയാൻ കാരണം സൈദ്ധാന്തികമായി ഉറച്ച ഒരു നിലപാടുതറയുടെ അഭാവമാണ്. ഇന്നത്തെ അർത്ഥത്തിലുള്ള സ്ത്രൈണതയെ ഉപേക്ഷിക്കാൻ ആൻസ്റ്റിറ്റോ (Snitow 1990)നിർദ്ദേശിക്കുന്നത് അതുകൊണ്ടാണ്. സ്ത്രൈണതാസങ്കല്പങ്ങളും വഴി തെറ്റിച്ചു വിടപ്പെട്ടിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ പരമ്പരാഗത സ്വത്വനിർമ്മിതികളെ നിലനിർത്തിപ്പോരുന്നുവെന്നതാണ് പെണ്ണെഴുത്തിന്റെ പരിമിതി. തന്റേതു പെണ്ണെഴുത്തല്ലെന്നും താൻ ഫെമിനിസ്റ്റല്ലെന്നും പ്രഖ്യാപിക്കുമ്പോഴും മാധവിക്കുട്ടി മുഖ്യധാരയിൽ നിലനില്ക്കുന്നില്ല. അതിനുകാരണം അവരുടെ ഭാഷയും സ്ത്രീ ഇത്രയേ ഉള്ളൂ എന്ന ഗുണപാഠം ആവർത്തിച്ചുറപ്പിക്കുന്ന രചനകളുമാണ്. മാധവിക്കുട്ടിയുടെ നാലപ്പാട്ടുപാരമ്പര്യത്തെയും സവർണ്ണതയെയും സൗന്ദര്യമുള്ള ശരീരത്തെയും അവരുടെ എഴുത്തിനെക്കാൾ മലയാളി വിലമതിച്ചുവെന്നതാണ് സത്യം. ആ രചനകളിലും അഭിപ്രായപ്രകടനങ്ങളിലും പ്രത്യക്ഷപ്പെട്ട സ്ത്രീസമൂഹവും സ്വത്വവും നിർമ്മിതികളും ഏകപക്ഷീയമാണ് എന്ന വസ്തുതയ്ക്കു മുന്നിൽ നിരൂപകർ കണ്ണടയ്ക്കുകയും ചെയ്തു. മാധവിക്കുട്ടിയുടെ സ്ത്രീകൾ പഴയ മണിപ്രവാളപാരമ്പര്യത്തിൽ നിന്നു വരുന്നു. അവരുടെ ശരീരങ്ങൾ അഴകിന്റെ അതിരുകൾ കൃത്യമായി പാലിക്കുന്നു. സ്നേഹത്തിന്റെ മാർഗമായി ലൈംഗികതയെയും ലൈംഗികതയുടെ ലക്ഷ്യമായ സ്നേഹത്തെയും കാണുന്നു. ആദർശഭാര്യയും അമ്മയുമായി കുടുംബത്തെ നിലനിർത്താൻ ശ്രമിക്കുന്നു. അതിനുവേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ ശരീരത്തെയും മനസ്സിനെയും നശിപ്പിച്ചാലും കണക്കാക്കാതെ അവയെ കടമയായി മാത്രം എണ്ണുന്നു. ഭർത്താവിന്റെ സ്വവർഗ്ഗതാൽപര്യവും ഭാര്യയെ മേലുദ്യോഗസ്ഥനു കാഴ്ച വയ്ക്കുന്നിടത്തോളമെത്തുന്ന ഹൃദയ ശൂന്യതയും

ലൈംഗികകാര്യങ്ങളിലെ നിർദ്ദയത്വവും മെറിലി വൈസ് ബോർഡിനോട് വിവരിച്ചിട്ട് ആ ഭർത്താവിനെ ആദരപൂർവ്വം ശുശ്രൂഷിക്കാൻ സാധിച്ചതാണ് തന്റെ ജന്മസാഫല്യം എന്നു പറയുന്ന കമലയിൽ പ്രവർത്തിക്കുന്നത് ആ പഴയ ആദർശസ്ത്രീ മാതൃകയാണ്

. സ്ത്രീ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ലൈംഗികമായ അസംതൃപ്തിയാണെന്നു പറയുമ്പോൾ അത് മറ്റനേകം പ്രശ്നങ്ങളുടെ നിസ്സാരവൽക്കരണമാണ്. സ്ത്രീശരീരം എന്തിന്റെയെങ്കിലും മാദ്ധ്യമമോ ഉപകരണമോ ആകുന്നത് ചരക്കുവൽക്കരണം (Commodification) തന്നെയാണ്. മണിപ്രവാളകാലഘട്ടങ്ങളിലെ സ്ത്രീ, മാറിയ വേഷങ്ങളിൽ പുനരവതരിപ്പിക്കപ്പെടുന്നുവെന്നു മാത്രം. അതാണ് സ്ത്രീസ്വത്വത്തിന്റെ യഥാർത്ഥ ആവിഷ്ക്കരണമെന്നുള്ളത് ഒരു തെറ്റിദ്ധാരണയാണ്. പൂർവനിശ്ചിതമാതൃകകൾക്കൊപ്പിച്ചുള്ള രചനകൾ എഴുത്തിലെ ഏതെങ്കിലുമൊരു ധാരയെ പ്രതിനിധീകരിക്കുന്നതിൽ അഭംഗിയുണ്ട്. മാധവിക്കുട്ടിയുടേത് പരമ്പരാഗതസ്ത്രൈണതയുടെ ഉദ്ഘോഷണമായിരുന്നതുകൊണ്ട് അവർ കൃത്യമായി ആഘോഷിക്കപ്പെട്ടു. അതിൽ നിന്നു വേറിട്ടു പോകാൻ ശ്രമിക്കുമ്പോഴൊക്കെ സാഹിത്യബാഹ്യമായ ഘടകങ്ങളുടെ മറവിൽ സമൂഹം അവരെ ആക്രമിച്ചു. അതിൽ പ്രധാനം അവർ തന്നെ പലകുറി അഭിമാനം കൊണ്ടിട്ടുള്ള നാലപ്പാട്ട് പാരമ്പര്യമായിരുന്നു.

## 6

സ്ത്രീയെ ശരീരം മാത്രമായി കാണുന്ന പഴയ കീഴ്വഴക്കത്തെ തന്നെയാണ് സ്ത്രീശരീരത്തിന് അമിതപ്രാധാന്യം നൽകിക്കൊണ്ടുള്ള രചനകൾ പ്രോത്സാഹിപ്പിക്കുന്നത്. പരമ്പരാഗതമായ സ്ത്രീധർമ്മത്തെയും സ്ത്രൈണതാമാനദണ്ഡങ്ങളെയും ബോധപൂർവമല്ലാതെയാണെങ്കിലും ശരിവെയ്ക്കുന്ന രചനകൾ സാറാജോസഫിൽ നിന്നും ഉണ്ടായിട്ടുണ്ട്. സ്ത്രീശരീരത്തെ ചിത്രീകരിക്കേണ്ടി വരുമ്പോൾ ഭാഷ അസാധാരണമായ

വിധത്തിൽ സ്ത്രൈണമാകുന്ന കാഴ്ചയും കാണാം. പൂർണ്ണമായ ആൺനോട്ടത്തിന്റെ പ്രതീതിയാണ് ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകുന്നത്. സുന്ദരികളല്ലാത്ത സ്ത്രീകൾ ഏറ്റവുമധികം നിരീക്ഷിക്കപ്പെടുന്നതും ആക്ഷേപിക്കപ്പെടുന്നതും സ്ത്രീകളുടെ രചനകളിലാണെന്നത് കൗതുകകരമാണ്. തടിച്ചു മലർന്ന ചുണ്ടുകളും വിടർന്ന കാൽവിരലുകളും പരുക്കൻ തൊലിയും കുറിയ കൈവിരലുകളുമുള്ള സ്ത്രീകഥാപാത്രങ്ങളെ മാധവിക്കുട്ടി സൃഷ്ടിച്ചിട്ടുണ്ട്. മസൃണതയും സൗന്ദര്യവും സ്ത്രൈണതയ്ക്ക് ആവശ്യമായ ഏറ്റവും വലിയ ഗുണങ്ങളായി അവർ കരുതി. ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ചിത്രീകരിക്കുമ്പോൾ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ശാരീരികമായ ചേർച്ചക്കുറവ് ഹാസ്യം ജനിപ്പിക്കുന്ന വിധത്തിൽ എടുത്തു കാണിക്കപ്പെടാറുണ്ട്. അതിലുപരിയായി നല്ല ഭാര്യ സുന്ദരി കൂടിയാവണമെന്ന കാഴ്ചപ്പാടാണ് അവിടെ ഒളിച്ചിരിക്കുന്നത്.

*ബിജു വർഗ്ഗീസിന്റെ ഭാര്യ ചായയുമായി വന്നപ്പോൾ ജോർജ്ജുകുട്ടി ഞെട്ടിത്തരിച്ചിരുന്നു. തടിച്ചിയും മീശയുള്ളവളുമായ അവൾ ലോലഗാത്രനായ ബിജു വർഗീസിന്റെ തലയ്ക്കു മീതെ ഒരു ഗോപുരംപോലെ ഉയർന്നുനിന്നു. ഗോപുരം സ്വർണ്ണം പൊതിഞ്ഞിരുന്നു.* ( 2010:341)

വ്രീളാവിവശത, കവിളിണകളിലെ അരുണിമ, മിഴികളുടെ കൂമ്പൽ എന്നിവയില്ലാത്തവരും പൊതുവിജ്ഞാനം കൂടിയവരുമായതിനാൽ സ്ത്രൈണത കുറഞ്ഞുപോയവരുമായ സ്ത്രീകളെ വിവാഹം ചെയ്യാൻ പറ്റാത്തതിനാൽ ആത്മീയ വഴിക്കു തിരിയുന്ന കോളേജധ്യാപകനെ ചിത്രീകരിക്കുന്ന കഥയാണ് *ജോർജ്ജ് കുട്ടിയും ചില സ്ത്രീകളും*. (2010 : 340)

പുരുഷന്റെയും സമൂഹത്തിന്റെയും പരമ്പരാഗത സ്ത്രീസങ്കൽപത്തെ പരിഹസിക്കുമ്പോഴും *സ്വർണ്ണഗോപുരം അകത്തേക്കു ചലിച്ചു.* (പുറം 341) എന്ന് പരിഹാസം ലക്ഷണയുക്തമല്ലാത്ത സ്ത്രീയെ ഉന്നമിടുന്നത് കാണാം. കഥയിൽ സവിശേഷസ്ഥാനമില്ലാത്ത ഈ സ്ത്രീകഥാപാത്രം ഒരു തരത്തിലും അതിന് അർഹയല്ല എന്നതാണ് സത്യം. നിർദ്ദയമായ ഒരു പുരുഷ

നോട്ടം ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്നത് ഈ സന്ദർഭത്തിൽ കാണാം.

സാറാജോസഫിന്റെ തായ്കുലത്തിലെ ശൂർപ്പണഖ ഓരേ സമയം സ്ത്രീയെയും കീഴാളയെയും പ്രതിനിധീകരിക്കുന്നു. കീഴാളഭാഷ ഉപയോഗിച്ചുകൊണ്ട് സ്ത്രീയുടെ മനോവികാരങ്ങളെ പ്രതിഫലിപ്പിക്കാൻ ശ്രമിക്കുന്നു. ആ ഭാഷയിലൂടെയുള്ള സ്ത്രീസ്വത്വനിർമ്മിതികൾ നവീകരിക്കപ്പെടുന്നില്ല എന്നത് ഒരു വസ്തുതയാണ്. ശൂർപ്പണഖയുടേതായാലും സീതയുടേതായാലും ശരീരവും അതിനെ വർണ്ണിക്കാനുപയോഗിക്കുന്ന ഭാഷയും പഴയതുതന്നെ.

- പൂ പോലെ നനുത്ത കണ്ണുകൾ മാന്തിപ്പൊളിക്കണം,
- വെണ്ണ പോലെ കൊഴുത്ത കവിളുകൾ കുത്തിക്കീറണം.
- *മയൻ കൊത്തിയ കരിങ്കാളീടെ തിറത്തോടെ ഉര്ണ്ടിട്ടും കറ്ത്തിട്ടും തെകഞ്ഞ മൊലകളാര്ന്നൂ ഇനിക്ക്.*

സൗന്ദര്യമുള്ള സ്ത്രീശരീരങ്ങളും അധികാര വ്യവസ്ഥയ്ക്ക് നിരുപാധികം കീഴടങ്ങുന്ന തറവാടിപ്പെണ്ണുങ്ങളും ആലാഹയുടെ പെൺമക്കലിൽ പ്രത്യക്ഷപ്പെടുന്നു. വൈരൂപ്യമുള്ളവരും നിലനിൽക്കുന്ന അധികാരവ്യവസ്ഥയോട് നിരന്തരം കലഹിക്കുന്ന സ്വഭാവമുള്ളവരുമായ സ്ത്രീകൾ ഇതിന്റെ മറുവശമാണ്. ഇവരുടെ സ്വാഭാവികവും നൈസർഗികവുമായ ഇടപഴകലാണ് ഈ നോവലിന് ജീവൻ നൽകുന്നത്.

അനാഥയും നിസ്സഹായയുമായ ലക്ഷണമൊത്ത ഇരയാണ് മാറ്റാത്തിയിൽ ലൂസി. ലൂസി എന്ന കഥാപാത്രം പരമ്പരാഗത സ്ത്രീനിർമ്മിതിയുടെ അഴകളവുകൾ കൃത്യമായി പാലിക്കുന്നു. പുരുഷന്റെ മനസ്സിലേക്ക് കയറാനുള്ള വഴി അവന്റെ വയറാണെന്ന പഴഞ്ചൊല്ലിനെ പലകുറി ശരിവെയ്ക്കുന്ന തരത്തിൽ നിരവധി പാചകവിധികളാൽ സമ്പന്നമാണ് മാറ്റാത്തി. ഭക്ഷണവും ശരീരവും തമ്മിലുള്ള ഒരു അഭേദകൽപന മാറ്റാത്തിയിൽ ഉണ്ട്. രണ്ടും ആസ്വദിക്കപ്പെടുകയാണ്. ആസ്വദിക്കപ്പെടാത്ത ഭക്ഷണം പോലെ ആസ്വദിക്കപ്പെടാത്ത ശരീരവും ലൂസിയെ അസ്വസ്ഥയാക്കുന്നുണ്ട്. സ്വശരീരത്തെക്കുറിച്ചുള്ള ലൂസിയുടെ തിരിച്ചറിവുകളെല്ലാം മറ്റുള്ളവരുമായി ബന്ധപ്പെ

ടുത്തിക്കൊണ്ടുള്ളതാണ്. സ്വശരീരവും സ്വന്തം പാചകവും അവളുടെ രഹസ്യാഹ്ലാദങ്ങളാണ്. അവ അംഗീകരിക്കുന്നവരോടുള്ള മമതയും അവരുടെ ശരീരങ്ങളുമാണ് ലൂസിയെ തിരിച്ചറിവുകളിലേക്കും സ്വത്വബോധത്തിലേക്കും നയിക്കുന്നത്.

*മുണ്ട് ഞൊറിഞ്ഞു ചുറ്റുമ്പോൾ അരവണ്ണം, കുപ്പായം ഞെക്കി ഞെരുക്കി കടത്തുമ്പോൾ മാർ വണ്ണം, തുഞ്ചാതുഞ്ചത്തെ കോവൽക്കായ പൊട്ടിക്കാൻ ഉപ്പൂറ്റി പൊന്തിക്കുമ്പോൾ പൊക്കം, മുരിങ്ങ മരങ്ങൾക്കിടയിൽ വൈകുന്നേരത്തെ വെയിലിൽ നിൽക്കുമ്പോൾ നിഴൽച്ചന്തം. ഒക്കെ ദിവസേന കൂടി വരുന്നത് ലൂസി അറിയുന്നുണ്ട്. ഒത്ത പെണ്ണാണ് ലൂസി* (2010 : 170)

അരമണികൾ ആവശ്യത്തിലേറെ ഇളക്കിക്കൊണ്ടും ഉടയാടകളുടെ സ്ഥാനം തെറ്റിച്ചും കടന്നുപോകുന്നവളാണ് താര. ( *ഊരുകാവൽ* പുറം 48) അതിദയനീയരായ ഇയ, ഇമ്പ, രുമ, ദാസിപ്പെണ്ണ് തുടങ്ങിയവർ ഇരകൾ മാത്രമാണ്. നല്ല ഇരകളാകയാൽ അവർ പരിഗണന അർഹിക്കുന്നു. *ദുഃഖംപോലെ ഭാരമേറിയ ഒരു ശബ്ദം*

*മഞ്ഞുപോലെ തണുത്ത ഒരു കരം – നടുക്കത്തോടെ അംഗദൻ തിരിഞ്ഞുനോക്കി.*

*മഴയായി പെയ്യുകയാണൊരുവൾ, കാറ്റായി വീശുകയാണ് ഒരുവൾ..........*

*ഇരുട്ടിലും കരിപുരണ്ട ആ വിരലുകൾ വിറയ്ക്കുന്നത് അംഗദൻ കണ്ടു.* (2009:206)

സ്ത്രൈണതയുടെ ചിത്രീകരണത്തിന് ഉപയോഗിക്കുന്ന ഭാഷയുടെ സ്ത്രൈണത ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. മഞ്ഞ്, തണുപ്പ്, മഴ,കുളിർമ്മ,ദുഃഖം, ലജ്ജ, ആലസ്യം, ഭയം, സാന്ത്വനം, വിറയൽ തുടങ്ങിയവ സ്ത്രീപക്ഷത്തും ഇടിമിന്നൽ, പർവ്വതം, മഹാവൃക്ഷം, ഭൂകമ്പം, പ്രളയം, ധൈര്യം, സ്ഥൈര്യം, ഉത്സാഹം, നിർഭയത്വം, കരുത്ത് എന്നിവ പുരുഷപക്ഷത്തും കൃത്യമായി നിലയുറപ്പിക്കുന്ന കാഴ്ച ഊരുകാവലിലുണ്ട്. പരമ്പരാഗതവർണ്ണനകളിലും ആഖ്യാനമാതൃകകളിലും പുലരുന്ന രീതി തന്നെയാണിത്. ബലശാലികളായ സ്ത്രീകൾ സ്ത്രൈണഗുണമില്ലാത്ത രാക്ഷസികളായി ചിത്രീകരിക്കപ്പെടുന്നു.

സ്ത്രീക്ക് കരുത്തുണ്ടെങ്കിൽത്തന്നെ അത് പ്രകടിപ്പിക്കേണ്ടത് സുരതത്തിൽ ബലശാലിയായ നായകനോട് മത്സരിച്ചു കൊണ്ടും അയാളുടെ വീരപുത്രനെ പ്രസവിച്ചുകൊണ്ടുമാണ്.

*എവിടെ താരയിലെ പ്രണയ പരിമളം? എവിടെ അവളുടെ വഴക്കം? എവിടെ ലജ്ജ? എവിടെ കീഴടങ്ങൽ?* (2008:106)

- *അതേ ചിരിയോടെ ആ താര ആടിക്കുഴഞ്ഞ് മധുലഹരിയിൽ ഉഴറിയ മിഴികളോടെ അയഞ്ഞുതൂങ്ങിയ അരഞ്ഞാണത്തോടെ, ചുക്കിച്ചുളിഞ്ഞു പോയ കസവുടയാടകളോടെ, കാമാസക്തരുടെ കിടപ്പറയിൽ നിന്നൊരുവൾ നേരെ എഴുന്നേറ്റുവരും പോലെ ലക്ഷ്മണന്റെ മുന്നിൽ ചെന്നു നിന്നു. കടക്കണ്ണിൽ മധുരം നിറച്ച് അയാളെ നോക്കി ഗൂഢസ്മിതത്തോടെ പറഞ്ഞു.* (2008:108)
- *സ്ത്രീകൾ വരട്ടെ. അയാൾ തീരുമാനിച്ചു. അവർ ഇമ്മാതിരി ഭയപ്പെടുത്തുന്ന കാര്യങ്ങളൊന്നും സംസാരിക്കില്ല. യുദ്ധത്തെപ്പറ്റിയോ വഞ്ചനയെപ്പറ്റിയോ പറയില്ല. വികാരോത്കടമായ ഭാവത്തോടെ വിടർന്ന അരക്കെട്ടുകളിളക്കിക്കൊണ്ട് അവർ വരും. തഴുകിയും തലോടിയും മധുരവാക്ക് പറഞ്ഞും ആശ്വസിപ്പിക്കും. ഉണർത്തിയും ആനന്ദിപ്പിച്ചും ഉറക്കിയും സഹായിക്കും. അവരുടെ മുലകൾക്കിടയിലും അരക്കെട്ടിലുമാണ് സമാധാനം കുടികൊള്ളുന്നത്. അവരുടെ വിയർപ്പിൽ കുളിരും കണ്ണുകളിൽ സ്നേഹമുണ്ട്. മടിയിൽ തലവെക്കാനിടമുണ്ട്.* (2008:120)

ചുരുക്കത്തിൽ ഒരേ സമയം പരമ്പരാഗതയും ആധുനികയുമായിരിക്കുക എന്നതാണ് മലയാളിസ്ത്രീ നേരിടേണ്ടി വരുന്ന പ്രധാനപ്പെട്ട സ്വത്വപ്രതിസന്ധി. അവൾ രൂപംകൊണ്ട് മണിപ്രവാളനായികയായിരിക്കുകയും ശീലം കൊണ്ട് 'കുലസ്ത്രീജന'ത്തിൽ പെടുകയും വേണം. മണിപ്രവാളനായികമാരുടെ സൃഷ്ടി കൃത്യമായും ഒരു അപരത്തെ (other) ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. പൂർണ്ണമായ അർത്ഥത്തിലല്ലെങ്കിൽപ്പോലും ലൈംഗികസ്വാതന്ത്ര്യം അനുഭവിക്കുകയും കുടുംബത്തിന് പുറത്തേക്കു നടക്കുകയും മാതൃത്വത്തിന്റെ ഉത്തരവാദിത്തങ്ങളിൽ

നിന്നടക്കം വിടുതൽ പ്രഖ്യാപിക്കുകയും സഭയിൽ പ്രത്യക്ഷപ്പെടുകയും സമ്പത്തിന്റെമേൽ നിയന്ത്രണാധികാരം നേടുകയും ചെയ്തിരുന്ന ദേവദാസികളാണ് മിക്ക മണിപ്രവാളനായികമാരും . അവരുടെ ശരീരം കൃത്യമായ അഴകളവുകളിൽ ബദ്ധമാണ്. ഈ സ്വതന്ത്രസ്ത്രീശരീരങ്ങളുടെ സൃഷ്ടി നിയന്ത്രിതസ്ത്രീശരീരങ്ങളുടെ സൃഷ്ടിയിലേക്കാണ് നോട്ടമിടുന്നത്. അവയെ തെളിച്ചെടുക്കാനും പരഭാഗശോഭ നല്കാനുമാണ് മണിപ്രവാളകാവ്യങ്ങൾ അത്രമേൽ മഹിളാളി മഹാസ്പദമായത്. യഥാർത്ഥസ്ത്രീസ്വത്വം ഇതിൽനിന്നും വ്യതിരിക്തമായ ഒന്നാണ് എന്ന ബോധം അവയുടെ ഉപോൽപന്നമാണ്. വേദപുരാണേതിഹാസങ്ങളിൽ വിശദീകരിക്കപ്പെടുന്നത് ഈ യഥാർത്ഥ സ്വത്വമാണ്. ഇവയിൽ നിന്ന് അന്യമായ ഒന്നിന്റെ നിർമ്മിതിയാണ് സ്ത്രീരചനകൾ നിർവഹിക്കേണ്ടിയിരുന്നത്. രൂപംകൊണ്ട് മണിപ്രവാളനായികയും അകമേ കുലസ്ത്രീയുമായിരിക്കുന്ന സ്ത്രീനിർമ്മിതികളെ പുന:സൃഷ്ടിക്കുകയാണ് ചെയ്യുന്നതെങ്കിൽ അത്തരം നിർമ്മിതികളുടെയും രചനകളുടെയും പ്രസക്തി ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

---

## References


- അജയകുമാർ, വയലാർ, 2005: സ്ത്രീപുരുഷലക്ഷണം, എച്ച്. ആൻഡ് സി പബ്ലിക്കേഷൻസ്, ചേർത്തല
- ഉമ ചക്രവർത്തി 2008: ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ പി.എസ്. മനോജ് കുമാർ (വിവ.) മാതൃഭൂമി ബുക്സ്, കോഴിക്കോട്
- കരീം സി.കെ. 1981: ഫ്രാൻസിസ് ബുക്കാനന്റെ കേരളം (വിവ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
- കുഞ്ഞൻപിള്ള, ഇളംകുളം 1963: കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ (മൂന്നാംപതിപ്പ്), സാഹിത്യപ്രവർത്തകസഹകരണസംഘം കോട്ടയം
- കുഞ്ഞിക്കുട്ടൻ തമ്പുരാൻ, 1981: വിക്രമോർവശീയം (വിവ) കാളിദാസകൃതികൾ, കൊടുങ്ങല്ലൂർ, സാഹിത്യപ്രവർത്തക സഹകരണസംഘം കോട്ടയം
- കൃഷ്ണവാര്യർ എൻ. വി. 1980: മണിപ്രവാളപ്രസ്ഥാനം, പരിപ്രേക്ഷ്യം

(മൂന്നാംപതിപ്പ്), സാഹിത്യപ്രവർത്തക സഹകരണസംഘം കോട്ടയം

- കേരളവർമ്മവലിയകോയിത്തമ്പുരാൻ 1981: മണിപ്രവാളശാകുന്തളം, കാളിദാസകൃതികൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം
- ചന്തുമേനോൻ 1991: ഇന്ദുലേഖ, ഡി. സി. ബുക്സ്, കോട്ടയം
- ദേവിക.ജെ. (എഡി) 2006: ആണരശുനാട്ടിലെ കാഴ്ചകൾ : കേരളം സ്ത്രീപക്ഷഗവേഷണത്തിൽ, വിമൻസ് ഇംപ്രിന്റ്, തിരുവനന്തപുരം. 2010: കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് തിരുവനന്തപുരം.
- നാരായണപ്പിഷാരോടി കെ. പി. 1987: ഭരതമുനിയുടെ നാട്യശാസ്ത്രം (വിവ), വോള്യം 2, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
- നാരായണമേനോൻ, നാലപ്പാട്ട് 1973: രതിസാമ്രാജ്യം, കറന്റ് ബുക്സ്, തൃശ്ശൂർ
- പണിക്കർ കെ. എൻ. (ഡോ.) 2002 : സംസ്കാരവും ദേശീയതയും കറന്റ് ബുക്സ് തൃശ്ശൂർ
- പത്മനാഭമേനോൻ കെ. പി. 1912 : കൊച്ചിരാജ്യചരിത്രം (സമാഹർത്താവ്), ഭാരതവിലാസം, തൃശ്ശൂർ
- പ്രവീണ കോടോത്ത് 2006: 'വരന്റെ വില ഉയരുന്നു. വിവാഹാലോചനയും ലിംഗാധികാരവും കേരളത്തിൽ' ജെ. ദേവിക (എഡി), ആണരശുനാട്ടിലെ കാഴ്ചകൾ. കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ. വിമൻസ് ഇംപ്രിന്റ്, തിരുവനന്തപുരം.
- പ്രസന്നൻ ജി. മുല്ലശ്ശേരി 2008 : സാമുദ്രികാശാസ്ത്രം, ദേവി ബുക്സ്റ്റാൾ, കൊടുങ്ങല്ലൂർ
- ബാലകൃഷ്ണൻ കല്പറ്റ (എഡി) 1995: സമ്പൂർണ്ണ മഹാഭാരതം, സമ്രാട്ട്പബ്ലിക്കേഷൻസ്, തൃശ്ശൂർ
- ബാലകൃഷ്ണനാഥ് സ്വാമി ശ്രീയുത് 2007: കുചിമാരതന്ത്രഭാഷ്യം (വിവ) സമ്രാട്ട് പബ്ലിക്കേഷൻസ്, തൃശ്ശൂർ
- മലയാളപഠനസംഘം 2011: സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, വള്ളത്തോൾവിദ്യാപീഠം, ശുകപുരം
- മാധവിക്കുട്ടി 1982: എന്റെ കഥ, ഡി. സി. ബുക്സ്, കോട്ടയം,
  1989, 2011: വർഷങ്ങൾക്കു മുമ്പ്, കറന്റ് ബുക്സ്, തൃശ്ശൂർ.
  1997, 2001: ഒറ്റയടിപ്പാത, ഡി. സി. ബുക്സ്, കോട്ടയം.
  2001 : സ്നേഹത്തിന്റെ സ്വർഗ്ഗവാതിലുകൾ, പാപ്പിയോൺ

വണ്ടിക്കാളകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
1992, 2004: ഡയറിക്കുറിപ്പുകൾ, കറന്റ് ബുക്സ് തൃശ്ശൂർ
2003, 2007: മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം, ഡി. സി. ബുക്സ്, കോട്ടയം
2009:സ്ത്രീ-മാധവിക്കുട്ടിയുടെ അസമാഹൃതകഥകൾ, നാടകങ്ങൾ, തിരക്കഥ, ഡി. സി. ബുക്സ് കോട്ടയം.

- മാണി, വെട്ടം 1982: പുരാണിക് എൻസൈക്ലോപീഡിയ. എൻ.ബി.എസ്, കോട്ടയം.
- രാജരാജവർമ്മ എ. ആർ 1981: ഭാഷാകുമാരസംഭവം, മാളവികാഗ്നിമിത്രം, കാളിദാസകൃതികൾ, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
- രാമവർമ്മ .കെ.ടി. 1985: കാമപൂജ, കാലിക്കറ്റ് യൂനിവേർസിറ്റി പ്രസ്സ്,കോഴിക്കോട്.
- വാത്സ്യായനൻ 2004: കാമസൂത്രം (പരിഭാഷ), ഗായത്രി പബ്ലിക്കേഷൻസ്, കോട്ടയം
- വിഷ്ണുനാരായണൻ നമ്പൂതിരി 1981: ഋതുസംഹാരം (വിവ) കാളിദാസകൃതികൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
- ശ്രീജൻ. വി.സി, 2002: പെണ്ണെഴുത്ത്, (എഡി.), എൻ. ജയകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
- സച്ചിദാനന്ദൻ (എഡി) 1990: സ്ത്രീപഠനങ്ങൾ, ബോധി, കോഴിക്കോട്.

2010 1. മുടിത്തെയ്യങ്ങൾ. 2. സാറായണങ്ങൾ
സാറാജോസഫിന്റെ സമ്പൂർണ്ണകഥകൾ 1968–2008, കറന്റ് ബുക്സ്, തൃശ്ശൂർ

- സാറാജോസഫ് 1999 : ആലാഹയുടെ പെൺമക്കൾ, കറന്റ് ബുക്സ് തൃശ്ശൂർ

2003 : മാറ്റാത്തി, കറന്റ് ബുക്സ് തൃശ്ശൂർ
2008 : ഊരുകാവൽ, കറന്റ് ബുക്സ് തൃശ്ശൂർ
2009 : ഒതപ്പ്, കറന്റ് ബുക്സ് തൃശ്ശൂർ
2009 : തേജോമയം, കറന്റ് ബുക്സ് തൃശ്ശൂർ
2000–2010 : നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക, ഹരിതം ബുക്സ് കോഴിക്കോട്.
2010 : ഭഗവദ്ഗീതയുടെ അടുക്കളയിൽ എഴുത്തുകാർ വേവിക്കുന്നത്,

ലിപി പബ്ലിക്കേഷൻസ് കോഴിക്കോട്
സാറാജോസഫ് 2010: സാറാജോസഫിന്റെ സമ്പൂർണ്ണകഥകൾ 1968–2008, കറന്റ് ബുക്സ് തൃശ്ശൂർ
2011 : ആതി, കറന്റ് ബുക്സ് തൃശ്ശൂർ

- ശാരദക്കുട്ടി എസ്. (ഡോ.) 2007 : പെൺവിനിമയങ്ങൾ, ഡി. സി. ബുക്സ് കോട്ടയം.
- ഷർമ്മിള ശ്രീകുമാർ 2006 : സമകാലീനമലയാളിസ്ത്രീ അകത്തോ പുറത്തോ?, ആണരശുനാട്ടിലെ കാഴ്ചകൾ, കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ, ജെ. ദേവിക (എഡി), വിമൻസ് ഇംപ്രിന്റ്, തിരുവനന്തപുരം.
- സെബീനാറാഫി 1975 : സ്ത്രീ പ്രാചീനലോകത്തിൽ, സ്ത്രീ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
- റിങ്കി ഭട്ടാചാര്യ (എഡി) 2009 : അടച്ചിട്ട വാതിൽ മറവിൽ (ദിവ്യാ വാര്യർ വിവ.), ഡി. സി. ബുക്സ്, കോട്ടയം.

**ENGLISH**

- Ellman, Mary 1968: Thinking about Women, arcoast Newyork
- Gatwood, Lynn 1985: Devi and the Spouse Goddess, Women, Sexuality and Marriage in India Manohar, Delhi.
- Graves, Robert 1948 : The White Goddess, Creative Age Press, New York.
- Gray, John 1993: Men are from Mars, women are from venus, Harper Collins.
- Kaplan Cora and Glover David. 2009: Genders Routledge, London.
- Kinsley, David 1986: Hindu Goddesses (Online version), Visions of the Devine Femine in the Hindu Riligious Tradition, University of California Press, Berkley.
- Kotz Liz 1992 : The Body you Want: An Interview with Jndith Butler – Artforum international 82 : 9.
- Laura Mulvey 1975: Visual Pleasure and narrative Cinema Screen (Oxford Journals) 16 (3): 6-18
- Levi- strauss, claude: 1950 Rice and History (Trans) Unesco 1950)

- Lynda Nead 1992 : Framing the female Body in Hilary Robinson (Ed) Feminism - Art - Theory An Anthology 1968- 2000 Black Well Publication, Oxford UK
- Meena Kelkar & Deepthi Gangavane (Ed) 2003: Feminism in search of an Identity - The Indian context, Rawat Publication, New-Delhi.
- Menski, Werner 1991:'Martial Expectations as dramatized in Hindu Marriage Ritual' in (Julia Leslie Ed) , Roles and Rituals for Hindu Women Motilal Banarasidas, New Delhi.
- Mohanthi Chandra. Talpade 2003 : Feminism without Boarders Duke University, Durham
- Moti Chandra 1973: The World of Curtesans, Vikas Publications, New Delhi.
- Mies, Maria. 1986: Patriarchy and Accumulation on a world scale, zed Books, London.
- Muller F. Max (Ed) 2001: Sacred books of the East - The law of Manu. Motilal Banarasidas, Delhi.
- Robinson Hilari 2011: Feminism - Art - Theory An Anthology 1968- 2000 Blackwell Publication, Oxford, UK.
- Snitow. Ann. 1990: A Gender Diary, Marianne Hirsch and Evelyn Fox Keller.(eds) confcl;icts in feminism, Routledge, New York.
- Weisbord Merrily, 2010. The Love Queen of Malabar- Memoir of a Friendship with Kamala Das, Mc Gill, University Press Montreal & Kingstone, London.
- Yalman Nur (Dr.) 1963: On the Purity of Women in the castes of ceylon and Malabar. Journal of the Royal Anthropological Institute of Great Britian and Ireland

# Community and Communalism: Understanding '*Marad* '

Ramdas P.

The two episodes of communal conflicts occurred at a coastal village, Marad in Beypore Panchayath, Kozhikode, in January 2002 and May 2003, are major events in the contemporary history of Kerala. In these incidents 14 lives had lost, many were left to destitution, a few still are left to suffer from mental shock, and properties costing millions of rupees had been damaged. Prior to the occurrence of these incidents there was a major shift in perceiving human beings and their interrelations. The major inhabitants of the area who had been subsisting up on fishing and were earlier been recognized as Puthu Islam and Arayans were now began to be identified increasingly as Muslims and Hindus. These newly emergent categories and communal conflicts provoke a number of questions. How do we understand the issues of the transformation of Puthu Islam and Arayans into *Muslims* and *Hindus*? What makes a community or the other amenable to communal categories? Whether "communalism as an ideology from above" is a sufficient condition to explain communal conflicts? Beyond the play of ideology, were there any material conditions for the communal politics at Marad?

Despite being belong to the same occupational cluster why a consciousness around class was not developed among the Puthu-Islam and Araya fishermen of Marad? In this paper an attempt has been made to address these questions. In this brief study 'Communalism' is defined as theoretically assuming a community or its other as real and seek to practice it by constituting oneself as part of a community and distancing oneself from the other communities. The study will begin with a brief historiographic survey of community formation in Kerala. In the second part an attempt has been made to explain how the beach dwelling fishers of Marad were linked with their *co-religionists* in the main-land through various cultural discourses on the one hand and an analysis of the socio-economic dynamics of Marad in the backdrop of the introduction of modern technology in the Kerala fishery is attempted on the other.

## I

The process of communalism and community formation in Kerala has been analyzed from different perceptive and by different scholars. But in the present historiographic survey I will focus only on three major studies.[1] M. Muralidharan had seriously attempted to study communalism in Kerala.[2] He finds a relationship between the early 20$^{th}$ century community formation and the subsequent emergence of communalism. Muralidharan argues that community formation in Kerala was a result of the interpellation of colonial modernity. In Kerala, he says, up to the mid-nineteenth century, the term *jati* was used to denote not only the social groups like Nairs, Thiyya, or Pulaya but also the religious groups like Mappilas (Muslims) and Nazranis (Christians). In the pre-colonial

Kerala the units of social identity had been multiple and '*jati*' was one among the many categories used to organize and represent social identity. But the colonial authority, being perceived from what many now call as orientalist, accepted *jati* as the basic form of social organization, Indian society as hierarchic and thus initiated a discourse of difference. Through miscellaneous collections and volumes of official manuals, gazetteers, and census reports, 'caste' figured as the most important subject and classificatory scheme for the organisation of the social world. This process of amalgamation resulted in conferring a common name for a group consisting of various social groups with varied interests. These classifications, according to Muralidharan, lay at the root of the community formations in Kerala. The community thus discursively created is a pre-condition for the communitarianism and communalism in Kerala.

P.P. Abdul Razak[3] examines the historical process through which the Mappilas of Malabar became a 'community'. He challenges the generally held notion that the modern communities are just survival from the past appropriating new forms in relation to changing temporality. Instead, the modern communities-whether Hindu or Muslim- are products of colonialism. In pre-colonial times there was a felt unity of brotherhood among local Muslims, but which was not based on the core/universal Islamic symbols. Further, some of the elements that constituted this brotherhood were actually in conflict with the universal Islamic ideals. For example, the caste like features, the status divisions, practice of Matriliny, witchcraft, and belief in multiple divinities of unknown origin etc. Stratification in terms of profession, wealth, and system of succession were rampant among them and the notion of a community could hardly exist during that phase. But in the

early 20$^{th}$ century the Mappilas emerged as a self-conscious community defining themselves as Muslims. Closely following Muralidharan's reading of community formation, Razak argues that, this new community formation among Mappilas was an effect of both discursive and non-discursive processes. This involves colonial administrative classificatory strategies, modern educational interpellation, Islamic revivalist movements, technological developments like the introduction of printing press, the increased tension between Hindus and Muslims in the wake of Malabar rebellion, reporting of the rebellion by vernacular press, and the mediation of nationalist and communal politics.

18-19 നൂറ്റാണ്ടുകളിൽ കാർഷിക-വ്യവസായിക മേഖലകളിലെ കണ്ടുപിടിത്തങ്ങളും പേരെടുത്ത സർവ്വകലാശാലകളും, സാഹിത്യസംഭാവനകളും ശാസ്ത്രമേധാവിത്വവുമെല്ലാം സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ ലോകത്തിന്റെ നെറുകയിലെത്തിച്ചിരുന്നുവെങ്കിലും ഇംഗ്ലണ്ടിൽ പ്രാഥമികതലത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ സ്ഥിതി തീരെ ആശാവഹമായിരുന്നില്ല. ഡെയിം സ്കൂളുകൾ, കോമൺഡേ സ്കൂളുകൾ, സർക്കുലാർ സ്കൂളുകൾ, സൺഡേ സ്കൂളുകൾ എന്നിങ്ങനെ വിവിധ രീതിയിലുള്ളവയായിരുന്നു അവിടുത്തെ പ്രൈമറിതല വിദ്യാലയങ്ങൾ. ഇവയൊക്കെ നടത്തിയിരുന്നത് പ്രായമായ സ്ത്രീകളോ മറ്റൊരുജോലിയിലും കാര്യമായി വിജയിക്കാത്തവരോ ശാരീരിക അവശതകൾ ഉള്ളവരോ ആയിരുന്നു. അവരിൽ പലർക്കും അധ്യാപനത്തിന്റെ അടിസ്ഥാന ധാരണകളോ പൊതുവിജ്ഞാനമോ ഉണ്ടായിരുന്നില്ല. മാത്രമല്ല ഡെയിം സ്കൂളുകളും കോമൺഡേ സ്കൂളുകളുമെല്ലാം നാമമാത്രമെങ്കിലും ഫീസ് കൊടുക്കൻ കെല്പുള്ളവർക്കു വേണ്ടി മാത്രമുള്ളതായിരുന്നു.[4] വ്യാവസായിക തൊഴിലാളികളുടെയും കൂലി വേലക്കാരുടെയും കൃഷിപ്പണിക്കാരുടെയും മക്കൾ ഏതെങ്കിലുമൊരു വിദ്യാലയ സംവിധാനത്തിന്റെ പടിക്കപ്പുറത്തായിരുന്നു എന്നതായിരുന്നു യാഥാർത്ഥ്യം.

ഇതിനിടെ പുതുതായി ഉയർന്നു വന്ന മധ്യവർഗ്ഗം-മാനുഷികവും മതപരവുമായ കാരണങ്ങളാൽ-ഈയൊരവസ്ഥക്ക് പരിഹാരം കാണാൻ ശ്രമിച്ചു. അങ്ങിനെയാണ് 'സൊസൈറ്റി

ഫോർ പ്രൊമോഷൻ ഓഫ് ക്രിസ്ത്യൻ നോളജ്' എന്ന സംഘത്തിന്റെ ആഭിമുഖ്യത്തിൽ 1699 മുതൽ ഇടവകകളോട് ചേർന്ന് ചാരിറ്റി സ്കൂളുകൾ ആരംഭിക്കുന്നത്. വായന, എഴുത്ത്, ഗണിതം, മതപരമായ അറിവുകൾ എന്നിവയായിരുന്നു പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ധനാഢ്യരിൽ നിന്ന് സംഭാവന പിരിച്ചുകൊണ്ടും പൈതൃക സ്വത്തുക്കൾ ദാനമായി സ്വീകരിച്ചുകൊണ്ടും മൂലധനം സ്വരൂപിച്ച ഇത്തരം സ്ഥാപനങ്ങളിൽ സൗജന്യ വിദ്യാഭ്യാസമായിരുന്നു നൽകിയിരുന്നത്. 1760-കളോടെ ഏകദേശം മുപ്പതിനായിരത്തിൽപരം ദരിദ്രവിദ്യാർത്ഥികൾക്ക് ചാരിറ്റി സ്കൂളുകൾ അത്താണിയായി. ഇവിടങ്ങളിൽ പഠനം യാന്ത്രികമാണെന്നും ബൈബിളും പ്രാർത്ഥനാ പുസ്തകങ്ങളും അർത്ഥമറിയാതെയാണ് കുട്ടികൾ ഹൃദിസ്ഥമാക്കുന്നതെന്നും അധ്യാപകർ കഴിവ് കുറഞ്ഞവരാണെന്നുമുള്ള വിമർശനങ്ങൾ പിൽക്കാലത്ത് ഉയർന്നുവന്നു. സ്കൂൾ എന്ന ആശയം എന്താണോ ലക്ഷ്യമാക്കുന്നത് അതിൽ ചാരിറ്റി സ്കൂളുകൾ പരാജയപ്പെട്ടതായി വിലയിരുത്തലുകളുണ്ടായി. ചാൾസ് ഡിക്കൻസ് *സ്കെച്ചസ് ബൈ ബോസ്* എന്ന രചനയിൽ പാരിഷ്സ്ക്കൂൾ അധ്യാപകരുടെ ദയനീയസ്ഥിതി വരച്ചുകാണിച്ചിട്ടുണ്ട്. ഈയൊരവസ്ഥയിലാണ് കേരളത്തിന്റെ കുടിപള്ളിക്കൂടങ്ങൾ ഇംഗ്ലണ്ടിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നത്.

ആദ്യമായും അവസാനമായും ഒരു കച്ചവട സംഘമായിരുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനി വലിയൊരു കാലയളവിൽ ഇന്ത്യയിൽ മിഷനറി പ്രവർത്തനങ്ങൾ അനുവദിച്ചിരുന്നില്ല. ആദ്യത്തെ എൺപതുവർഷങ്ങളിൽ ഒരു പള്ളിപോലും സ്ഥാപിക്കാൻ അവർ തയ്യാറായതുമില്ല.[5] എന്നാൽ പിന്നീട് യൂറോപ്യൻമാരുടെയും ആംഗ്ലോ-ഇന്ത്യൻ വിഭാഗങ്ങളുടെയും ആരാധനാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ചാപ്ലെയ്ൻമാരെ നിയമിക്കാൻ ബ്രിട്ടീഷ് പാർലമെന്റ് കമ്പനിയെ ചുമതലപ്പെടുത്തി. അത്തരത്തിൽ മദിരാശിയിൽ ചാപ്ലെയ്നായി പ്രവർത്തിച്ച ആളായിരുന്നു ഡോ. ആൻഡ്രൂ ബെൽ. 1753-ൽ സ്കോട്ലെന്റിൽ ജനിച്ച ബെൽ ഗണിതത്തിലും പ്രകൃതിദർശനത്തിലും ആഴത്തിൽ പരിശീലനം നേടി. തുടർന്ന് പൗരോഹിത്യം നേടിയ

അദ്ദേഹം 1787-ൽ കൽക്കത്തയിലേക്ക് യാത്ര തിരിച്ചു. പ്രകൃതി ദർശനത്തിൽ പ്രഭാഷണം നടത്തുക, കഴിയുമെങ്കിൽ സ്വകാര്യ ട്യൂഷനിലൂടെ പണം കണ്ടെത്തുക തുടങ്ങിയവയായിരുന്നു ലക്ഷ്യം. എന്നാൽ അദ്ദേഹം എത്തിച്ചേർന്നത് മദ്രാസിലായിരുന്നു. അനാഥരായ ആൺക്കുട്ടികൾക്ക് വേണ്ടി അവിടെ പുതുതായി ആരംഭിക്കുന്ന സ്ഥാപനത്തിന്റെ സൂപ്രണ്ടായി ഡോ.ബെൽ ക്ഷണിക്കപ്പെട്ടു. ശമ്പളം വാങ്ങാൻ തയ്യാറാവാതെയാണ് അദ്ദേഹം ആ ജോലി ഏറ്റെടുത്തത്. എന്നാൽ വിവിധ പട്ടാള റെജിമെന്റുകളുടെ ചാപ്ലെയ്ൻ എന്ന നിലയിൽ വമ്പിച്ച വരുമാനം അദ്ദേഹത്തിന് ലഭിച്ചിരുന്നു.മാത്രമല്ല ധാരാളം ഒഴിവുസമയവുമുണ്ടായിരുന്നു. പഠന പ്രക്രിയകളെക്കുറിച്ചുള്ള ചിന്തകൾക്കും പരീക്ഷണങ്ങൾക്കും ബെൽ പ്രേരിപ്പിക്കപ്പെടുന്നതിന് വേറെയുമുണ്ടായിരുന്നു കാരണങ്ങൾ. തന്റെ കീഴിൽ നിയമിക്കപ്പെട്ട അധ്യാപകർ ഏറ്റെടുത്ത പ്രവർത്തിയിൽ കാര്യപ്രാപ്തിയോ താൽപര്യമോ ഇല്ലത്തവരായിരുന്നു എന്നതായിരുന്നു അത്. ഇംഗ്ലണ്ടിലെ ചാരിറ്റി സ്കൂളുകളുടെ അതേ അവസ്ഥ.

അന്ന് മലബാർ, മദ്രാസ് പ്രസിഡൻസിയുടെ ഭാഗമാണ്. തന്റെ സഞ്ചാരങ്ങൾ ക്കിടയിൽ കാണാനിടയായ നമ്മുടെ കുടിപ്പള്ളിക്കൂടങ്ങളിലെ അധ്യയന രീതികളിൽ അദ്ദേഹത്തിന്റെ കണ്ണുടക്കി. കുട്ടികൾ നിലത്തു വിരിച്ച മണലിൽ വലതുകൈ ചൂണ്ടുവിരൽ അമർത്തി എഴുതുന്നു. ഇടതുകൈകൊണ്ട് മായ്ക്കുന്നു. വീണ്ടും എഴുതുന്നു. സ്ലേറ്റ് വേണ്ട, പെൻസിൽ വേണ്ട. അന്നതൊക്കെ പണച്ചെലവുള്ള കാര്യമാണ്. (സ്ലേറ്റ് വ്യാപകമായപ്പോൾ ചെറിയ സംഖ്യകൾപോലും സ്ലേറ്റിൽ എഴുതികൂട്ടുകയാണ് നമ്മുടെ കുട്ടികൾ എന്നും മലയാളിയുടെ ഗണിതശേഷിയെ ഇത് സാരമായി ബാധിക്കുന്നുവെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് 'മനക്കണക്ക്' എന്നപേരിൽ ഭാഷാപോഷിണിയിൽ എസ്.സുബ്രഹ്മണ്യയ്യർ ഒരു ലേഖനം എഴുതിയിട്ടുണ്ട് (1898 തുലാം).[6] ബെൽ മറ്റൊന്നുകൂടി നിരീക്ഷിച്ചു. ഒരു വിദ്യാലയത്തിൽ ഒരധ്യാപകൻ മാത്രമേയുള്ളു എന്നാൽ വിവിധ പ്രായത്തിലും നിലവാരത്തിലുമുള്ള കുട്ടികൾ വ്യത്യസ്ത വിഷയ

ങ്ങൾ ഒരേ സമയം കരഗതമാക്കുന്നു. ഇതൊരത്ഭുത വിദ്യ തന്നെ. എന്ത്കൊണ്ടു തനിക്കും ഇത് പരീക്ഷിച്ചുകൂടാ? മദ്രാസ് സിസ്റ്റം അഥവാ മോണിറ്റോറിയൽ സമ്പ്രദായം എന്നറിയപ്പെട്ട ബെല്ലിന്റെ വിദ്യാലയപരിഷ്ക്കാരത്തിന്റെ തുടക്കം ഇതായിരുന്നു. മ്യൂച്വൽഇൻസ്ട്രക്ഷൻ എന്നും ഈ രീതി അറിയപ്പെടുന്നുണ്ട്. ഇനി നമുക്ക് ബെല്ലിനെ ഭ്രമിപ്പിച്ച കുടിപ്പള്ളിക്കൂട മാതൃക പരിശോധിക്കാം. മോണിറ്റോറിയൽ രീതിയെക്കുറിച്ച് നിരവധി ഇംഗ്ലീഷ് നിരീക്ഷണങ്ങൾ ലഭ്യമാണെങ്കിലും അത് നേരിട്ടനുഭവിച്ചവരുടെ-അതായത് കേരളീയരുടെ അനുഭവ കുറിപ്പുകൾ വലുതായൊന്നും ലഭിക്കാനില്ല. പക്ഷേ സി.വി. കുഞ്ഞിരാമൻ 'ഞാൻ' എന്ന ആത്മകഥയിൽ എൽ.എം.എസ് ധർമ്മപ്പള്ളിക്കൂടത്തിൽ തനിക്ക് അപ്രകാരം ലഭിച്ച വിദ്യാഭ്യാസം വിസ്തരിച്ച് ഓർത്തെടുക്കുന്നുണ്ട്. കാണുക:[7] "ആശാൻ വന്നു കയറിയപ്പോൾ കുട്ടികൾ കൂട്ടത്തോടെ അകത്തുകയറി ഒന്നിച്ചൊരു സലാം. സർവ്വത്ര ശാന്തം, കുറേ കഴിഞ്ഞപ്പോൾ ഒരു ബെഞ്ചിലിരുന്ന അഞ്ചാറുകുട്ടികൾ എഴുന്നേറ്റ് ആശാന്റെ മുമ്പിലുള്ള ബെഞ്ചുകളിൽ ചെന്നിരുന്നു. ഒരാൾ വായിച്ചു തീർന്നു ഇരുന്നു. അടുത്തയാൾ എഴുന്നേറ്റ് വായിക്കുന്നു. എല്ലാവരും വായിച്ചു കഴിയുമ്പോൾ ആശാൻ ചില ചോദ്യങ്ങൾ ചോദിക്കുന്നു. അതുകഴിഞ്ഞ് കുട്ടികൾക്കൊരു കണക്കും കൊടുത്ത് ആശാൻ അടുത്ത ക്ലാസുകാരെ വിളിച്ചു അവരുടെ പാഠവും നടത്തി. തുടർന്ന് അദ്ദേഹം നിലത്തെഴുത്തുകാരുടെ അടുക്കലേക്ക് യാത്രയായി. അപ്പോൾ കുട്ടികൾ കാണിച്ച ഒതുക്കവും വണക്കവും മര്യാദയും ആശാന്റെ മുഖത്ത് നോക്കിയുള്ള പുഞ്ചിരിയും കണ്ടാൽ കുട്ടികൾക്ക് ഭയമല്ല, ഭക്തിയാണ് മുമ്പിട്ടു നില്ക്കുന്നതെന്നും അദ്ദേഹത്തിന് അധികാരം മാത്രമല്ല വാത്സല്യവും കൂടിയുണ്ടെന്ന് പ്രത്യക്ഷമായിരുന്നു'. ഡിക്കൻസിന്റെയും മറ്റും സ്വാധീനത്തിൽ നാട്ടാശാന്മാരെ കണക്കറ്റ് പരിഹസിച്ച് എഴുതിയ വേങ്ങയിൽ കുഞ്ഞിരാമൻനായനാരെ പൂത്തേഴത്ത് രാമൻ മേനോൻ തള്ളിപറഞ്ഞിട്ടുണ്ട്. ഏത് ആട്ടിൻകൂട്ടത്തിലും കറുത്ത ആടുകൾ കണ്ടേക്കാമെന്നും അത് സാമാന്യവത്ക്കരിക്കരുതെന്നും.

"നേരത്തെ കണക്കിലേർപ്പെട്ട മുതിർന്നവരെ പരിശോധിച്ചുകൊണ്ട് ആശാൻ അവരോടുതന്നെ അടുത്ത ക്ലാസ്സിലെ കണക്കുകൾ നിരീക്ഷിക്കാൻ പറയും. വിശ്രമം കഴിഞ്ഞ് എല്ലാവരും ക്ലാസിൽ വന്നിരുന്നു കഴിഞ്ഞാൽ അമരം പഠിക്കുന്നവർ, പഞ്ചതന്ത്രം കിളിപ്പാട്ടു പഠിക്കുന്നവർ ഇങ്ങനെ പലരും ഉള്ളവരെ ആശാൻ ഒറ്റക്കൊറ്റക്ക് വിളിച്ച് അവരെ കൊണ്ട് പാഠം ചൊല്ലിച്ചു അടുത്ത പാഠം പറഞ്ഞുകൊടുക്കും. അതിനുശേഷം മാത്രമെ നിലത്തെഴുത്തുകാരുടെ കാര്യത്തിൽ ദൃഷ്ടിയുള്ളൂ. നിലത്തെഴുത്തു പഠിപ്പിക്കുന്ന കൊച്ചാശാന്മാർ ഉയർന്ന ക്ലാസിലെ കുട്ടികളാണ്. ഉയർന്ന ക്ലാസിൽ ആകെ ആറ് കുട്ടികൾ ഉണ്ടായിരുന്നവരിൽ നാലു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും ആയിരുന്നു". ഈ മുതിർന്ന കൊച്ചാശാന്മാർ ചട്ടമ്പിമാർ എന്നാണറിയപ്പെട്ടിരുന്നത്. പേട്ടയിൽ രാമൻപിള്ള ആശാന്റെ പള്ളിക്കൂടത്തിലെ ചട്ടമ്പിയായിരുന്നു കുഞ്ഞൻപിള്ള എന്ന ചട്ടമ്പിസ്വാമികൾ. പലപ്പോഴും കുടിപ്പള്ളിക്കൂടങ്ങളുടെ രക്ഷാധികാരികൾ കരയിലെ പ്രമാണിമാരായിരുന്നതിനാൽ മിക്ക കുട്ടികൾക്കും വിദ്യാഭ്യാസം സൗജന്യവുമായിരുന്നു. ആദ്യപാഠങ്ങൾ പഠിപ്പിക്കുന്നത് തങ്ങളിൽപ്പെട്ടവരായിരുന്നതുകൊണ്ടുതന്നെ പഠനം രസകരവും ആയാസകരവുമായിരുന്നു. ആശാന്റെ മേൽനോട്ടമുള്ളതുകൊണ്ട് രണ്ടുകൂട്ടർക്കും ഉഴപ്പാനും വയ്യ.

ബെല്ലിന് മറ്റൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. സമാനമായ ഒരു അധ്യാപനരീതിശാസ്ത്രം അദ്ദേഹം വികസിപ്പിച്ചെടുത്തു. ജോണിഫ്രിസ്കെൻ എന്ന കുട്ടിയെ അദ്ദേഹം പരിശീലിപ്പിച്ചെടുത്ത് തുടക്കക്കാരുടെ ആശാനാക്കി. ആ പ്രക്രിയ താഴേത്തട്ടിലേക്ക് പടർത്തിക്കൊടുത്തു. മദ്രാസ് സമ്പ്രദായത്തിന്റെ തുടക്കമതായിരുന്നു. പഠനകാര്യത്തിൽ മാത്രമല്ല ധാർമ്മിക നിലവാരത്തിലും കുട്ടികളിൽ വലിയ മാറ്റം കണ്ടു തുടങ്ങി. മോശമായ ആരോഗ്യസ്ഥിതിയെത്തുടർന്ന് ബെൽ 1796-ൽ തിരിച്ചുപോയി. മദ്രാസ് അനുഭവങ്ങൾ മനസ്സിലുണ്ടായിരുന്നു. അതെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും സമൂഹത്തിലെ വിവിധ തട്ടുകളിൽ വിതരണം ചെയ്യുകയും ചെയ്തു. അതേ വർഷം തന്നെ ലണ്ടനിലെ ബൊട്ടോൾഫ്സ് പരോക്ക്യൽ സ്കൂളിൽ

ബെൽ സമ്പ്രദായം ആവിഷ്ക്കരിക്കപ്പെട്ടു. 1801-ൽ അദ്ദേഹം സ്വാനേജിലെ റെക്ടറായി നിയമിതനായി. ജില്ലയിലെ മുഴുവൻ സ്കൂൾ അധ്യാപകരെയും നിയന്ത്രിക്കാനും ഉപദേശിക്കാനും അദ്ദേഹത്തിനധികാരമുണ്ടായിരുന്നു. അതെതുടർന്ന് മദ്രാസ് സമ്പ്രദായം വ്യാപകമാവുകയായിരുന്നു. ഇതിനിടെ മറ്റൊരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്ന ജോസഫ് ലങ്കാസ്റ്റർ എന്ന ക്വാക്കർ തന്റേതായ രീതിയിൽ മോണിറ്റോറിയൽ സമ്പ്രദായം വികസിപ്പിച്ചിരുന്നു.[8] അവർ തമ്മിൽ പരസ്പരം കണ്ട് ആശയ വിനിമയം നടത്തിയിട്ടുമുണ്ടായിരുന്നു. പക്ഷേ കാഴ്ചപ്പാടുകളിൽ ഐക്യമുണ്ടായിരുന്നില്ല. അനുഭവങ്ങൾക്കാണ് ബെൽ മുൻതൂക്കം നല്കിയതെങ്കിൽ മന:ശാസ്ത്രസമീപനങ്ങൾക്കാണ് ജോസഫ് പ്രാധാന്യം നല്കിയത്. ലങ്കാസ്ട്രിയൻ സമ്പ്രദായം എന്നറിയപ്പെട്ട ഈരീതിക്ക് ഇംഗ്ലണ്ടിൽ വലിയ പ്രചാരം ലഭിച്ചിരുന്നു.

ഇതിനിടെ എഡിൻബറോയിൽ പുരോഹിതനായി നിയമിതനായിരുന്നു ബെൽ. സഭയുടെ ശക്തമായ പിന്തുണ അദ്ദേഹത്തിന് ലഭിച്ചു. ആർമി സ്കൂളുകളിലും അനാഥർക്ക് വേണ്ടിയുള്ള വിദ്യാലയങ്ങളിലും ബെൽ സമ്പ്രദായം സ്വീകരിക്കപ്പെട്ടു. 1811 ൽ ഈ നവീന രീതി പ്രചരിപ്പിക്കുന്നതിനായി ഒരു സൊസൈറ്റി സ്ഥാപിതമായി. രണ്ടു വർഷത്തിനുള്ളിൽ തന്നെ 230 വിദ്യാലയങ്ങളും നാല്പതിനായിരത്തിൽപ്പരം കുട്ടികളും ഈ സൊസൈറ്റിക്ക് കീഴിലുണ്ടായിരുന്നു. 1832-ൽ ബെൽ മരിക്കുമ്പോൾ ബ്രിട്ടനിലും കോളനികളിലുമായി ഏതാണ്ട് പതിനായിരം സ്കൂളുകളിൽ ബെൽ സമ്പ്രദായം പ്രാവർത്തികമായിരുന്നു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന സങ്കല്പത്തെ സാക്ഷാത്ക്കരിക്കും എന്നതിനാൽ പ്രസിദ്ധ യൂട്ടിലിറ്റേറിയൻ ചിന്തകനായ ജെയിംസ്മിൽ ഈ സമ്പ്രദായത്തിന്റെ ശക്തനായ വക്താവായിരുന്നു. 1813 എഡിൻബർഗ് റിവ്യൂവിൽ ഇതു സംബന്ധിച്ച് അദ്ദേഹം ഒരു ലേഖനം തന്നെ പ്രസിദ്ധപ്പെടുത്തി. 'ഡോ.ബെൽ, എന്നിൽ ജീവനും ശക്തിയും ഉള്ളിടത്തോളം കാലം അങ്ങയുടെ ഒരു ഉത്തമ അനുയായി ആയിരിക്കും ഞാൻ' എന്ന് എസ്.ടി.കോൾറിഡ്ജ് ഉറപ്പുനൽകുന്നുണ്ട്. സദിയും

വേർഡ്സ്വർത്തുമെല്ലാം ബെല്ലിന്റെ ആരാധകരായിരുന്നു. 1835-ലെ മെക്കാളെ മിനുട്സിലും ജോൺസ്റ്റുവർട്ട് മില്ലിന്റെ ഡ്രാഫ്റ്റ് ഡസ്പാച്ചിലും (1836) മോണിറ്റോറിയൽ രീതിയുടെ വിവിധ മാതൃകകൾ ചർച്ചചെയ്തിരുന്നു.

1800-മുതൽ അരനൂറ്റാണ്ടുകാലം ബെൽ-ലങ്കാസ്റ്റർ സമ്പ്രദായം ഇംഗ്ലണ്ടിലെ പ്രാഥമിക വിദ്യഭ്യാസ രംഗത്ത് അനിഷേധ്യമായ സ്വാധീനം ചെലുത്തി. ഫാക്ടറി തൊഴിലാളി കളുടെയും ദരിദ്രവിഭാഗങ്ങളുടെയും മക്കൾ അക്ഷരലോകത്ത് പാറിക്കളിച്ചു. സാക്ഷരതാനിരക്ക് കുത്തനേ ഉയർന്നു. വിക്ടോറിയൻ കാലം മഹത്തരമാകുന്നത് അതുകൊണ്ടുകൂടിയാണ്. എന്നാൽ പതിയെ പുതിയ വിദ്യാഭ്യാസ ദർശനങ്ങളും ചർച്ചകളും ഉയർന്നു വന്നു. കുട്ടികൾ കുട്ടികളെ പരസ്പരം പഠിപ്പിക്കുകയല്ല വേണ്ടത്, കൂടുതൽ പരിശീലനം ലഭിച്ച അധ്യാപകരാണ് വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്നും, ഒരേ പ്രായത്തിലുള്ളവരെ മാത്രം ഒരു ക്ലാസിൽ ഒന്നിച്ചിരുത്തി പഠിപ്പിക്കണമെന്നും, ലക്ചർ മെത്തേഡ്/അസംബ്ലിലൈൻ മെത്തേഡ് ഉപയോഗിക്കണമെന്നും ഹൊറാസ്മാൻ, ഫ്രെഡറിക് ടെയ്‌ലർ മുതലായവർ ആവശ്യപ്പെടാൻ തുടങ്ങിയതോടെ ബെൽ-ലങ്കാസ്റ്റർ സമ്പ്രദായത്തിന്റെ കാലികപ്രസക്തിയിൽ ഇടിവ് തട്ടാൻ തുടങ്ങി. എല്ലാ സാമൂഹ്യ സ്ഥാപനങ്ങളുടെയും ഗതിയും വിധിയും ഇതുതന്നെ. ചരിത്രപരമായ ആവശ്യങ്ങളാൽ അവ ഉയർന്നുവരികയും അതേ കാരണങ്ങളാൽ അസ്തമിക്കുകയും ചെയ്യും. ഇന്ന് കേരളത്തിലും ഇംഗ്ലണ്ടിലും മോണിറ്റോറിയൽ സമ്പ്രദായമില്ല. എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിൽ കേരളം ലോകത്തിനു മാതൃകയാകുന്നുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ മിഷനറി-കൊളോണിയൽ വിദ്യാഭ്യാസ സംരംഭങ്ങളിൽ മാത്രം ഒതുക്കിയൽപോരാ. മധ്യകാലത്തിന്റെ അന്ത്യത്തോടെ മുക്കിലും മൂലയിലും മുളച്ചുപൊന്തിയ ആശാൻപള്ളിക്കൂടങ്ങളിലേക്കും, അതിനുമുമ്പുള്ള ശാലാപാരമ്പര്യങ്ങളിലേക്കും സംഘകാലത്തെ ജനകീയ വിദ്യാഭ്യാസത്തിലേക്കും നാം കടന്നുചെല്ലേണ്ടി വരും. അത്തരം അന്വേഷണങ്ങൾ നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

## End Note

1. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിൽ ജനിച്ചുവളർന്ന ചില വ്യക്തികളുടെ ആത്മകഥകളിൽ എഴുത്തു പള്ളിക്കൂട ങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ലഭ്യമാണ്. ഉദാഹരണം 'എന്റെ ജീവിതസ്മരണകൾ', ഇ.വി. കൃഷ്ണപിള്ള. ആർ. ഈശ്വരപിള്ളയെപ്പോലുള്ളവരും ആശാൻ പള്ളിക്കൂടത്തെ ക്കുറിച്ച് ലേഖനം എഴുതിയിട്ടുണ്ട്.
2. ആയില്യംതിരുന്നാൾ രാജാവിന്റെ കാലത്താണ് തിരുവി താംകൂറിൽ ആദ്യമായി ടെക്സ്റ്റ്ബുക്ക് കമ്മിറ്റി രൂപീകരിക്ക പ്പെടുന്നത്. ആദ്യ പ്രസിഡന്റ് അണ്ണാ ജി. രായരായിരുന്നു (1867-68) അദ്ദേഹത്തിന്റെ മരണത്തോടെ വലിയകോയി ത്തമ്പുരാൻ അധ്യക്ഷനാവുകയായിരുന്നു. ഇതിനെസംബ ന്ധിക്കുന്ന ഒരു ദീർഘലേഖനം 'സമകാലിക മലയാ ള'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പുസ്തകം 19, ലക്കം 10, ജൂ ലൈ 2015)
3. മാധവൻ, നീലകണ്ഠൻ മുതലായവരുടെ ഗണിതസംഭാവ നകളെക്കുറിച്ച് നേരത്തെതന്നെ ചർച്ചകൾ ഉയർന്നുവന്നിട്ടു ണ്ടെങ്കിലും ജോർജ് ഗീവർഗീസിന്റെ 'മയൂരശിഖ'യോടു കൂ ടിയാണ് 'കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്' ശ്രദ്ധയാ കർഷിക്കുന്നത്.
4. വിശദമായ വായനയ്ക്ക് കാണുക- H.C. Barnard, A History of English Education from 1760, University of London Press, 1947.
5. Dick Kooiman, Conversion and Social Equality in India, Manohar, Delhi, 1989, p. 27 and Naik J.P, Sayyid Nurullah, p. 33
6. ഇതുസംബന്ധിച്ച് 'അശ്ലീലമല്ല അധ്യാപക കേന്ദ്രീകൃത വി ദ്യാഭ്യാസം' എന്നപേരിൽ രണ്ടുലക്കങ്ങളിലായി ഈ ലേഖകൻ ഒരു ദീർഘ പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട്. (സമകാലിക മലയാളം, ആഗസ്ത് 2013)
7. 'ഞാൻ' എന്ന സി.വി. കുഞ്ഞിരാമന്റെ ആത്മകഥ ഹാഷിം

രാജൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (കൗമുദി പബ്ലിക് റിലേഷൻസ് 2011)

8. Alok K. Mukherjee, The Gift of English, Orient Blackswan, New Delhi, 2009, p. 108.

---

**References**


- Alok K. Mukherjee, The Gift of English, Orient Blackswan, New Delhi, 2009.
- Dick Kooiman, Conversion and Social Equality in India, Manohar, Delhi, 1989.
- Naik J.P, Sayyid Nurullah, A Students History of Education In India, Macmillan India, Delhi, 1974.
- Suresh Chandra Gosh, The History of Education in Modern India- 1757-1998, Orient Longman, Delhi, 2000.

പുസ്തക നിരൂപണം

# അടിമത്തത്തിന്റെ ചരിത്രം അഥവാ ചരിത്രകാരന്മാരുടെ അടിമത്തം

Sanal Mohan, P. 2015.
Modernity of Slavery: Struggles Against Caste Inequality in Colonial Kerala,
New Delhi: Oxford University Press. p. 345, xix.

■ **Shinas. A.M.**

19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ തിരുവിതാംകൂറിലെ പ്രൊട്ടസ്റ്റന്റ് മിഷനറി പണ്ഡിതനായിരുന്ന സാമുവൽ മറ്റീർ കേരളത്തിൽ നിലനിന്നിരുന്ന ജാതി അടിമത്തത്തെക്കുറിച്ച് ഇങ്ങനെയെഴുതി: "അമേരിക്കൻ അടിമകളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പുലയരുടെ ജീവിതാവസ്ഥ അന്തമില്ലാത്ത കഠിനതകൾ നിറഞ്ഞവയാണ്." 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ തൊട്ട് 20-ാം നൂറ്റാണ്ടിന്റെ പ്രഥമപാദം വരെയുള്ള പ്രൊട്ടസ്റ്റന്റ് മിഷനറി രചനകളിൽ കേരളത്തിലെ അടിമജാതികളുടെ ജീവിതപരിതോവസ്ഥയെ അറ്റ്ലാന്റിക് അടിമത്തവുമായി താരതമ്യം ചെയ്യുന്നത് പതിവായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കണ്ടുകൂടായ്മയും പോലുള്ള നൃശംസതകൾ നിലിനിന്നിരുന്ന കേരളത്തിൽ അടിമജാതികൾക്ക് അവരുടെ ഉടമസ്ഥരെ സമീപിക്കാനോ ഉടമസ്ഥരുടെ വീടുകളിൽ പ്രവേശിക്കാനോ ഒരേ ആരാധാനാലയത്തിൽ അവരോടൊപ്പം പ്രാർത്ഥിക്കാനോ സാധ്യമായിരുന്നില്ലെന്നും അമേരിക്കൻ അടിമകൾ ഈ വക നികൃഷ്ടതകൾ അനുഭവിച്ചിരു

ന്നില്ലെന്നും മിഷനറിമാർ നിരീക്ഷിക്കുകയുണ്ടായി. അറ്റ്ലാന്റിക് അടിമക്കച്ചവടത്തിന്റെ വ്യാപ്തി കേരളത്തിലുണ്ടായിരുന്നില്ല എന്നതും ഇവിടുത്തെ അടിമത്തം ജാതിവ്യവസ്ഥിതിയുമായി കെട്ടുപിണഞ്ഞുകിടന്ന ഒന്നാണെന്നതുമാണ് ഇവ രണ്ടും തമ്മിലുള്ള പ്രധാന വ്യത്യാസം.

19-ാം നൂറ്റാണ്ടിനു മുമ്പുതന്നെ യൂറോപ്യൻ സഞ്ചാരികളും കാത്തിലിക് മിഷനറിമാരും കേരളത്തിലെ ജാതി അടിമത്തത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ചർച്ച് മിഷനറി സൊസൈറ്റിയിലേയും ലണ്ടൻ മിഷനറി സൊസൈറ്റിയിലേയും പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ആഖ്യാനങ്ങളിലാണ് അടിമജാതികളുടെ തീവ്രദുരിതങ്ങൾ സർവസ്പർശിയായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ബ്രിട്ടീഷ് കോളനികളിൽ അടിമത്ത നിരോധനം നടപ്പാക്കാൻ ഈസ്റ്റിന്ത്യാ കമ്പനിക്കുമേൽ ഇംഗ്ലണ്ടിൽനിന്ന് വമ്പിച്ച് സമ്മർദമുണ്ടായ കാലത്താണ് അടിമജാതികൾക്കിടയിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ പ്രവർത്തനം ആരംഭിക്കുന്നതും അവരുടെ ശാരീരികവും മാനസികവുമായ നരകയാതനകൾ രേഖപ്പെടുത്തുന്നതും. ലണ്ടനിൽനിന്നും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മറ്റിടങ്ങളിൽ നിന്നും പുറത്തുവന്ന അടിമത്തവിരുദ്ധ ജേണലുകളിൽ അവ ധാരാളമായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അടിമജാതികളുടെ മതംമാറ്റം ഒരു ലക്ഷ്യമായിരുന്നുവെങ്കിലും കേരളത്തിലെ ജാതി അടിമയെ നോവും വികാരവും സ്വപ്നങ്ങളുമുള്ള ഒരു മനുഷ്യജീവിയായി ആദ്യം പരിഗണിച്ചത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരായിരുന്നു. ഈ മിഷനറി ആഖ്യാനങ്ങളിൽ മാത്രമാണ് ശരീരവും ആത്മാവും, വികാരവും വിചാരവും, ഭൂതകാലവും വർത്തമാനവും സർവോപരി പേരുമുള്ള മനുഷ്യരായി കേരളത്തിലെ ജാതി അടിമകൾ ദൃശ്യമാകുന്നത്. അതിനു മുമ്പ് അവർ കാലികളെപോലെ വാങ്ങാനും വിൽക്കാനും കഴിയുന്ന മൃഗങ്ങളോ ജംഗമവസ്തുക്കളോ മാത്രമായിരുന്നു. അടിമകളുടെ ക്രയവിക്രയം സംബന്ധിച്ച അക്കാലത്തെ രേഖകളിൽ പതിവായി പ്രത്യക്ഷപ്പെടുന്ന ഒരു പ്രസ്താവം ഇതാണ്: "കൊല്ലുകിൽ കൊലയ്ക്കുമാറും, വിൽക്കുകിൽ വിലയ്ക്കുമാറും". അടിമജാതികൾക്കു വേണ്ടി നിശാപാഠശാലകൾ

സ്ഥാപിച്ചുകൊണ്ട് അവരുടെ ദൈനംദിനജീവിതവുമായി അടുത്തിടപഴകിയ മിഷനറിമാരാണ് അങ്ങേയറ്റം ക്ലേശനിർഭരമായ ബൃഹത്തായ പ്രമാണസഞ്ചയം സൃഷ്ടിച്ചത്. (അടിമകൾ അവരുടെ ജീവിതത്തെക്കുറിച്ച് പറഞ്ഞതും ദൃക്സാക്ഷികൾ പറഞ്ഞതുമായ വിവരണങ്ങൾ) *Black Atlantic* എന്ന വിഖ്യാത കൃതിയുടെ കർത്താവായ പോൾ ഗിൽറോയ് slave sublime എന്നാണ് ഇത്തരം അടിമാനുഭവങ്ങളെ വിശേഷിപ്പിക്കുന്നത്. അതായത് അടിമാനുഭവങ്ങളുടെ സത്താവത്കരിക്കപ്പെട്ട വശങ്ങൾ. ഇത്തരം പ്രമാണങ്ങളിലൂടെ കടന്നുപോകുമ്പോൾ കേരളത്തിലെ ജാതി അടിമത്തത്തിന്റെ ഭീകരത കണ്ട് ആരും നടുങ്ങിപ്പോകും. അടിമത്ത നിരോധന പ്രസ്ഥാനത്തിന്റെ മുൻനിര പ്രവർത്തകനായിരുന്ന ജോൺ ഏബ്സ് എന്ന മിഷനറിയുടെ 1847-ലെ ഒരു വിവരണം കാണുക:

"ഞാൻ ഈയിടെ കുറേ അധികം അടിമകളുടെ ഉടമസ്ഥനായ സമ്പന്നനായ ഒരു ശൂദ്രനുമായി (നായർ പ്രമാണി) സംസാരിക്കുകയുണ്ടായി. ഒരു അടിമയെ വിറ്റാൽ കിട്ടുന്ന ഉയർന്ന തുക 60 പണമാണെന്ന് അയാൾ പറഞ്ഞു. ഉദ്ദേശം 20 ഷില്ലിംഗ്സ് സ്റ്റെർലിംഗ്സ്. അടിമകളെ ഏതു സമയവും വിൽക്കാനോ കൈമാറാനോ തനിക്കു സ്വാതന്ത്ര്യമുണ്ടെന്നും ഭാര്യയെ ഭർത്താവിൽ നിന്നും മക്കളെ അച്ഛനമ്മമാരിൽ നിന്നും വേർപെടുത്തി വിൽക്കാറുണ്ടെന്നും സുഹൃത്തുക്കൾക്ക് സമ്മാനമായും പെൺമക്കളുടെ വിവാഹവേളയിൽ സ്ത്രീധനമായും, ചിലപ്പോൾ കടബാധ്യത തീർക്കാനും അവരെ നൽകാറുണ്ടെന്നും അയാൾ പറഞ്ഞു. അടിമകളെ കന്നാലികൾ എന്നാണ് അയാൾ പറഞ്ഞുകൊണ്ടിരുന്നത്. മിക്ക അടിമകളും പനിയും വാതവും മറ്റസുഖങ്ങളും ബാധിച്ച് ആരബ്ധയൗവനത്തചന്റ തന്നെ ചത്തൊടുങ്ങുമെന്നും അപൂർവം ചിലർമാത്രമേ മധ്യവയസ്സ് പിന്നിടാറുണ്ടായിരുന്നു എന്നും അവർക്ക് ഭക്ഷണവും വസ്ത്രവും തുച്ഛമായിരുന്നു എന്നും അവരൊക്കെ മഹാമദ്യപന്മാരും ദുഷ്ടരുമാണെന്നും അയാൾ നിസ്സംഗനായി പറഞ്ഞു. അവർക്ക് ക്രിസ്ത്യൻ വിദ്യാഭ്യാസം നൽകുന്നതിനെ കുറിച്ച് ആരാഞ്ഞപ്പോൾ അതൊന്നുമവർക്ക് സ്വീകാര്യമാവില്ലെന്നും അവർ

ദുഷ്ടമൂർത്തികളുടെ ആരാധകരാണെന്നും അയാൾ മറുപടി നൽകി. പിന്നീട് എന്റെ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാണ് അയാൾ വ്യഗ്രത കാണിച്ചത്."

1855-ൽ തിരുവിതാംകൂറിൽ അടിമത്ത നിരോധനം നിലവിൽ വന്ന് നാൽപ്പത്തഞ്ചു വർഷത്തിനു ശേഷം 1900-ൽ അയിരൂരിലെ അടിമജാതിയിൽ പെട്ട ഒരു വൃദ്ധൻ പൂർവാവസ്ഥ സ്മരിച്ചത് ഇപ്രകാരമാണ്. "അതിരാവിലെ ഞങ്ങളെല്ലാവരെയും വയലുകളിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുപോകും. ഞങ്ങൾക്കിടയിൽ ആരെങ്കിലും മരിച്ചുകിടക്കുകയാണെങ്കിൽ, അമ്മയോ, അച്ഛനോ, കുട്ടികളോ ആയാലും, അന്നത്തെ പണികഴിഞ്ഞേ ശവം മറവുചെയ്യാൻ അനുവദിച്ചിരുന്നുള്ളൂ. ഞങ്ങളെ വിറ്റിരുന്നത് മിക്കപ്പോഴും ഈ വിധത്തിലാണ്. അച്ഛനെ ഒരാൾക്ക്. അമ്മയെ മറ്റൊരാൾക്ക്. കുട്ടികളെ വ്യത്യസ്തരായ മറ്റു പലർക്കും. പിന്നീട് പരസ്പരം കാണുവാൻ അനുവദിച്ചിരുന്നില്ല. ഭർത്തൃമതിയായ ഒരു അടിമപ്പെണ്ണിനെ ഭർത്താവിൽ നിന്ന് വേർപെടുത്തി ഒരു നായർക്കോ സിറിയൻ ക്രിസ്ത്യാനിക്കോ മുസൽമാനോ വിറ്റുകഴിഞ്ഞാൽ അവരുടെ അടിമക്കൂട്ടത്തിലെ ഒരാളെ ഭർത്താവായി സ്വീകരിക്കാൻ അവൾ നിർബന്ധിതയാവും. ഇതൊക്കെ കാരണം ചിലർ കാട്ടിലേക്കോടിപ്പോയി വന്യമൃഗങ്ങൾക്ക് ഭക്ഷണമാകാറുണ്ടായിരുന്നു."

ഇത്തരത്തിൽ ഭാര്യയെ ഭർത്താവിൽ നിന്നും കുട്ടികളെ അച്ഛനമ്മമാരിൽ നിന്നും വേർപെടുത്തി വിൽക്കുന്ന ഹീനകൃത്യത്തെ അറ്റ്ലാന്റിക് അടിമത്തത്തിന്റെ പശ്ചാത്തലത്തിൽ *Slavery and Social Death* എന്ന ഗ്രന്ഥം എഴുതിയ ഓർലാന്റോ പറ്റേഴ്സൺ വിശേഷിപ്പിക്കുന്നത് ജനനനാലുള്ള അന്യവത്കരണം (natal alienation) എന്നാണ്. ഇതുവഴി അടിമക്ക് ഭൂതകാലവും വർത്തമാനവും ഭാവിയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു എന്നും പറ്റേഴ്സൺ നിരീക്ഷിക്കുന്നു.

എത്രമേൽ ക്രൂരമായ പീഡനമാണ് 'തെറ്റ്'ചെയ്യുന്ന അടിമ ഏറ്റുവാങ്ങിയിരുന്നതെന്ന് കാണിക്കുന്നതാണ് 1853-ലെ ഉള്ളുലയ്ക്കുന്ന ഒരു വിവരണം:

"ഒരു പറയ അടിമ ഉടമസ്ഥന്റെ പശുവിനെ മോഷ്ടിച്ചു. ഉടമ

വലിയൊരു കൂട്ടം അടിമകളെയും കൂട്ടി പറയന്റെ വാസസ്ഥല ത്തെത്തി. അപ്പോൾ പറയൻ പശുവിനെ അറക്കുന്നതാണ് ക ണ്ടത്. പറയനെ കാലുകൾ കൂട്ടിക്കെട്ടി കൈകൾ ഒരു മരത്തോ ട് ചേർത്ത് പിന്നിലേക്കു കെട്ടിനിർത്തി. പിന്നെ ഒട്ടും വൈകാ തെ നീറ്റുചുണ്ണാമ്പ് പറയന്റെ രണ്ടുകണ്ണുകളിലും പുരട്ടി. ഒരു തുണിക്കഷണം കൊണ്ട് കണ്ണുകൾ മൂടിക്കെട്ടി. കാഴ്ച നഷ്ട പ്പെടുന്നതുവരെ പറയൻ പ്രാണവേദനയാൽ പിടഞ്ഞു."

ഉടമസ്ഥരുടെ പശുക്കളെ മോഷ്ടിക്കുന്നതും പിന്നീട് അവ യെ കൊല്ലുന്നതും ജാതിമേധാവിത്വത്തോടും ജാതിഹിംസ യോടുമുള്ള പകയും പ്രതിഷേധവുമാണെന്ന് ഈ റിപ്പോർട്ട് ത യ്യാറാക്കിയ മിഷനറി നിരീക്ഷിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമ ത്രെ. ജാതി അടിമകളെ ഭൂവുടമകൾക്ക് തോന്നുമ്പോൾ കൊ ല്ലാമായിരുന്നു. വയലുകളിൽ ചിറകെട്ടുമ്പോഴോ ചിറ നന്നാ ക്കുമ്പോഴോ അതു പൊളിഞ്ഞുപോകാതിരിക്കാൻ അടിമകളെ കൊന്ന് ചിറയിൽതന്നെ അടക്കിയിരുന്നു. ഇത് ചെയ്തിരുന്നത് ചിറയെ നശിപ്പിക്കുന്ന ദുഷ്ടമൂർത്തികളെ പ്രീതിപ്പെടുത്താൻ മനുഷ്യരക്തത്തിനു കഴിയും എന്നൊരു വിശ്വാസത്തിന്റെ അടി സ്ഥാനത്തിലാണ്. മാത്രമോ, കൊല്ലപ്പെട്ട അടിമയുടെ പ്രതികാ രം നിർവീര്യമാക്കാൻ ആ അടിമയ്ക്ക് ആരാധനാലയം പണിത് അടിമകളെക്കൊണ്ടുതന്നെ അവിടെ ആരാധന നടത്തിച്ചിരു ന്നുവെന്നും അക്കാലത്തെ പ്രമാണങ്ങൾ വെളിപ്പെടുത്തുന്നു. പിന്നീട് ഇത്തരം ചിറകൾ രാമൻചിറ, കണ്ണൻചിറ എന്നിങ്ങനെ കുരുതികൊടുത്ത അടിമകളുടെ പേരിൽ അറിയപ്പെട്ടു.

ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ച പി.സ നൽമോഹന്റെ *Modernity of Slavery: Struggles Against Caste Inequality in Colonial Kerala* എന്ന ഗ്രന്ഥത്തിൽ നിന്നുള്ള അടിമാനുഭവ വിവരണങ്ങളിൽ ചിലതുമാത്രമാണ് ഇത്. നമ്മുടെ അധീശച രിത്രരചനകളിൽ നാടിന്റെ കാർഷിക സമൂഹഘടനയുടെ ന ട്ടെല്ലായി വർത്തിച്ച ജാതി അടിമത്തം അദൃശ്യവത്കരിക്കപ്പെ ടുകയോ പാർശ്വവത്കരിക്കപ്പെടുകയോ ചെയ്തുവെന്ന് സ നൽമോഹൻ ചൂണ്ടിക്കാട്ടുന്നു. മധ്യകാലാരംഭം മുതൽ ഒരു സ ഹസ്രാബ്ദത്തിലധികം കേരളത്തിൽ നിലവിലുണ്ടായിരുന്ന

ജാതി അടിമത്തം കേരളചരിത്രത്തിലെതന്നെ വഴിവിളക്കുകളിലൊന്നായി ഗണിക്കപ്പെടുന്ന 1855-ലെ അടിമത്ത നിരോധന നിയമം വന്നതിനുശേഷവും തുടർന്നു. അടിമക്കച്ചവടവും അടിമത്താവസ്ഥയുമെല്ലാം പ്രശ്നവത്കരിച്ചുകൊണ്ട് കൊളോണിയൽ ആധുനികതയും പ്രൊട്ടസ്റ്റന്റ് ലോകബോധവും തുറന്നിട്ട പുതിയ ആശയങ്ങളുടേയും മൂല്യങ്ങളുടേയും പരിസരത്തിൽനിന്ന് ഉയർന്നുവന്ന, ദളിത് പ്രസ്ഥാനങ്ങൾ നമ്മുടെ പ്രബലമായ കേരളചരിത്ര രചനകളിൽ(ലിബറൽ, സാമ്പ്രദായികം, മാർക്സിസ്റ്റ്) പാർശ്വപ്രമേയംപോലുമാകാതെ പോയത് എന്തുകൊണ്ടാണെന്ന മർമപ്രധാനമായ ചോദ്യം സനൽമോഹൻ ഉയർത്തുന്നു. ക്രൂരതയുടെയും മനുഷ്യത്വരാഹിത്യത്തിന്റെയും പര്യായമായിരുന്ന കേരളത്തിലെ ജാതി അടിമത്തത്തെ പ്രമാണങ്ങളുടെ വ്യാവഹാരിക വിശകലനവും ജനപഠന ചരിത്രവും വാമൊഴി പാരമ്പര്യവും ഉപയോഗിച്ച് സനൽമോഹൻ ചരിത്രവത്കരിക്കുന്നു. നവസാമൂഹിക സിദ്ധാന്തങ്ങളുടെ സൃഷ്ടിപരമായ പ്രയോഗംകൊണ്ടും രീതിശാസ്ത്രപരമായ കാർക്കശ്യംകൊണ്ടും വ്യവസ്ഥാപിത ചരിത്ര വ്യവഹാരങ്ങളിലുണ്ടാക്കുന്ന വമ്പിച്ച വിച്ഛേദംകൊണ്ടും ജാതി അടിമകളുടെ ഹൃദയഭേദകമായ ആനുഭവിക വിവരണങ്ങൾ കൊണ്ടും അവർക്ക് മുഖ്യധാരാ ചരിത്രം നിഷേധിച്ച നിർവാഹകത്വം വീണ്ടെടുക്കുന്നതുകൊണ്ടും ശ്രദ്ധേയമാണ് സനൽമോഹന്റെ ഈ ചരിത്രഗ്രന്ഥം.

1970-കളിലും 1980-കളിലും മാർക്സിസ്റ്റ് സാമൂഹികശാസ്ത്ര പണ്ഡിതന്മാർ കേരളത്തിലെ കാർഷിക സമൂഹ ഘടനയെക്കുറിച്ചും കർഷപ്രസ്ഥാനങ്ങളെക്കുറിച്ചും പഠനമനനങ്ങളിൽ ഏർപ്പെട്ടെങ്കിലും കാർഷിക സമ്പദ് ഘടനയുടെ ആരൂഢമായി വർത്തിച്ച ജാതി അടിമത്തത്തെ അവർ അഭിസംബോധന ചെയ്തിരുന്നില്ല. കർഷക പ്രസ്ഥാനങ്ങളിൽ നിർലീനമായിരുന്ന ഭരണകൂട-ജന്മിത്വവിരുദ്ധ നിലപാടുകൾ അനാച്ഛാദനം ചെയ്യാൻ ഔത്സുക്യം കാണിച്ച ഇവർ മേൽജാതി ജന്മികളും, ഏറിയകൂറും മേൽജാതിക്കാർ തന്നെയായിരുന്ന കുടിയാന്മാരും തമ്മിലുണ്ടായിരുന്ന (കുടിയാന്മാർ ബഹുഭൂരിപക്ഷവും മധ്യ

നിലയിലുള്ള കർഷകരായിരുന്നു. മലബാറിലെ കുടിയാന്മാരിൽ വലിയ വിഭാഗം മാപ്പിളമാരും.) വർഗവൈരുദ്ധ്യങ്ങൾ അനാവരണം ചെയ്യാനാണ് ശ്രമിച്ചത്. കാർഷിക വർഗഘടനയിൽ അടിമജാതികളുടെ സംഖ്യ അഗണ്യമല്ലാതിരുന്നിട്ടും മാർക്സിസ്റ്റുകൾ നടത്തിയ കാർഷിക വർഗഘടനാ വിശ്ലേഷണത്തിൽ അടിമജാതികൾ ഒരു മുഖ്യ ഘടകമായില്ല.(1836-ലെ സെൻസസ് പ്രകാരം തിരുവിതാംകൂറിൽ മൊത്തം ജനസംഖ്യയായ 1,280,663 ൽ 164,664 പേരും 1856-ൽ മലബാറിൽ 1,602,914 ൽ 187,812 പേരും 1854-ൽ കൊച്ചി രാജ്യത്തിൽ ജനസംഖ്യയുടെ ആറിലൊന്ന് ഭാഗവും അടിമകളായിരുന്നു.) ചിലപ്പോഴെല്ലാം അടിമജാതികൾ മാർക്സിസ്റ്റ് അപഗ്രഥന ചട്ടക്കൂടിൽ കടന്നുവന്നെങ്കിലും എത്രയും പെട്ടെന്ന് അവരെ 'ബാധ ഒഴിപ്പിച്ച്' അപ്രത്യക്ഷരാക്കി എന്ന് സനൽ നിരീക്ഷിക്കുന്നു.

ജാതി അടിമത്തത്തെ മാർക്സിസ്റ്റ് ചരിത്രകാരന്മാരിൽ വേറെ ചിലർ അഭിസംബോധന ചെയ്തത് ആധുനിക നാണ്യവിളത്തോട്ടങ്ങളുടെ ആവിർഭാവവുമായി ബന്ധപ്പെടുത്തിയാണ്. ഇത്തരം പഠനങ്ങൾ ചുറ്റിത്തിരിഞ്ഞത് അടിമത്ത നിരോധന പ്രചാരണത്തിന് പ്രൊട്ടസ്റ്റന്റ് മിഷനറിമാരെ പ്രേരിപ്പിച്ച ചേതോവികാരമെന്ത് എന്ന അന്വേഷണത്തിലായിരുന്നു. ഇത് ചെന്നെത്തിയത് അങ്ങേയറ്റം ഇടുങ്ങിയ ഒരു വ്യാഖ്യാനത്തിലാണ്-നാണ്യവിളത്തോട്ടങ്ങളിൽ മുതലാളിത്ത ഉത്പാദന ബന്ധങ്ങൾ വികസിപ്പിക്കാൻ സ്വതന്ത്ര കൂലിത്തൊഴിലാളികൾ അനിവാര്യമായിരുന്നുവെന്നും അതിനുവേണ്ടിയാണ് മിഷനറിമാർ അടിമത്ത നിരോധനത്തിനു വേണ്ടി കൈമെയ് മറന്ന് രംഗത്തിറങ്ങിയതെന്നും ആയിരുന്നു ഈ ന്യൂനീകൃത വ്യാഖ്യാനത്തിന്റെ കാതൽ. എന്നാൽ മാർക്സിസ്റ്റ് ചരിത്രകാരന്മാർ കാണാതെപോയ ഒരു പരമാർത്ഥം, യൂറോപ്യൻ കോളനികളിലും അറ്റ്ലാന്റിക് ലോകത്തും അടിമവേലയെ ആശ്രയിച്ചായിരുന്നു അക്കാലത്ത് മുതലാളിത്ത ഉത്പാദനം പൊടിപൊടിച്ചത് എന്നതാണ്. ഇവരിൽ നിന്ന് ഭിന്നമായി വിശാലതലത്തിൽ ഇടതുപക്ഷ നിലപാടുള്ള മറ്റുചില ചരിത്രകാരന്മാർ ചരിത്രസാമൂഹ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രം രചനാത്മകമായി പിന്തുടർന്നുകൊണ്ട്

കാർഷിക ഘടനയുടെ അടിപ്പടവായിരുന്ന ജാതി അടിമത്തത്തെയും ബ്രിട്ടീഷ് അധിനിവേശകാലത്ത് അതിനു സംഭവിച്ച പരിവർത്തനങ്ങളെയും കുറിച്ച് കൂടുതൽ സൂക്ഷ്മമായ വിശകലനങ്ങൾ നടത്തിയിട്ടുണ്ട്. സാമ്പത്തിക നിർണയവാദത്തിന്റെ പടുകുഴിയിലേക്ക് പതിക്കുന്നില്ല ഇത്തരം വിശകലനങ്ങളെന്നത് അവയുടെ മേന്മയത്രെ.

സാമ്പ്രദായിക ദേശീയവാദ ചരിത്രധാര കേരളത്തിലെ മറ്റ് പിന്നാക്ക ജാതികളുടെ സംഘാടനത്തിന്റെയും സമരരഥ്യകളുടെയും കാര്യത്തിലാണ് ശ്രദ്ധപതിപ്പിച്ചത്. മാറുമറയ്ക്കാനുള്ള അവകാശത്തിനായി നാടാർ സ്ത്രീകൾ രംഗത്തിറങ്ങിയപ്പോൾ ഉണ്ടായ ചാന്നാർ പ്രക്ഷോഭത്തിൽ തുടങ്ങി ക്ഷേത്രപ്രവേശനവിളംബരം വരെ നീളുന്ന ഒരു രേഖീയ ആഖ്യാനത്തിലായിരുന്നു അവർക്ക് താൽപര്യം. അധിനിവേശ ആധുനികതയുടെ പരിസരത്തിൽ സാമൂഹിക ഇടങ്ങളെക്കുറിച്ചുള്ള പരമ്പരാഗത മാനദണ്ഡങ്ങളും ശരീരവും ലൈംഗികതയും സംബന്ധിച്ച സങ്കല്പനങ്ങളും എങ്ങനെ പുനർനിർവചിക്കപ്പെട്ടു എന്നുള്ള ദിശയിലാണ് സമകാലിക ചരിത്രവ്യവഹാരം ചാന്നാർ പ്രക്ഷോഭത്തെ കാണുന്നത്. ചാന്നാർ പ്രക്ഷോഭത്തെ 'ജനകീയകലാപം' ആയി ചിത്രീകരിച്ച സാമ്പ്രദായി ചരിത്രപണ്ഡിതർ ക്ഷേത്രപ്രവേശന സമരത്തെ 'സാമൂഹിക വിപ്ലവ'മായാണ് വിശേഷിപ്പിച്ചത്. എന്നാൽ ക്ഷേത്രപ്രവേശനപ്രസ്ഥാനം ചരിത്രപരമായി തന്നെ ഹിന്ദുക്കളല്ലാത്ത അടിമജാതികളെയും ഈഴവരുൾപ്പെടെയുള്ള മറ്റു പിന്നാക്ക വിഭാഗങ്ങളെയും ഹിന്ദു സമുദായ ആലയിൽ തളയ്ക്കുന്നതിനാണ് ഉതകിയതെന്ന വസ്തുത കാണാതിരുന്നുകൂടാ. ദളിത് പ്രശ്നങ്ങളെ ക്ഷേത്രപ്രവേശനത്തിലേക്ക് വെട്ടിച്ചുരുക്കിയതിലൂടെ ജാതി അടിമത്തത്തിന്റെ ഭീകരമാനങ്ങൾ മറച്ചുവയ്ക്കപ്പെട്ടു. ദേശീയവരേണ്യർ നയിച്ച ഈ 'സാമൂഹിക വിപ്ലവം' ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമാർധംവരെയെങ്കിലും അടിമജാതികളായി തുടർന്ന, മേൽജാതിഹിന്ദുക്കളിൽ നിന്ന് എല്ലാ അർത്ഥത്തിലും വിഭിന്നരായിരുന്ന ജനവിഭാഗങ്ങളെ ഹിന്ദുക്കളാക്കുന്ന ചതുരുപായമായിരുന്നു എന്ന് സനൽമോഹൻ വാദിക്കുന്നു. അധിനിവേശാനന്തരം

നിലവിൽ വന്ന ഇന്ത്യൻ ഭരണകൂടം ഈ പ്രക്രിയയെ അതിന്റെ പരിസമാപ്തിയിലെത്തിക്കുകയും ചെയ്തു.

ഡബ്ല്യു.എസ്. ഹണ്ടിന്റെ വിവരണപ്രകാരം പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതത്തിലേക്ക് കേരളത്തിൽ നിന്ന് ആദ്യമായി ജ്ഞാനസ്നാനം ചെയ്തത് കാളി എന്ന അടിമയുവതിയായിരുന്നു. ജാവയിലേക്ക് കുടുംബവുമൊത്ത് പുറപ്പെടാൻ ഒരുങ്ങിയ ഒരു ഇംഗ്ലീഷുകാരൻ വിലയ്ക്കുവാങ്ങിയതായിരുന്നു കാളിയെ. കൊച്ചിയിലെത്തിയപ്പോൾ പ്രൊട്ടസ്റ്റന്റ് മിഷനറിമാരായ സാമുവൽ റിഡ്ഡേലിനോടും ജൂലിയാനോ മാർഷലിനോടും ജനിച്ചുവളർന്ന ദേശം വിട്ടുപോകാൻ ആഗ്രഹിക്കുന്നില്ലെന്നും തന്നെ മിഷൻ ആസ്ഥാനത്തുതന്നെ ജീവിക്കാൻ അനുവദിക്കണമെന്നും കാളി കെഞ്ചിപ്പറഞ്ഞു. അങ്ങനെ മിഷനറിമാർ കാളിയെ 1828-ൽ ലൂസി എന്ന പേരിൽ ജ്ഞാനസ്നാനം ചെയ്തു. അടിമജാതിയുടെ നിർവാഹകത്വത്തിന്റെ ആദ്യ നിദർശനമായാണ് സനൽമോഹൻ ഈ സംഭവത്തെ അടയാളപ്പെടുത്തുന്നത്.

പ്രൊട്ടസ്റ്റന്റ് മിഷനറി ആഖ്യാനങ്ങളിലാണ് അടിമജാതികൾ ആദ്യമായി മനുഷ്യരെന്ന നിലയിൽ കണക്കാക്കപ്പെടുന്നതെന്നും ഈ ആഖ്യാനങ്ങളിൽ മാത്രമാണ് അവർ ശരീരവും ആത്മാവും വികാരവും വിചാരവും ഭൂതവും വർത്തമാനവും ഭാവിയും എല്ലാറ്റിലുമുപരി പേരുമുള്ള മനുഷ്യരായി പരിഗണിക്കപ്പെടുന്നതെന്നും സനൽ ഒട്ടനവധി പ്രമാണങ്ങളുടെ പിൻബലത്തോടെ സമർത്ഥിക്കുന്നു. എന്നാൽ ഡേവിഡ് കുയ്മാനെപ്പോലുള്ള ചരിത്രകാരന്മാരും ദേശീവവാദ സമീപനമുള്ള ചരിത്രകാരന്മാരും വാദിക്കുന്നത് അടിമജാതികളുടെ മതപരിവർത്തനം മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളാൽ പ്രചോദിതരായി നടന്നതാണെന്നും ക്രിസ്തുമതത്തിലെ പാപ-പശ്ചാത്താപ ചിന്തകളല്ല അവരെ നയിച്ചതെന്നുമാണ്. എന്നാൽ തിരുവിതാംകൂറിലെ അടിമജാതികൾക്ക് മിഷനറിമാർ പുതിയ മതശൈലീവ്യവഹാരവും അനുഷ്ഠാനങ്ങളും പരിചയപ്പെടുത്തി എന്നും അതാണവർക്ക് പുതിയ കർത്തൃത്വം പ്രദാനം ചെയ്തതെന്നും സനൽ വാദിക്കുന്നു. ക്രിസ്തുമതത്തിലെ പത്തു

കല്പനകൾ, വിശുദ്ധ ത്രിത്വസങ്കല്പം, വിശ്വാസം, പാപം, പശ്ചാത്താപം, കുറ്റസമ്മതം തുടങ്ങിയവ അടിമജാതികളിൽ ഒരു പുതു മനഃസ്ഥിതി സൃഷ്ടിച്ചുവെന്നും അതാണ് സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചും ഭാവന ചെയ്യാനുള്ള ഉൾക്കരുത്തും നിർവാഹകത്വവും അവർക്കു നൽകിയതെന്നും സനൽ എഴുതുന്നു. അടിമജാതികൾക്കിടയിൽ പ്രവർത്തിച്ച ചർച്ച് മിഷനറി സൊസൈറ്റിയാണ് തൊഴിൽ, സമയം, വിശ്രമം, മിതവ്യയം, കുടുംബജീവിതം, ഭക്ഷണം, വസ്ത്രധാരണം, വീട് എന്നിവയെപ്പറ്റി അവർക്ക് പുതിയ ആശയങ്ങൾ പ്രദാനം ചെയ്തത്. ഇവ മിഷനറിമാരുടെ 'ശുചിത്വം' എന്ന കേന്ദ്രാശയത്തെ അടിസ്ഥാനമാക്കിയായിരുന്നുവെങ്കിലും സ്വാതന്ത്ര്യവും സമത്വവും അതേ അളവിൽത്തന്നെ മിഷനറിമാർക്ക് പ്രാധാന്യമുള്ളവയായിരുന്നു. ഇവയെല്ലാം അടിമജാതികളെ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ താന്താങ്ങളുടെ ദൈനംദിന ജീവിതം പുനഃസംഘടിപ്പിക്കാൻ പര്യാപ്തമാക്കി. പ്രൊട്ടസ്റ്റന്റ് ധാർമിക മാനദണ്ഡങ്ങളനുസരിച്ച് ജീവിതം പുനഃക്രമീകരിക്കാനുള്ള ത്വര അടിമജാതികളിലുണ്ടായി. പാപ-പശ്ചാത്താപബോധങ്ങൾ അവരുടെ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും അച്ചടക്കം കൊണ്ടുവന്നു. കൂടാതെ, വചനത്തിന്റെ പരിവർത്തനാത്മക വീര്യം - (ബൈബിളിന്റെ രൂപത്തിൽ ദൈവവചനത്തിന്റെയും വിദ്യാഭ്യാസവും അതുവഴി സിദ്ധിച്ച സാക്ഷരതയുടെയും രൂപത്തിൽ മതേതരവചനത്തിന്റെയും)അടിമജാതികളെ ഭൂതകാലത്തിൽനിന്ന് പുറത്തു കടത്തി പുതിയൊരു സാമൂഹിക ഭൂമികയിൽ പ്രതിഷ്ഠിച്ചു. അതവരെ പൗരന്മാർ എന്ന നിലയിലേക്ക് ഉയർത്തുകയും അടിമഭൂതകാലവും ആഗതമാകാനിരിക്കുന്ന സ്വതന്ത്രാവസ്ഥയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ പ്രാപ്തരാക്കുകയും ചെയ്തു. അടിമകൾക്കു വേണ്ടിയുള്ള വിദ്യാലയങ്ങളും അതുവഴി കൈവന്ന എഴുത്തറിവും വായനാപ്രാപ്തിയും, ചാപ്പലുകളും ആരാധനാ സൗകര്യങ്ങളും അടിമജാതികൾക്ക് നിർവാഹകത്വം നൽകി. തൊഴിലിനെക്കുറിച്ചും വിശ്രമത്തെക്കുറിച്ചുമുള്ള നവാവബോധം ഭൂവുടമകളുമായും ഭരണകൂടവുമായും മുഖാമുഖം കലഹിക്കുന്നതിന്

അവരെ പ്രാപ്തരാക്കി. ഞായറാഴ്ചകളിൽ ചെയ്യേണ്ടിയിരുന്ന നിർബന്ധിതവേലയായ'ഊഴിയ'ത്തിനെതിരെ അടിമജാതികൾ സമരോദ്യുക്തരായി. ഭൂവുടമസ്ഥതയെക്കുറിച്ച് മിഷനറിമാർ ഉൽപാദിപ്പിച്ച നവാവബോധം ഭൂമി സ്വന്തമാക്കാനും സർക്കാർ വക പാഴ്നിലങ്ങളിൽ കൃഷിയിറക്കാനുമുള്ള അവകാശ പ്രഖ്യാപനത്തിലേക്ക് അവരെ നയിച്ചു. മിഷനറിമാരുമായുള്ള സമ്പർക്കം പൗരത്വത്തെക്കുറിച്ച് അക്കാലത്തുയർന്നുവന്ന വ്യവഹാരങ്ങൾ ഗ്രഹിക്കാനും പൊതു ഇടങ്ങളായ റോഡുകളിലും ചന്തകളിലും മറ്റും പ്രവേശിക്കാനുമുള്ള അവകാശം ശക്തമായി ഉന്നയിക്കാനും അവരെ സജ്ജരാക്കി. ഇതൊക്കെ പിന്നീട് ശ്രീമൂലം പ്രജാസഭയിൽ വരെ അടിമജാതികൾക്ക് പ്രവേശനം സിദ്ധിക്കുന്ന അവസ്ഥയിലെത്തിച്ചു. ഫ്രഞ്ച് ചിന്തകനായ പിയറി ബോർദ്യുവിന്റെ സൈദ്ധാന്തിക പരികല്പനകളായ സാംസ്കാരിക മൂലധനം, സാമ്പത്തിക മൂലധനം, പ്രതീകാത്മക മൂലധനം, ഹാബിറ്റസ് എന്നിവയുടെ ഉൾക്കാഴ്ചകൾ ഉപയോഗപ്പെടുത്തിയാണ് സനൽ ഇക്കാര്യങ്ങളെല്ലാം അപഗ്രഥിക്കുന്നത്.

എന്നാൽ മേൽജാതി സിറിയൻ ക്രിസ്ത്യാനികളുടെ ജാതിമുഷ്ക്കിലും ക്രൂരമായ ജാതിവിവേചനത്തിലും മോഹഭംഗവും രോഷവും ശക്തമായപ്പോൾ പുലയക്രിസ്ത്യാനികളിലും പറയക്രിസ്ത്യാനികളിലും വേറിട്ട സഭകളുണ്ടാക്കാനുള്ള ഉദ്യമങ്ങളാരംഭിച്ചു. (ഉദാഹരണത്തിന് ചർച്ച് മിഷൻ സൊസൈറ്റിയിലെ സിറിയൻ ക്രിസ്ത്യാനികളുടെ എതിർപ്പ് കാരണം ദളിത് ക്രിസ്ത്യാനികൾക്ക് സി.എം.എസ് കോളേജിൽ പ്രേവശനം സാധ്യമായിരുന്നില്ല.) അങ്ങനെയുണ്ടായ ഒന്നാണ് തെന്നിന്ത്യാ സുവിശേഷസംഘം. എന്നാൽ സിറിയൻ ക്രിസ്ത്യാനികളുടെ ജാതിമേധാവിത്വത്തിനും വിവേചനത്തിനുമെതിരെ ഉയിർക്കൊണ്ട ഏറ്റവും ശക്തമായ പ്രസ്ഥാനമായിരുന്നു പൊയ്കയിൽ യോഹന്നാന്റെ പ്രത്യക്ഷരക്ഷാ ദൈവസഭ. മാർത്തോമാസഭയിൽ നിന്ന് ബ്രദർ മിഷനിലേക്കും തുടർന്ന് വേർപാട് സഭയിലേക്കും വിമോചനത്തിന്റെ വെളിച്ചം അന്വേഷിച്ചുപോയ പൊയ്കയിൽ യോഹന്നാന് അവയിലൊക്കെ അന്തർഹിതമാ

യിരിക്കുന്നത് ദുഷിച്ചു നാറിയ ജാത്യാധീശഘടനതന്നെയാണെന്ന് പെട്ടെന്നുതന്നെ ബോധ്യപ്പെട്ടു. അക്കാര്യങ്ങളിലേക്കൊന്നും വിസ്താരഭയത്താൽ കടക്കുന്നില്ല. പിന്നീട് അദ്ദേഹം 1910-ൽ രൂപവത്കരിച്ച“പ്രത്യക്ഷരക്ഷാദൈവസഭ” എന്ന ദളിത് സാമൂഹിക പ്രസ്ഥാനം മറ്റ് ദളിത് പ്രസ്ഥാനങ്ങളിൽ നിന്ന് എല്ലാ അർത്ഥത്തിലും വേറിട്ടു നിൽക്കുന്ന ഒന്നായിരുണെന്ന് സനൽ ചൂണ്ടിക്കാട്ടുന്നു. സനലിന്റെ ഗ്രന്ഥത്തിലെ മൂന്ന് അധ്യായങ്ങൾ പ്രത്യക്ഷരക്ഷാദൈവസഭയുടെ അനന്യതയും അപൂർവതയും വിശകലനം ചെയ്യാനാണ് നീക്കിവെച്ചിട്ടുള്ളത്. ബൈബിളിന്റെ വിചാരപ്രപഞ്ചത്തിൽനിന്നും ദളിത് ജീവിതലോകത്തുനിന്നും ഒരുപോലെ മൂലധാതുക്കൾ വലിച്ചെടുത്ത് പൊയ്കയിൽ യോഹന്നാൻ സൃഷ്ടിച്ച സങ്കരമതമായ പ്രത്യക്ഷരക്ഷാ ദൈവസഭയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളായി സനൽ ചൂണ്ടിക്കാട്ടുന്നത് ഇവയാണ്. ഒന്ന്, അടിമത്തത്തെക്കുറിച്ചുള്ള സ്മൃതികളുടെ അനുഷ്ഠാനപരമായ പുനരാവിഷ്കാരം. അതായത് അടിമത്തത്തിന്റെ അനുഷ്ഠാനപരമായ പുനഃസ്മൃതി (ritual re-memory) രണ്ട്, ദളിതർക്ക് എഴുതപ്പെട്ട ചരിത്രമില്ല എന്ന വസ്തുതയുടെ ജ്ഞാനശാസ്ത്രപരമായ പ്രശ്നവത്കരണം.

അടിമത്തകാലത്തെക്കുറിച്ചുള്ള അനുഷ്ഠാനപരമായ പുനഃസ്മൃതിയുടെ പ്രാധാന്യമെന്താണെന്ന് നോക്കാം. പ്രത്യക്ഷരക്ഷാ ദൈവസഭ പുനഃസ്മൃതി പ്രകടനങ്ങൾ നടത്താറുള്ളത് പ്രധാനമായും രക്ഷാനിർണയം (സഭയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്ന ചടങ്ങ്.) എന്ന ചടങ്ങിനോട് അനുബന്ധിച്ചാണ്. സഭയുടെ തുടക്കകാലത്ത് രക്ഷാനിർണയം രണ്ടു മാസം വരെ നീളുമായിരുന്നു. ഇപ്പോൾ ഒരാഴ്ചയാണ്. അടിമത്തഭൂതകാലത്തെക്കുറിച്ചുള്ള പുനഃസ്മൃതിയിലൂടെ അടിമാനുഭവങ്ങൾ അറിയാത്ത ഇപ്പോഴത്തെ തലമുറ തങ്ങളുടെ പൂർവികരുടെ നരകയാതനകളുമായി താദാത്മ്യം പ്രാപിക്കുകയാണ് ചെയ്യുന്നത്;ശാരീരികമായി ജാതി അടിമകൾ കടന്നുപോയ മഹാവേദനയുമായി പ്രത്യേകിച്ചും. അടിമക്കച്ചവടത്തെക്കുറിച്ചും അടിമസ്ത്രീ അനുഭവിച്ച പീഡപർവത്തെക്കുറിച്ചുമൊ

ക്കെയായിരിക്കും പൊതുവെ സ്മൃതികളുടെ പുനരായനം. അടിമാനുഭവത്തെ അതിന്റെ എല്ലാ വികാര തീവ്രതയോടും കൂടി നാടകീയമായി ആവാഹിച്ചുകൊണ്ടാണ് പുനഃസ്മൃതികൾ അരങ്ങേറുന്നത്. ഗവേഷണത്തിന്റെ ഭാഗമായി ഇത്തരം പുനഃസ്മൃതി അവതരണങ്ങൾ കോട്ടയം ജില്ലയിൽ വച്ചു കണ്ട സനൽ മോഹൻ എഴുതുന്നത് നെഞ്ച് തകർന്ന മട്ടിലുള്ള സ്ത്രീകളുടെ പൊട്ടിക്കരച്ചിലും തുടർന്ന് അവരിൽ ചിലർക്ക് മോഹാലസ്യം സംഭവിക്കുന്നതും കണ്ടു എന്നാണ്. പുനഃസ്മൃതി ചടങ്ങിൽ അവതരിപ്പിച്ച ഒരു ദുരന്ത കഥ (മുൻപ് യഥാർത്ഥത്തിൽ നടന്നതാകാം.) ഗ്രന്ഥകാരൻ വിശദമായിത്തന്നെ വിവരിക്കുന്നുണ്ട്. ചുരുക്കിപ്പറയാം: ഒരു അടിമസ്ത്രീ പെറ്റുകിടക്കുകയാണ്. പെറ്റിട്ട് രണ്ട് ദിവസം തികഞ്ഞിട്ടില്ല. രക്തസ്രാവം നിലച്ചിട്ടില്ല. അപ്പോൾ ജന്മി പ്രത്യക്ഷപ്പെടുന്നു. പാടത്തുപോയി കളപറിക്കാൻ ആജ്ഞാപിക്കുന്നു. ഭാര്യ തീരെ അവശയാണെന്നും ഇന്നു കൂടി വിശ്രമിക്കാൻ അനുവദിക്കണമെന്നും ഭർത്താവ് ജന്മിയോട് താണുകേണു പറയുന്നു. ജന്മി സമ്മതിച്ചില്ല. അടിമസ്ത്രീ ചോരക്കുഞ്ഞിനേയുമെടുത്ത് പാടത്തേക്കു പോകുന്നു. കുഞ്ഞിനെ ചാഞ്ഞുകിടന്ന ഒരു മരക്കൊമ്പിൽ തൊട്ടിൽക്കെട്ടി കിടത്തി അടിമസ്ത്രീ കളപറിക്കാൻ പോകുന്നു. ഇടയ്ക്കു മുലപ്പാൽ കൊടുക്കാൻ പോലും അവൾക്ക് അനുവാദമില്ല. സന്ധ്യമയങ്ങി തൊട്ടിലിനരികിലെത്തിയപ്പോൾ ആ അമ്മ കണ്ടത് ഉറുമ്പുകൾ തിന്ന് ജീവനറ്റ കുഞ്ഞിനെയാണ്. ഇത്തരം അടിമാനുഭവ ഓർമകൾക്കു പുറമെ അടിമക്കച്ചവടത്തെക്കുറിച്ചുള്ള ഓർമകളും രക്ഷാനിർണയ ചടങ്ങുകളിൽ അതിതീവ്രമായി ആവിഷ്കരിക്കപ്പെടാറുണ്ട്.

അടിമാനുഭവങ്ങളുടെ പുനഃസ്മൃതിയും പുനരായനവും അവ കേൾക്കുന്നവരുടെ അവബോധത്തെ അടിമുടി മാറ്റിത്തീർക്കുന്നു. പ്രത്യക്ഷരക്ഷാ ദൈവസഭ അടിമത്തം എന്ന പ്രമേയത്തെ തന്മയുടെ അടിസ്ഥാന അടയാളമാക്കി മാറ്റി. അറ്റ്ലാന്റിക് അടിമത്തത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച പോൾ ഗിൽറോയിയും നിരീക്ഷിക്കുന്നത് അടിമത്തത്തെക്കുറിച്ചുള്ള ഓർമകൾ കറുത്തവർഗക്കാരുടെ പ്രതിരാഷ്ട്രീയസംസ്കാരത്തിന്റെ

ഭൗതിക സ്രോതസ്സായി വർത്തിക്കുന്നു എന്നാണ്. പാശ്ചാത്യ ആധുനികതയുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലക്ക് അത്അവരെ സഹായിക്കുന്നു.

ദളിതുകൾക്ക് എഴുതപ്പെട്ട ഒരു ചരിത്രമില്ല എന്നത് അടിസ്ഥാന പ്രശ്നമായി പ്രത്യക്ഷരക്ഷാ ദൈവസഭ ഉയർത്തിക്കൊണ്ടുവന്നുവെന്നും കേരളത്തിലെ മറ്റ് അടിമജാതിപ്രസ്ഥാനങ്ങളൊന്നും ഏർപ്പെടാതിരുന്ന ചരിത്രമെഴുത്തിലൂടെ, ചരിത്രമണ്ഡലത്തിൽ ദളിതുകൾ അഭിമുഖീകരിച്ചിരുന്ന അഭാവത്തെ (lack) പ്രശ്നവത്കരിച്ചുവെന്നും സനൽ മോഹൻ എഴുതുന്നു. ഇതാണ് ഈ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ അനന്യത. അക്കാദമിക് ചരിത്രത്തിന്റെ വസ്തുനിഷ്ഠതാ ശാഠ്യങ്ങളിൽനിന്ന് ഭിന്നമായി 'ചരിത്രം രാഷ്ട്രീയം തന്നെ' എന്ന നിലപാടാണ് സഭ മുന്നോട്ടുവെച്ചത്. "കാണുന്നില്ലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി, കാണുന്നനേക വംശത്തിൻ ചരിത്രങ്ങൾ" എന്ന പൊയ്കയിൽ യോഹന്നാന്റെ മഹാസങ്കടം ചരിത്രത്തിന്റെ അഭാവമാണ് ദളിതുകളുടെ അധഃസ്ഥിതത്വത്തിനും അടിമവത്കരണത്തിനും നിദാനമെന്ന ബോധ്യത്തിനാണ് അടിവരയിടുന്നത്. ( ആനുഷംഗികമായി പറയട്ടെ, സൂസി താരുവും കെ.സത്യനാരായണയും എഡിറ്റുചെയ്ത *No Alphabet in Sight* എന്ന ഗ്രന്ഥത്തിന്റെ ശീർഷകം കാണുന്നില്ലൊരക്ഷരവും എന്നതിന്റെ പദാനുപദ തർജ്ജമയാണ്.) തങ്ങൾ ആദിദ്രാവിഡരാണെന്നും രാജ്യവും രാജാക്കന്മാരും സമ്പത്തും അധികാരവും വൈജ്ഞാനിക-ആത്മീയ ഔന്നത്യങ്ങളും ഉണ്ടായിരുന്ന ഒരു ജനതയായിരുന്നുവെന്നും ആര്യാധിനിവേശമാണ് തങ്ങളെ അടിമകളാക്കിയതെന്നുമുള്ള ചരിത്ര വ്യാഖ്യാനമാണ് സഭ മുന്നോട്ടുവെച്ചത്. ഇതിലെ സത്യാസത്യങ്ങൾ എന്തുമാകട്ടെ, രാഷ്ട്രീയ ദൗത്യമാണ് പ്രമാണബദ്ധമല്ലാത്ത ഈ ആഖ്യാനത്തിന് നിറവേറ്റാനുണ്ടായിരുന്നത്.

ഹൈന്ദവ-ക്രൈസ്തവ സ്വാധീനങ്ങളെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളും കലഹങ്ങളും കാരണം ഇന്ന് പത്തോളം പ്രത്യക്ഷരക്ഷാ ദൈവസഭകളുണ്ട്. ഇതിൽ പൊയ്കയിൽ യോഹന്നാന്റെ രണ്ടാമത്തെ പത്നി ജാനമ്മ ഹിന്ദുമതത്തിലേക്ക് 'മതം

മാറിയ' ശേഷം രൂപീകരിച്ച സഭയുമുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം സംവരണാനുകൂല്യങ്ങൾ ലഭിക്കാനായിരുന്നു ഈ മതം മാറ്റമെങ്കിലും അതോടെ പ്രസ്ഥാനത്തിന്റെ വിമോചനാത്മക തലം ക്ഷയിച്ചുവെന്ന് സനൽ മോഹൻ വിലയിരുത്തുന്നു. കാരണം, അധീശ ഹിന്ദുസമുദായത്തിനും അധീശ ക്രൈസ്തവ സഭകൾക്കും ഇടയിൽ ഈ പ്രസ്ഥാനം ചൊടിയോടെ സൃഷ്ടിച്ചെടുത്ത വിമർശസ്ഥലി അതോടെ പരമദുർബലമായിത്തീർന്നു.

കേരളത്തിലെയും ഇന്ത്യയിലെയും സ്വകാര്യ ആർക്കൈവുകൾക്ക് പുറമെ ബിർമിംഗ്ഹാം സർവകലാശാലയിലെയും ചർച്ച് മിഷനറി സൊസൈറ്റി ആർക്കൈവിലെയും ലണ്ടൻ സർവകലാശാലയിലെ സ്കൂൾ ഓഫ് ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസിലെ കൗൺസിൽ ഓഫ് വേൾഡ് മിഷൻ ആർക്കൈവിലെയും പെൻസിൽവാനിയ സർവകലാശാലയിലെ വാൻ പെൽറ്റ് ലൈബ്രറിയിലെയും ബ്രിട്ടീഷ് ലൈബ്രറിയിലെയും ന്യൂസിലാന്റിലെ മസ്സെ സർവകലാശാലയിലെ ലൈബ്രറിയിലെയും മറ്റും രേഖകൾ പരിശോധിച്ചാണ് സനൽമോഹൻ ഈ ഗ്രന്ഥം എഴുതിയത്. കൊളോണിയൽ ആധുനികതയുടെ ഇടവേള ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യയുടെ, കേരളത്തിന്റെ സമകാലികാവസ്ഥ എന്തായിരിക്കുമെന്ന ആലോചന ഒരുപക്ഷെ വായനക്കാരെ ഭയചകിതരാക്കും. നമുക്കിടയിലെ ചില സമുദായങ്ങളെ ഒരു സഹസ്രാബ്ദത്തിലധികം നിത്യനരകത്തിൽ തള്ളിയ ജാതി അടിമത്തത്തിനു നേരെ നമ്മുടെ മുഖ്യധാരാ ചരിത്രകാരന്മാർ എന്തുകൊണ്ട് മുഖം തിരിച്ചുനിന്നു എന്ന ചോദ്യം ഗ്രന്ഥപാരായണം കഴിയുമ്പോൾ ആരുടെയും മനസ്സിലുയരും. ഏതു പ്രത്യയശാസ്ത്രത്തോടുള്ള, ഏതു ചരിത്രസമീപനത്തോടുള്ള, ഏതു മേൽജാതി സമുദായത്തോടുള്ള അടിമത്തമാണ്, ഏതു ഭൂതകാല കെട്ടുപാടുകളാണ് അവരെ ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചിരിക്കുക? തെക്കൻ കേരളത്തിലെവിടെയോ നാലഞ്ചു തലമുറകൾക്കു മുമ്പ് ഊരും പേരുമില്ലാതെ ജാതി അടിമകളായി ജീവിച്ചുമരിച്ച തന്റെ പൂർവികർക്കായുള്ള ചരിത്രത്തിന്റെ വിമോചനാത്മകമായ വീണ്ടെടുപ്പാണ് സനൽ മോഹൻ ഈഗ്രന്ഥത്തിലൂടെ നിർവ്വഹിക്കുന്നത്.

SHINAS. A.M.

പുസ്തക നിരൂപണം

# കേരളാധുനികതയെ വായിക്കുമ്പോൾ

Bose, Satheese Chandra & Shiju Samvarughese, Eds. 2015.
Kerala Modernity: Ideas, Spaces and Practices in Transition, New Delhi: Orient BlackSwan, p. 237, xvi.

■ **Sreejith. K**

ഇന്ത്യൻ ആധുനികതയുടെ ചരിത്രം പൊതുവിൽ ബംഗാളി നവോത്ഥാനത്തിന്റെ ചരിത്രമായാണ് സമീപിക്കപ്പെട്ടിട്ടുള്ളത്. ബംഗാളിന് പുറത്ത് മറ്റ് ഭാഷാപ്രദേശങ്ങളിലേക്കോ സാംസ്കാരികതകളിലേക്കോ ഇത്തരം അന്വേഷണങ്ങൾ വ്യാപിക്കുന്നത് ഈ അടുത്തകാലത്താണ്. ഇതിൽതന്നെ മറാത്ത, തമിഴ് പ്രാദേശികതകൾക്കും ഈ പ്രാദേശികതകളിൽ ഊന്നി വികാസംപ്രാപിച്ച നഗരകേന്ദ്രങ്ങൾക്കും ആയിരുന്നു അന്വേഷണങ്ങളിലെ ശ്രദ്ധ. മൈസൂർ, ഹൈദരാബാദ്, കത്തിയവാഡ് തുടങ്ങിയ ഇടങ്ങളിലെ നാട്ടുരാജ്യങ്ങളെ കേന്ദ്രീകരിച്ച് 19-ാം നൂറ്റാണ്ടുമുതൽക്ക് രൂപംകൊണ്ടുവന്നിരുന്ന ഭരണ ആധുനികവത്കരണം എങ്ങനെ സാമൂഹ്യ ആധുനികതയായി പരിണമിച്ചു എന്നതും അന്വേഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമൂഹികവികസനത്തിന്റെ കാര്യത്തിൽ ഒറ്റതിരിഞ്ഞ് എന്നും നിന്നിട്ടുള്ള കേരളത്തെക്കുറിച്ച് അഥവാ മലയാള ഭാഷ സംസാരിക്കുന്നവരുടെ മാതൃഭൂമിയെക്കുറിച്ച് പഠനങ്ങൾ അപൂർവമാണ്. ഭൂപരിഷ്കരണം, സാക്ഷരത, സാമൂഹിക

തുല്യത, ലിംഗനീതി എന്നിവയുടെ കേരളത്തിലെ ചരിത്രത്തെയും വർത്തമാനത്തെയുംക്കുറിച്ച് അനവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇവയെല്ലാം എങ്ങനെ ഒരു സംഘാതമെന്നനിലയിൽ ആധുനികതയെ സൂചിപ്പിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നു എന്നതിനെ സംബന്ധിച്ച് നമുക്ക് പരിമിതമായ ധാരണകളേയുള്ളൂ. കേരളത്തിലെ ആധുനികത ആധുനികവത്കരണത്തിന്റെ ഉപോല്പന്നമായോ സൂചനയായോ ഒക്കെയാണ് മനസ്സിലാക്കപ്പെട്ടിരിക്കുന്നത്. ഇതിൽനിന്ന് അല്പംമാറിക്കൊണ്ട് കേരളാധുനികത എന്ന സംജ്ഞയെ അതിൽത്തന്നെ മനസ്സിലാക്കാനുള്ള ഒരു ധീരപരിശ്രമമായിട്ടാണ് സതീഷ്ചന്ദ്രബോസും ഷിജു സാം വർഗീസും എഡിറ്റുചെയ്ത *കേരള മോഡേണിറ്റി* എന്ന പുസ്തകത്തെ കാണേണ്ടത്.

ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സാമൂഹ്യശാസ്ത്ര അധ്യാപകനായ ഡോ. ഗോപാൽഗുരു പരിചയപ്പെടുത്തുന്ന ഈ പുസ്തകത്തിൽ പറങ്ങോടി പരിണയം മുതൽ പൈങ്കിളി സാഹിത്യം വരെയും കുരുമുളകു മുതൽ കൊച്ചി തുറമുഖംവരെയും ഉള്ള വൈവിധ്യമാർന്ന വിഷയങ്ങളെ അധികരിച്ച് പത്ത് ലേഖനങ്ങൾ സമാഹരിച്ചിരിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ ഏതാണ്ട് ഒരേകാലത്ത് എഴുതപ്പെട്ട രണ്ട് നോവലുകളായ *ഇന്ദുലേഖ*യേയും അധികം അറിയപ്പെടാത്ത *പറങ്ങോടി പരിണയ*ത്തേയും വിശകലനം ചെയ്യുക വഴി മലബാറിലെ കൊളോണിയൽ ആധുനികതയുടെ ആരംഭദിശയിലുള്ള പൊതു മണ്ഡലങ്ങളെ സൂചിപ്പിക്കുകയാണ് ഷിജു സാം വർഗ്ഗീസ് ചെയ്യുന്നത്. കിഴക്കേപ്പാട്ട് രാമൻകുട്ടിമേനോൻ എഴുതിയ *പറങ്ങോടി പരിണയം* എന്ന നോവൽ ഇന്ദുലേഖ എന്ന വിഖ്യാതമായ നോവലിന്റെ ആക്ഷേപഹാസ്യ അനുകരണമാണ്. പത്രങ്ങളിലൂടെയും സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലൂടെയും രൂപപ്പെട്ടുവരുന്ന പൊതുമണ്ഡലങ്ങളുടെ പ്രാഥമികരൂപങ്ങൾ ഈ നോവലുകളിൽ പരാമർശിക്കപ്പെടുന്നത് എങ്ങനെയാണ് എന്ന് ലേഖകൻ വെളിപ്പെടുത്തുന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ എഴുതപ്പെട്ട മറ്റൊരു നോവലായ

'സരസ്വതീ വിജയം' താഴ്ന്ന ജാതിക്കാരുടെ ജീവിതാവസ്ഥക ളെ ആധുനികതയുടെ പരിസരത്തിൽ വിവരിക്കുമ്പോൾ പറ ങ്ങോടി പരിണയവും ഇന്ദുലേഖയും നായർജാതിയിലെ ആധു നിക സങ്കൽപ്പങ്ങളെ മാത്രമേ പ്രതിപാദിക്കുന്നുള്ളൂ.

കേരള ആധുനികതയെ രൂപപ്പെടുത്തുന്നതിനെക്കുറിച്ചു ള്ള സംവാദങ്ങളിൽ ജാതികേന്ദ്രീകൃത പരിഷ്കരണ പ്രസ്ഥാ നങ്ങൾക്കുള്ള പങ്കാണ് പൊതുവെ ചർച്ച ചെയ്യപ്പെട്ടുപോരുന്ന ത്. എന്നാൽ സാങ്കേതികപരമായ മാറ്റം എങ്ങിനെ ആധുനിക തയുടെ രൂപീകരണത്തിന് സഹായിച്ചു എന്ന പഠനമാണ് തുറ മുഖനിർമ്മാണവും നഗരആധുനികതയും എന്ന വിഷയ ത്തിൽ ജസ്റ്റിൻ മാത്യു നടത്തിയിട്ടുള്ളത്. 1920 മുതൽ 1945 വരെ യുള്ള കാലയളവിൽ കൊച്ചിയിൽ ബ്രിട്ടീഷുകാർ നടത്തിയിട്ടു ള്ള തുറമുഖനിർമ്മാണമാണ് ഇതിലെ പ്രധാന പ്രതിപാദ്യവി ഷയം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യനാളുകളിൽ മാറിവന്ന രാഷ് ട്രീയ സാങ്കേതിക ചുറ്റുപാടുകളിൽ ഇന്ത്യയിലെ വരേണ്യവർ ഗ്ഗവും ബ്രിട്ടീഷുകാരും കൊച്ചിയെ ഒരു ആധുനിക തുറമുഖമാ യി വിഭാവനം ചെയ്തു. തുറമുഖനിർമ്മാണവുമായ് ബന്ധപ്പെ ട്ട് നഗരത്തിലെ സാമൂഹികവിഭാഗങ്ങൾ പ്രതികരിച്ചതിന്റെ പ ശ്ചാത്തലത്തിലാണ് തുറമുഖനിർമ്മാണവുമായ് ബന്ധപ്പെട്ട തൊഴിൽ നിയമങ്ങൾ രൂപംകൊണ്ടത്. തുറമുഖത്തൊഴിൽശ ക്തി അക്കാലത്തെ ഗ്രാമങ്ങളിൽ നിലവിലുണ്ടായിരുന്ന ജാതീ യതാൽ നിർണയിക്കപ്പെട്ടതായിരുന്നുവെന്ന് ദീപേഷ് ചക്രവർ ത്തിയുടെ ബംഗാളിലെ ജൂട്ട് ഇൻഡസ്ട്രിയെക്കുറിച്ചുള്ള പഠന ത്തെ ഓർമിപ്പിച്ചുകൊണ്ട് ജസ്റ്റിൻ മാത്യു സമർഥിക്കുന്നു.

മറ്റാല്ലായിടത്തുമെന്നപോലെ ആധുനികത കേരളത്തിൽ സജീവമായ അപരത്വങ്ങളെ നിർമിച്ചുകൊണ്ടാണ് അതിനെ സ്വയം നീതീകരിച്ചത്. സാഹിത്യത്തിലെ അപരനിർമിതിയെ ക്കുറിച്ചാണ് ആൻസിബേയുടെ ലേഖനം ചർച്ച ചെയ്യുന്നത്. ഏ റ്റവുമധികം ആളുകൾ വായിക്കുകയും ഏറ്റവുമധികം ഉൽപാദി പ്പിക്കപ്പെടുകയും ചെയ്യപ്പെട്ട ജനപ്രിയ സാഹിത്യ ജനുസ്സിനെ ക്കുറിച്ചാണ്, അതിൽത്തന്നെ മുട്ടത്തുവർക്കിയെന്ന 'രണ്ടുകൈ

കൊണ്ടും എഴുതാൻ കഴിഞ്ഞിരുന്ന' സാഹിത്യകാരനെക്കുറിച്ചാണ് ലേഖിക സംസാരിക്കുന്നത്.

1940 കൾക്ക് ശേഷം മലയാള സാഹിത്യത്തിൽ ശക്തമായ ജനപ്രിയ ഗദ്യസാഹിത്യത്തിന്റെ വളർച്ചയും ഈ സാഹിത്യം എങ്ങിനെയാണ് മലയാള സാഹിത്യത്തിന് ഒരു പുതിയ ആകൃഷ്ടത കൊണ്ടുവന്നത് എന്നുമാണ് ആൻസിബേ ഈ ലേഖനത്തിൽ അന്വേഷിക്കുന്നത്.

1990 –ന് ശേഷം കേരളത്തിൽ സംഭവിച്ച സുപ്രധാന ലൈംഗിക പീഡന കേസുകളിൽ ഒന്നായ സൂര്യനെല്ലി സ്ത്രീപീഡന കേസിനെ, കേരളത്തിലെ സ്ത്രീലൈംഗികത, ജാതീയത എന്നീ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയാണ് കാർമൽ ക്രിസ്റ്റി ചെയ്യുന്നത്.

ഇതുകൂടാതെ അമിത് പരമേശ്വരൻ, സതീഷ് ചന്ദ്രബോസ്, റേച്ചൽ വർഗീസ്, മുഹമ്മദ് ഇർഷാദ്, വിനോദ് കോട്ടയിൽ കാളിദാസൻ, ദർശന ശ്രീധർ എന്നീ ഗവേഷകരും വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്. വിഷയങ്ങൾ തമ്മിലുള്ള വൈവിധ്യം ഈ പുസ്തകത്തിന്റെ ഒതുക്കത്തെ ബാധിച്ചുകാണുന്നുണ്ടെങ്കിലും കേരളാധുനികതാ പഠനത്തിൽ സ്വീകരിക്കുന്ന സമീപനത്തിന്റെ കാര്യത്തിൽ ഈ സമാഹാരം എടുത്തുപറയേണ്ട ഒന്നാണ്.

## Note on Contributors

- **Abhilash Malayil**
  Doctoral Candidate,
  School of Humanities and Social Sciences,
  IIT, Mandi, Himachal Pradesh

- **Dr. Sunitha B. Nair**
  Assistant Professor
  Department of Economics,
  Payyanur College, Payyanur

- **Dr. Dinesan Vadakkiniyil**
  Assistant Professor
  Department of History,
  Govt. Brennen College, Thalassery

- **Dr. Rajasree. R**
  Assistant Professor
  Department of Malayalam,
  K.M.M. Govt. College, Kannur

- **Dr. Ramdas P.**
  Assistant Professor,
  Department of History,
  C.K.G. Memorial Govt. College, Perambra

- **Dr. M.P. Mujeebu Rehman**
  Assistant Professor
  Department of History
  University of Calicut

- **Dr. Sajeev. P.V.**
  Assistant Professor,
  Department of Malayalam,
  Govt. Arts and Science College, Kozhikode

- **Arun Thomas M.**
  Research Scholar,
  Department of History,
  University of Calicut

- **P. Sreekumar**
  Assistant Professor
  Dravidian University
  Kuppam, Andra Pradesh

- **Sreejith. E**
  Assistant Professor
  Department of History
  Govt. Arts & Science College, Kozhikode

- **A.M. Shinas**
  Assistant Professor
  Department of History,
  Govt. Arts and Science College, Kozhikode

- **Sreejith. K**
  Assistant Professor
  Department of History,
  Govt. Arts and Science College, Kozhikode